# ആനന്ദ വചനാമൃതം

## ഭാഗം –4

ശീ ശ്രീ ആനന്ദമൂർത്തി

വിവർത്തനം

സേതുമാധവന

# പരമ നിർദേശം

‘‘ദിവസേന രണ്ടു നേരവും നിയമാനുസാരം സാധന അനുഷ്ഠിക്കുന്ന ഏതൊരാൾക്കും ദേഹാന്തവേളയിൽ പരമപുരുഷന്റെ സ്മരണ നിശ്ചയമായും മനസ്സിൽ ഉദിക്കും. അയാൾക്ക് തീർച്ചയായും മുക്തിലഭിക്കും. ആകയാൽ ഓരോ ആനന്ദമാർഗിയും ദിവസം പ്രതി രണ്ടു പ്രാവശ്യം സാധന ചെയ്യണം. ഇതാണ് പരമേശ്വരന്റ പരമനിർദേശം. യമനിയമങ്ങൾ കൂടാതെ സാധന സാധ്യമല്ല. ആകയാൽ യമനിയമങ്ങൾ പാലിക്കണമെന്നു കൂടിയാണ് നാഥന്റെ കൽപ്പന. ഈ ആജ്ഞനിരസിച്ചാൽ അനേകകോടി വർഷങ്ങൾ മൃഗീയജീവിതത്തിന്റെ നരകയാതനകളിൽ സ്വയം വീണുഴലേണ്ടിവരും. ഇത്തരം ദുരിതാനുഭവങ്ങൾ ആരും അനുഭവിക്കാതിരിപ്പാൻ ഏവരും പരമപുരുഷന്റെ പ്രേമനിർഭരമായ അഭയകേന്ദ്രത്തിൽ പരമാനന്ദം ആസ്വദിപ്പാൻ സകലരേയും ഈ ആനന്ദമാർഗത്തിലേക്ക് ആനയിക്കാനുദ്യമിക്കേണ്ടത് ഓരോ സാധകന്റേയും അനിവാര്യമായ കർത്തവ്യമാണ്. ഈ സൽപഥത്തിലൂടെ മറ്റുള്ളവരെ നയിക്കുന്നതും സാധനയുടെ ഒരു ഘടകം തന്നെ.’’

ശ്രീ ശ്രീ ആനന്ദമൂർത്തി

# ആനന്ദ വചനാമൃതം

## ഭാഗം –4

## A'nanda Vacana'mrtam Part-4

Author: Shrii Shrii Anandamurtti

Translation from English to Malayalam by:
Sethumadhavan, Puthukode
First Edition : December 2021
Verified by : Padmanabhan & Ramkumar
Published by: Babu Thayyil and
Acarya Satyabodhananda Avadhauta
Publsihed on behalf of :
Ananda Marga Publication Committee,
Kerala.
Address: Ananda Marga Ashram
Ananda Marga Pracaraka Samgha
Nedupuzha, Thrissur

Email: ampublicationkerala@gmail.com

# പ്രസാധകക്കുറിപ്പ്

ആനന്ദമാർഗ്ഗ ഗുരുദേവനായ ശ്രീ ശ്രീ ആനന്ദ മൂർത്തിയുടെ പ്രഭാഷണങ്ങൾ രണ്ടു പ്രത്യേക ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു.

1. ധർമ്മ മഹാ ചക്രത്തിൽ (ഡി.എം.സി) നടത്തുന്ന പ്രഭാ ഷണങ്ങൾ
2. പൊതു ദർശനത്തിൽ നടത്തുന്ന പ്രഭാഷണങ്ങൾ.

ഡി.എം.സി പ്രഭാഷണങ്ങൾ പ്രത്യേക സമ്മേളനത്തിൽ ഒത്തുകൂടുന്ന നിരവധി ആനന്ദമാർഗ്ഗികൾക്കു മുൻപിൽ ഗുരു നടത്തുന്ന പ്രഭാഷണങ്ങളാണ്. ധർമ്മശാസ്ത്രവുമായി ബന്ധപെട്ട പ്രബന്ധങ്ങളിൽ പരതു ‘‘സുഭാഷിത സംഗ്രഹം’’ എന്ന പുസ്തക പരമ്പരയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പൊതു ദർശന പ്രഭാഷണങ്ങൾ, ഞായറാഴ്ചകളിലോ, മറ്റു ആഘോഷ ദിവസങ്ങളിലോ, പ്രാദേശികമായ ആശ്രമങ്ങളിലോ, ഗുരുവിന്റെ വസതിയിലോ ഒത്തുകൂടുന്ന വളരെ ചെറിയ സംഘം മാർഗ്ഗികൾക്കുമുമ്പിൽ നടത്തുന്ന ക്ലാസ്സുകളാണ്. പൊതുദർശന പ്രഭാഷണങ്ങൾ ധർമ്മശാസ്ത്രവുമായി ബന്ധപ്പെട്ടതാണ്. അതെല്ലാം ശേഖരിച്ചു പ്രസിദ്ധീകരിച്ച

താണ് ആനന്ദവചനാമൃതം. ഈ പരമ്പരയിൽ 34 ഭാഗങ്ങളുണ്ട്.

അദ്ദേഹം ലോകമാകെ സന്ദർശിച്ചിട്ടുണ്ട്. അപ്പോൾ അദ്ദേഹത്തിന്റെ വസതിയിൽ ധാരാളം മാർഗ്ഗികൾ ഒത്തുകൂടാറുണ്ട്.

ആനന്ദവചനാമൃതത്തിലെ നാലും അഞ്ചും ഭാഗങ്ങളടങ്ങിയതാണ് ഈ പുസ്തകം. പ്രഭാഷകന്റെ യഥാർത്ഥ ഭാഷയിൽ നിന്നും മറ്റൊന്നിലേക്ക് പരിഭാഷപ്പെടുത്തുമ്പോൾ അതിന്റെ ഭാവവും സൗന്ദരവും നഷ്ടപ്പെടുക എന്നത് സ്വാഭാവികമാണ്. അതിനാൽ താൽപര്യമുള്ളവർക്ക് ഇതേ പേരിൽ പ്രസിദ്ധപ്പെടുത്തിയ ഇംഗ്ലീഷ് പുസ്തകങ്ങളും ലഭ്യമാണ്.

അഭിപ്രായങ്ങളും നിർദെശങ്ങളും സ്വാഗതം ചെയ്യുന്നു.

## ഉള്ളടക്കം

1. ജനങ്ങളുടെ ദൈവം 8

2. ആത്മീയജ്ഞാനത്തിനു വേണ്ട മൂന്ന് ഉപാധികൾ 16

3. നിങ്ങളുടെ യഥാർത്ഥ സുഹൃത്ത് 21

4. പുരുഷഃ അകർത്താ(വിശ്വപുരുഷന്റെ പങ്ക് 27

5. ദൈവത്തിന്റെ പേരുകൾ (ഈശ്വരനാമങ്ങൾ) 31

6. അദ്ദേഹത്തിനു (പരമപുരുഷൻ) വേണ്ടിയുള്ള അവസാനിക്കാത്ത അന്വേഷണം. 35

7. പരമപുരുഷൻ നിങ്ങൾ വിചാരിക്കുന്നതിലും വളരെ അടുത്താണ്.. 43

8. ധർമ്മത്തെ എതിർക്കുന്നത് നാശത്തെ ക്ഷണിച്ചുവരുത്ത ലായിരിക്കും . . 47

9. പരമപുരുഷൻ ആരേയും വെറുക്കുന്നില്ല 50

10. അർത്ഥവും പരമാർത്ഥവും 55

11. ഏതാണ് ശരിയായ വഴി.... 66

12. സ്വധർമ്മെ നിധനം ശ്രേയഃ 76

13. ആത്മീയ പുരോഗതിയുടെ മൂന്നു ഘട്ടങ്ങൾ.. 86

14. തന്ത്രമാണ് സാധന, സാധനയാണ് തന്ത്രം 92

15. മനുഷ്യപുരോഗതിയുടെ നാലുഘട്ടങ്ങൾ 98

16. യേ യഥാ മാം പ്രപദ്യന്തേ... .. 104

17. ഒരു സാധകന് വേണ്ട ചുരുങ്ങിയ യോഗ്യതകൾ 118

18. വൈരാഗ്യമേവാഭയം 129

19. ദശകം ധർമ്മലക്ഷണം 138

20. സ നോ ബുദ്ധ്യാ ശുഭയാ സംയുനക്തു 131

21. ഒട്ടും ഭയപ്പെടരുത് .. 158

22. ചരൈവേതി, ചരൈവേതി.... 168

# 1.ജനങ്ങളുടെ ദൈവം

“കർമ്മാധ്യക്ഷഃ സർവ്വഭൂതാധിവാസഃ
സാക്ഷി ചേതാ കേവലോ നിർഗുണശ്ച.”

കർമ്മോത്സുകമായ ഭാവങ്ങൾ നിശ്ചിതമായ രൂപത്തിലും ആകൃതിയിലും വലുപ്പത്തിലും വരുമ്പോൾ ആ അവസ്ഥയെ ക്രിയ എന്നുപറയുന്നു. അതിനു മുൻപുള്ള നിശ്ചിതരൂപമോ ഭാവമോ വലുപ്പമോ ഇല്ലാത്ത കർമ്മോത്സുക ഭാവങ്ങളെ കർമ്മം എന്നുപറയുന്നു. നമ്മുടേതായ ഈ പ്രപഞ്ചത്തിൽ കർമ്മവും ക്രിയയും ഉണ്ട്. കർമ്മം ഇല്ലാതെയാതൊരുവിധക്രിയയും സാധ്യമല്ല. അതിനാൽ എല്ലാ പ്രകമ്പന ഭാവങ്ങളും കർമ്മോത്സുക ഭാവങ്ങളും പ്രകടനങ്ങളും പരമമായ മൂലബിന്ദുവിൽ നിന്നും വരുന്നു. എല്ലാം അദ്ദേ

ഹത്തിൽ നിന്നുവരുന്നു. അദ്ദേഹത്തിൽ സ്ഥിതി ചെയ്യുന്നു, അദ്ദേഹത്തിലേക്കു തന്നെ തിരിച്ചു പോവുന്നു. എന്നാൽ ഈ ചലനാത്മക ഭാവങ്ങൾ ഉണ്ടാവുന്നത പ്രപഞ്ചത്തിലെ പ്രവർത്തനക്ഷമമായ തത്വത്തിൽ നിന്നാണ്. ആ തത്വത്തിനകത്തെ വളരെ ചുരുങ്ങിയ രംഗ സ്ഥലത്തു മാത്രമേ പ്രവർത്തിക്കാനാവൂ. ആ രംഗ സ്ഥലം നമുക്കു നൽകുന്നത് പരമപുരുഷനാണ്. പ്രവർത്തനക്ഷമമായ ഈ തത്വം ഒരിടത്തോ എല്ലായിടത്തുമോ പ്രവർത്തിക്കുന്നില്ല. അതുകൊണ്ടാണ് പറയുന്നത് ഈ പ്രപഞ്ചം അനന്തമായ പാരാവരത്തിലെ ഒരു കൊച്ചു ദ്വീപാണെന്ന്. കർമ്മോത്സുക ഭാവങ്ങൾ ഉണ്ടാകുന്നത് പ്രപഞ്ചത്തിന്റെ പ്രവർത്തനക്ഷമമായ തത്വത്തിന്റെ സമർത്ഥമായ ഈ കൈകളിൽ നിന്നാണ്. അതും മുൻകൂട്ടിയുള്ള അനുവാദത്തോടെ മാത്രം. തീർച്ചയായും പരമപുരുഷൻ അവിടെ ഉണ്ടാവും.

പരമപുരുഷൻ വെറും അംഗീകാരം നൽകുന്ന അധിപൻ മാത്രമല്ല. മേൽനോട്ടം വഹിക്കുന്നവൻകൂടിയാണ്. അദ്ദേഹം പരമമായ മേൽ നോട്ടക്കാരനാണ്. യഥാർത്ഥ ജോലി അദ്ദേഹമല്ല ചെയ്യുന്നത്. എന്നാൽ പ്രവർത്തനക്ഷമമായ സത്ത അദ്ദേഹത്തിന്റെ അനുമതിയോടെ മാത്രം എല്ലാം ചെയ്യുന്നു. ഒരു മേൽനോട്ട

ക്കാരനെന്ന നിലയിലോ, അതിനേക്കാളുപരിയായോ എല്ലാ പ്രവർത്തനത്തിലും ഒരു സൂക്ഷ്മാവലോകനം അദ്ദേഹത്തിനുണ്ട്. അദ്ദേഹത്തിന്റെ അറിവില്ലാതെ ഒന്നും നടക്കുകയില്ല. അതുപോലെ അദ്ദേഹത്തിന്റെ അറിവില്ലാതെ ഒന്നും അവസാനിപ്പിക്കാനുമാവില്ല. അതിനാൽ അദ്ദേഹം കർമ്മാധ്യക്ഷനാണ്. കർമ്മം എന്നത് നേരത്തെ പറഞ്ഞതുപോലെ പ്രവർത്തനക്ഷമമായ പ്രകടനമാണ്. പ്രവർത്തനം എന്നത് സുദൃഢമായ സ്ഥാനചലനമാണ്. എല്ലാ കർമ്മങ്ങളും അദ്ദേഹത്തിന്റെ വ്യക്തമായ മേൽ നോട്ടത്തിലേ നടക്കൂ.

കർമ്മാധ്യക്ഷഃ സർവ്വഭൂതാധിവാസഃ

ഇന്നലെ ഞാൻ സർവ്വം എന്നതിന്റെ അർത്ഥം വ്യക്തമായി വിവരിച്ചുതന്നു. അതുപോലെ ഭൂതം എന്നതിന്റെ ആന്തരികമായ പൊരുൾ വിവരിച്ചു കഴിഞ്ഞു. ഭൂതം എന്നത് എല്ലാസൃഷ്ടികളുമാണ്. അതുപോലെ സംസ്കൃതത്തിൽ അധിവാസം എന്നതിനർത്ഥം ശരിയായ വാസസ്ഥാനം എന്നാണ്. ഇവിടെ ആ വാക്കിനർത്ഥം ഒരു സ്ഥലം അഥവാ ജീവിക്കാനാവശ്യമാ ഒരിടം എന്നതാണ് (അധി+വാസ്+ഘയിൻ). ഈ ലോകത്ത് ഓരോ സചേതന വസ്തുവിനും അചേതനവസ്തുവിനും, അഥവാ അമൂർത്തമായ ഓരോസത്തക്കും ശരിയായ വസതി

ഉണ്ടായിരിക്കും. വേർപെട്ടു നിൽക്കുന്ന സത്തയാ യാലും അതിനും സ്വന്തമായ, ശരിയായ ഒരു വസതി ഉണ്ടാവും. ഒരു വസതിയില്ലാതെ അമൂർത്തമായ യാതൊന്നിനും നിലനിൽക്കാനാവില്ല.

ഭൗതികമായ വലയത്തിൽ (ആത്മീയമോ, പരമ മായ ആധ്യാത്മികതലത്തിലോ അല്ല, വെറും ഭൗതിക മായ വൃത്തത്തിൽ) നാമെന്താണ് കാണുന്നത്? ഈ പാറ്റ്ന സിറ്റിയുടെ അധിവാസം പാറ്റ്നാജില്ലയിലാണെ ന്നുകാണാം. പാറ്റ്ന ജില്ലയുടെ അധിവാസം പാറ്റ്നാ ഡിവിഷനിലാണെന്നു കാണാം. പാറ്റ്നാ ഡിവിഷന് ബീഹാർ സ്റ്റേറ്റിലാണ് അധിവാസം. അവസാനമായി നമ്മുടെ അധിവാസം ഈ ഭൂമിയിലാണെന്നുവരുന്നു. ഭൂമിയാകുന്ന ഗ്രഹത്തിൽ. ഭൂമിയുടെ അധിവാസമാ കട്ടെ സൗരയൂഥത്തിൽ. സൗരയൂഥമാകട്ടെ പരമപുരു ഷനിലും! ഇങ്ങനെ ചിന്തിച്ചാൽ അദ്ദേഹമാണ് എല്ലാ ഭൂതങ്ങളുടേയും അധിവാസം. ഓരോസത്തയുടേയും പരമമായ അധിവാസം, അദ്ദേഹത്തിലാണ്. ഭൗതി കവും മാനസികവും അതിമാനസികവുമായ എല്ലാ ഭൂതങ്ങളുടേയും അധിവാസം - സർവ്വഭൂതാധിവാസ:

മാനസികതലത്തിൽ ഈ അധിവാസത്തിന്, ഈ അഭയസ്ഥാനത്തിന്, ഈ മനോചലനത്തിന് സംസ്കൃ തത്തിൽ ആഭോഗം എന്നുപറയുന്നു. ഭൗതികവലയ

ത്തിൽ ഭൗതികമായ ആഭോഗം ഒരത്യാവശ്യ ഘടകമാണ്. അതുപോലെത്തന്നെ മാനസികമായ വലയത്തിൽ മാനസികമായ ആഭോഗം അത്യാവശ്യമാണ്. എപ്പോഴാണോ  നമ്മുടെ മാനസിക ശരിരത്തിന മാനസികമായ ആഭോഗം നൽകുന്നതിൽ നാം പരാജയപ്പെടുന്നത് അപ്പോൾ മാനസിക ശരീരത്തിന്റെ പ്രവർത്തനം നിലക്കുന്നു. മാനസിക ശരീരത്തിന്റെ പ്രവർത്തനം നിലക്കുന്ന ഈ അവസ്ഥയെ മാനസിക ഭ്രംശനം അഥവാ ചിത്ത വൃത്തിനിരോധം എന്ന് പറയുന്നു. അത് ഒരു തരം സമാധിയാണ്. ഈ സമാധി താല്ക്കാലികമായ സമാധിയാണ്. അത് വളരെയധികം ആനന്ദം നൽകുന്നു. എന്നാൽ ഈ സമാധിയിൽ ഒരാൾ ഒരിക്കലും പരമപുരുഷനിൽ വിലയം പ്രാപിക്കുന്നില്ല.

''സർവ്വഭൂതാധിവാസഃ സാക്ഷിചേതാ

കേവലോ നിർഗുണശ്ച''

ഇവിടെ സാക്ഷി എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. സാക്ഷി എന്നാൽ നേരിൽ കാണുന്നവൻ. എന്നാൽ അദ്ദേഹം വെറും സാക്ഷിയായി നിൽക്കുന്ന സത്തയല്ല എന്ന് ഓർക്കുക. അദ്ദേഹം മേൽ നോട്ടം വഹിക്കുന്ന സത്തകൂടിയാണ്. അദ്ദേഹം ഏറ്റവും ആദ്യത്തെ ആകസ്മികാംശമാണ്. യഥാർത്ഥത്തിൽ അദ്ദേഹം യാദൃച്ഛി

കമായ ഉൽപ്പത്തി സ്ഥാനമാണ്. അല്ലാതെ പ്രവർത്തന ക്ഷമസത്തയല്ല. കാരണം അദ്ദേഹത്തിന്റെ അനുവാദമില്ലാതെ, വ്യക്തമായ സമ്മതമില്ലാതെ പ്രവർത്തനക്ഷമസത്തക്ക് പ്രവർത്തിക്കാനാവില്ല. അതിനാൽ അദ്ദേഹം സാക്ഷിയാണ്. അദ്ദേഹം എല്ലാം കാണുന്നു. കാണുകമാത്രമല്ല, എല്ലാറ്റിനും സാക്ഷിയായിനിൽക്കുന്നു. കാരണം അദ്ദേഹം പരമമായ പ്രതിഫലനസത്തയാണ്.

ചേതസ്സ്ഃ ഭൗതികപരിധിയിൽ ഭൗതികപ്രതിഫലകമായ പ്രതലം തീർച്ചയായും ഉണ്ടാവും (ഭൗതിക പ്രവർത്തനത്തെ തിരിച്ചറിയാൻ). മാനസിക പ്രവർത്തനങ്ങൾക്കും ധാരണാപരമായ പ്രതിഫലന പ്രതലം തീർച്ചയായും ഉണ്ടാവും. ആ അറിവിന്റെ ധാരണാപരമായ ഫലകമാണ് ഭൗതികവും ആത്മീയവുമായ പ്രവർത്തനങ്ങളുടെ പ്രതിഫലനം നടത്തുന്നത്. ഒരു വ്യക്തിയുടെ ബോധതലത്തിന്റെ പ്രവർത്തനരംഗം, അതായത് അറിവിന്റെ പരമമായ ഫലകം പരമപുരുഷൻ തന്നെ. പരമപുരുഷന്റെ ഈ പരമമായ പ്രതിഫലന ഫലകത്തിന്റെ സാന്നിധ്യമില്ലെങ്കിൽ ഈ പ്രപഞ്ചത്തിൽ ഒന്നിനും നിലനിൽപ്പില്ല. ഈ പരമമായ പ്രതിഫലന ഫലകമാണ് ശക്തി അഥവാ ചേതസ്സ്.

''കേവലോ നിർഗുണശ്ച''

ഒരു വിധയോഗ്യതയുമില്ലാത്തസത്ത. പ്രത്യക സ്വഭാവമില്ലാത്തസത്ത, അതൊന്നു മാത്രമേയുള്ളൂ. ഒറ്റ യായ ആ സത്തയെയാണ് കേവല അഥവാ കേവലം എന്നു വിളിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പരമമായ ധാർമ്മികസത്തമാത്രമല്ല. ഏകമായ സത്തകൂടിയാണ്. രണ്ടാമതൊരുസത്തയില്ല. അതുകൊണ്ടാണദ്ദേഹത്തെ കേവലം എന്നുപറയുന്നത്.

നിർഗുണശ്ച എല്ലാഗുണങ്ങളും അദ്ദേഹത്തിന്റെ പരിധിക്കുള്ളിൽ മാത്രം പ്രതിഫലിക്കുന്നു. അദ്ദേഹത്തിന്റെ രംഗഭൂമിയിൽ മാത്രം നടക്കുന്നു. അദ്ദേഹത്തിന്റെ താൽപര്യത്താൽ മാത്രം നടക്കുന്നു. ഈ ധർമ്മങ്ങളെല്ലാം, ഈ യോഗ്യതകളെല്ലാം അദ്ദേഹത്തിൽതന്നെ പ്രവർത്തനക്ഷമമാകുമ്പോൾ എങ്ങനെയാണ് അദ്ദേഹത്തെ നിർഗുണൻ എന്നുപറയുന്നത്? അദ്ദേഹത്തിൽ അസംഖ്യം ഗുണങ്ങൾ അടങ്ങിയിട്ടുണ്ട്. എന്നാലീ ഗുണങ്ങളെല്ലാം അളക്കാനാവാത്തതിലും അപ്പുറമാണ്. അതുകൊണ്ടാണ് അദ്ദേഹം നിർഗുണനാകുന്നത്. അതിനാൽ ഗുണങ്ങളില്ലാത്തവൻ എന്ന അർത്ഥം ഇവിടെ എടുക്കരുത്.

‘‘പ്രഭുമീശം അനീശം അശേഷ ഗുണം

ഗുണഹീനമശേഷ ഗണാഭരണം.’’

പ്രഭുമീശം – അങ്ങാണ് എല്ലാറ്റിന്റെയും നിയന്താവ് അനീശം എന്നാൽ നിങ്ങൾക്കു മുകളിൽ ഒരു നിയന്ത്രാവില്ല. അശേഷ ഗുണം – നിങ്ങളുടെ ഗുണങ്ങൾ എണ്ണമറ്റതാണ്. ഗുണഹീന – ഗുണങ്ങളുടെ പരിധിയിൽ വരുന്ന ഒരു വസ്തുവിനെ സ്വാഭാവികമായത് – ധാർമ്മികമായത്–എന്നു പറയുന്നു. എന്നാൽ നിങ്ങൾ അപ്പോഴും ഗുണങ്ങൾക്ക് പാത്രമാകുന്നതിനുമപ്പുറത്താണ്. നിങ്ങൾ അവയുടെ വളഞ്ഞുപുളഞ്ഞ കുരുക്കിനുള്ളിലല്ല. അതിനാൽ നിങ്ങൾ ഗുണഹീനനാണ്. മഹേശൻ എന്നാൽ എല്ലാ പ്രഭുക്കളുടെയും പ്രഭു എന്ന അർത്ഥമാണ്. ഗണാഭരണം – പുരാണപരമായി ദേവ ാരും ദേവിമാരും നെക്ലെസ്, മോതിരങ്ങൾ, പത്മം, ഗദ, ചക്രം തുടങ്ങിയ ഭാരമേറിയ ആഭരണങ്ങൾ ധരിച്ചവരാണ്. എന്നാൽ ജനങ്ങളുടെ ദൈവത്തിന ആഭരണങ്ങളില്ല. (അദ്ദേഹം ജനങ്ങളുടെ ദൈവമായതിനാൽ ആരാധിക്കാൻ പണം ആവശ്യമില്ല) ആഭരണങ്ങൾ വിലപിടിച്ചതാണ്. ഭക്ത ാരും പിൻഗാമികളും അനുയായികളുമാണ് അദ്ദേഹത്തിന്റെ ആഭരണങ്ങൾ. അദ്ദേഹത്തിന മറ്റ് ആഭരണങ്ങൾ ആവശ്യമില്ല. അദ്ദേഹം നിർഗുണനാണ്. കാരണം അദ്ദേഹം എല്ലാ ഗുണങ്ങളുടേയും ബന്ധനങ്ങൾക്കപ്പുറമാണ്.

പാറ്റ്ന 23.11.1978

ഉള്ളടക്കം

# 2.ആത്മീയജ്ഞാനത്തിനു വേണ്ട മൂന്ന് ഉപാധികൾ

വേദപുസ്തകത്തിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്:

ശ്രവണായാപി ബഹുഭിര്യോ ന ലഭ്യഃ

‘‘ശൃന്വന്തോപി ബഹവോ യം ന വിദ്യൂഃ

ആശ്ചര്യോ വക്താ കുശലോസ്യ ലബ്ധാ

ആശ്ചര്യോ ജ്ഞാതാ കുശലാനുശിഷ്ടഃ’’

മനുഷ്യ സമൂഹത്തിൽ വളരെകുറച്ചുമാത്രമേ ആത്മീയമായ അറിവ് സ്വായത്തമാക്കാനുള്ള അവസരം ലഭിക്കുന്നുള്ളൂ. ഇവരിൽ തന്നെ വളരെ ചെറിയ ഒരു ശതമാനത്തിനു മത്രമേ പ്രായോഗികമായ പരിശീലനം സിദ്ധിക്കുന്നുള്ളൂ. എന്തുകൊണ്ട്? ശാസ്ത്രം വളരെകുറവാണെന്നതുതന്നെ. അതിലും കുറവാണ് അത് അഭ്യസിക്കുന്നവർ. അത് പരിശീലിപ്പിക്കുന്നവരാകട്ടെ വളരെ വളരെ കുറവും.

അധ്യാത്മിക പരിശീലനം ഒരാൾ മാത്രമല്ല എല്ലാവരും നേടണമെന്നതാണ് നമ്മുടെ ആഗ്രഹം. ആത്മീയമായ അറിവുനേടാൻ, ആത്മീയാനന്ദം അനുഭവിക്കാൻ വേണ്ട ഏറ്റവും കുറഞ്ഞ യോഗ്യത ഒരാൾക്ക് ഒരു മനുഷ്യ ശരീരം വേണമെന്നുള്ളതാണ്. വെറും ഒരു മനുഷ്യ ശരീരം വേണമെന്നതു മാത്രമാണ് അടിസ്ഥാന യോഗ്യത. നിങ്ങൾക്ക് വിദ്യാഭ്യാസമുണ്ടോ, സാമൂഹ്യമായ പദവി ഉണ്ടോ എന്നതൊന്നും ഇവിടെ പ്രശ്നമല്ല. നിങ്ങൾക്ക് വേണ്ടത് ഒരു മനുഷ്യശരീരം മാത്രം.

മനുഷ്യ ശരീരമുള്ള ഒരു വ്യക്തിക്ക് താഴെപറയുന്ന മൂന്ന് അഭിലാഷങ്ങൾ ഉണ്ടായിരിക്കണം. പ്രണിപാതേന, പരിപ്രശ്നേന, സേവയാ. ഈ മൂന്ന് വസ്തുക്കളിലൂടെ ആത്മീയമായ ആനന്ദം ആസ്വദിക്കാനും ആത്മീയമായ അറിവ് നേടാനും തയ്യാറാവണം.

പ്രണിപാതേന:- പ്ര-നി-പത്-അൽ. അതായത് ഒരു വ്യക്തിക്ക് പരമപുരുഷനെ അറിയാൻ ആത്മാർത്ഥമായ ആഗ്രഹം ഉണ്ടാവണം. അദ്ദേഹത്തോട് ആത്മാർത്ഥമായ അഭിലാഷം ഉണ്ടാവണം. അതിനുവേണ്ടി എന്തും ത്യജിക്കാൻ തയ്യാറാവണം. അപ്പോൾ നമുക്കു പറയാം ഒരാൾ പ്രണിപാതേന എന്നതിന ഒരുങ്ങി എന്ന്. പ്രണിപാതേന എന്നാൽ

പൂർണ്ണമായ സമർപ്പണമാണ്. പൂർണ്ണസമർപ്പണമില്ലാതെ ഒന്നും ചെയ്യാൻ സാധ്യമല്ല. അസംസ്കൃതമായ വസ്തുക്കളിലേക്ക് പോകാനുള്ള മനുഷ്യന്റെ വാസനകളെ കടിഞ്ഞാണിട്ടുപിടിക്കാതെ ഒരാൾക്കെങ്ങനെ പരമസത്തയിലേക്ക് ചലിക്കാനാവും? അതിനാൽ ഒരു വ്യക്തി പരുക്കനായ വസ്തുക്കളിലേക്കുള്ള തന്റെ മാനസികവാസനകളെ പിൻവലിക്കണം. എന്നിട്ടതിനെ പരമപുരുഷനിലേക്ക് തിരിച്ചുവിടണം. ഇതാണ് പ്രണിപാതേന എന്നത്.

പരിപ്രശ്നേന : പരിപ്രശ്നേന എന്നാൽ ചോദ്യം ചോദിക്കലിലൂടെ എന്നർത്ഥം. ൂൗലൈേശീ എന്നതിലെ ൂൗലൈ എന്നതിനർത്ഥം അന്വേഷണം എന്നാണ്. അതിന്റെ നാമപദമാണ് ൂൗലൈേശീ. അതുപോലെ സംസ്കൃതത്തിൽ പരിപ്രശ്ന എന്നവാക്ക് പരി എന്നമൂല ധാതുവിൽ നിന്നും പ്രച്ഛ എന്നതിൽ നിന്നുമാണ് ഉണ്ടായത്. എന്താണ് പരിപ്രശ്നേന? ചിലപ്പോൾ ജിജ്ഞാസയുടെ ദാഹം ശമിപ്പിക്കാൻ നിങ്ങൾ ഒരു ചോദ്യം ചോദിക്കും. ചിലപ്പോൾ മറ്റൊരാളെ വിഡ്ഢിയാക്കാനായിരിക്കും നിങ്ങൾ ചോദ്യം ചോദിക്കുക. ഉത്തരം അറിയാവുന്നതാണെങ്കിലും മറ്റുള്ളവർ നിങ്ങളെ വിഡ്ഢിയാക്കാൻ ചില അന്വേഷണം നടത്തും. ചിലപ്പോൾ അർത്ഥമില്ലാത്ത

ചോദ്യങ്ങളായിരിക്കും നിങ്ങൾ ചോദിക്കുക. ഇതെല്ലാം വിചിത്ര രൂപത്തിലുള്ള പ്രകടനങ്ങളല്ലാതെ മറ്റൊന്നുമല്ല. അത് ചഞ്ചല സ്വഭാവമുള്ളതാണ്. ഇവയൊന്നും പരിപ്രശ്നേന അല്ല. ഇതിന് ഒരേ ഒരർത്ഥമേയുള്ളൂ. ഒരേയൊരാശയമേയുള്ളൂ. അതായത് വ്യക്തമായ മറുപടികിട്ടത്തക്കവണ്ണം ചോദ്യങ്ങൾ ചോദിക്കുക. ആ മറുപടിയാവട്ടെ നിങ്ങൾ പ്രായോഗിക ജീവിതത്തിൽ പിന്തുടരുകയും വേണം. മറുപടിക്കനുസരിച്ച് പ്രതികരിക്കുമെങ്കിൽ നിങ്ങൾക്ക് ചോദ്യങ്ങൾ ചോദിക്കാം. ആത്മീയാന്വേഷകന്റെ ചോദ്യങ്ങളെല്ലാമാണ് പരിപ്രശ്നേന. അല്ലാതെ സാധാരണ ചോദ്യമല്ല.

സേവയാ- സേവയാ എന്നാൽ സേവനത്തിലൂടെ. പരമപുരുഷനിൽ നിന്നും ആത്മീയ ശാസ്ത്രം എപ്പോഴാണോ നിങ്ങൾ പഠിക്കാനാഗ്രഹിക്കുന്നത്, നിങ്ങളെപ്പോഴാണോ അദ്ദേഹത്തിൽ നിന്നും എന്തെങ്കിലും അറിയാനാഗ്രഹിക്കുന്നത് അപ്പോൾ നിങ്ങൾ അദ്ദേഹത്തെ സംതൃപ്തിപ്പെടുത്തണം. (പരമപുരുഷന് മാത്രമേ ആത്മീയ ശാസ്ത്രം അറിയൂ. അദ്ദേഹം ധാർമ്മികോദ്ബോധനം നടത്തുന്നത് ഗുരു എന്നു വിളിക്കുന്ന ഭൗതിക ശരീരം കൊണ്ടാണ്. സത്യത്തിൽ ഈ ശാസ്ത്രം അറിയുന്നത് പരമപുരുഷനുമാത്രമാണ്. മറ്റാർക്കുമില്ല. അദ്ദേഹം സംതൃപ്തനായാൽ

മാത്രമേ മറുപടി നൽകൂ. അദ്ദേഹം നിങ്ങളെ പഠിപ്പിക്കും. വെറും കൂലിക്കുമാത്രം പ്രവർത്തിക്കുന്നവനല്ലാത്തതിനാൽ നിങ്ങൾ അയാളെ സംതൃപ്തനാക്കണം. സന്തോഷിപ്പിക്കണം. അദ്ദേഹത്തെ സംതൃപ്തനാക്കാനുള്ള ഒരേയൊരുവഴി അദ്ദേഹത്തിന്റെ മക്കളെ സംതൃപ്തരാക്കുകയാണ്. എല്ലാ ജീവജാലങ്ങളും അദ്ദേഹത്തിന്റെ മക്കളാണ്. അദ്ദേഹം എല്ലാറ്റിന്റെയും ജനയിതാവാണ്. അതുകൊണ്ട് അദ്ദേഹത്തെ സംതൃപ്തനാക്കണമെങ്കിൽ സേവനം അനുഷ്ടിക്കണം. മക്കൾക്കുള്ള നിസ്വാർത്ഥ സേവനമാണ് യഥാർത്ഥ സേവ.

നമ്മുടെ ക്രയവിക്രയങ്ങൾ രണ്ടു രീതിയിലാണ്. നിങ്ങൾ ചിലതുനൽകുന്നു അപ്പോൾ തന്നെ മറ്റു ചിലത് എടുക്കുന്നു. ഇതിനെ വാണിജ്യപരമായ കൈമാറ്റം എന്നുപറയുന്നു. രണ്ടാമതായി ഏതാനും പണം നൽകി ചിലത് വാങ്ങുന്നു. ഇതും പരസ്പരമുള്ള ക്രയവിക്രയമാണ്, കൈമാറ്റകച്ചവടമാണ്. ഇത്തരം കൈമാറ്റം ഏക പാർശ്വമാകുമ്പോൾ, അതായത് നിങ്ങൾ എന്തെങ്കിലും നൽകുന്നതിന് ഒന്നും തിരിച്ചെടുക്കാതിരുന്നാൽ അതിനെ സേവ എന്നുവിളിക്കുന്നു. സേവ എന്നത് ഒരു ഭാഗത്തേക്കു മാത്രമുള്ള കൈമാറ്റമാണ്.

ഇത് മറ്റൊരു രീതിയിലൂടെ വിശദമാക്കാം. വാണിജ്യപരമായ കൈമാറ്റത്തിൽ നിങ്ങൾ പണം നൽകുന്നു. പകരം സാധനങ്ങൾ എടുക്കുന്നു. വില കൂടിയ വസ്തുക്കൾ എടുക്കേണ്ടിവരുമ്പോൾ ധാരാളം പണം നൽകണം. അപ്പോൾ ഏറ്റവും അമൂല്യമായ ആധ്യാത്മിക ജ്ഞാനത്തെ ലഭിക്കണമെങ്കിൽ നിങ്ങൾ നിങ്ങളെത്തന്നെ നൽകണം. അല്ലാതെ പണമല്ല.

ഇവ രണ്ടിനേയും സേവയായി കണക്കാക്കുന്നു. നിങ്ങൾ ഏകപാർശ്വികമായി വിതരണം ചെയ്യുമ്പോഴും നിങ്ങളെത്തന്നെ നൽകി പകരമായി പരമപുരുഷനിൽ നിന്ന് ആത്മീയ ജ്ഞാനം വാങ്ങുമ്പോഴും സേവ തന്നെയാണ്.

അതിനാൽ ആത്മീയമായ അറിവ് നേടണമെങ്കിൽ മൂന്ന് പ്രവർത്തനങ്ങൾ നിങ്ങൾ ചെയ്യേണ്ടതുണ്ട്. അതാണ് പ്രണിപാതം, പരിപ്രശ്നം, സേവ. ഇതാണ് ആത്മീയ സമീപന രീതി.

പാട്ന 24.10.1978

ഉള്ളടക്കം

# 3. നിങ്ങളുടെ യഥാർത്ഥ സുഹൃത്ത്

ഏക ഏവ സുഹൃദ ധർമ്മ നിധനേപ്യനുയാതി യഃ . ധർമ്മം മാത്രമാണ് ശരിയായ സുഹൃത്ത്. (ഒരു രീതിയിലുള്ള സുഹൃത്ത്). ഈ സുഹൃത്ത് മരണശേഷവും നിങ്ങളിൽ അവശേഷിക്കുന്നു. ഇംഗ്ലീഷ് പദമായ ളൃശലിറ എന്നതിന് സംസ്കൃതത്തിൽ ധാരാളം അർത്ഥങ്ങളുണ്ട്.

‘‘അത്യാഗ സഹനോ ബന്ധുഃ

സദൈവാനുമതഃ സുഹൃദ്

ഏകക്രിയം ഭവേൻമിത്രം

സമപ്രാണഃ സഖാ സ്മൃതഃ

അത്യാഗ സഹനോ ബന്ധുഃ’’

– വേർപിരിയുന്നത് സഹിക്കാനാവാത്തവനാണ് ബന്ധു. സ്നേഹത്തിന്റെ കെട്ട് വളരെ ഉന്നതമാവുകയും വേർപാട് സഹിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നവനാണ് ബന്ധു. ആ കെട്ടിനെ ബന്ധനം എന്ന് സംസ്കൃതത്തിൽ പറയുന്നു. ആ ബന്ധനമാകട്ടെ നിങ്ങളിൽ നിന്നും വേറിട്ടുനിൽക്കാനാവാത്തവിധം, വേർപിരിയാനാവാത്തവിധം വളരെ ശക്തമാണ്.

ഈ ലോകത്ത് ആർക്കെങ്കിലും അഥവാ എല്ലാവർക്കും നിങ്ങളിൽ നിന്നുമുള്ള വേർപിരിയൽ സഹിക്കാനാവും. ഒരു വ്യക്തി മരിക്കുമ്പോൾ അച്ഛനും അമ്മയും സഹോദരീ സഹോദര ാരും എന്തെല്ലാം പ്രയാസങ്ങൾ കാണിക്കുന്നു. അവർ ഉറക്കെ കരയും എന്നാൽ രണ്ടു മൂന്നു ദിവസങ്ങൾക്കകം സാധാരണ നിലയിലെത്തും. അവർ സ്വന്തം ദൈനംദിന പ്രവൃത്തികളുമായിടപഴകും. അതുപോലെ കുറെ ദിവസങ്ങളോ മാസങ്ങളോ കഴിഞ്ഞാൽ മരിച്ച വ്യക്തിയെ മറക്കും. വിധവാവിവാഹം അനുവദിച്ച സമൂഹത്തിൽ സ്ത്രീ വീണ്ടും വിവാഹിതയാവും. ഇന്ത്യയിൽ ഉയർന്ന ചില ജാതിക്കാർ വിധവാ വിവാഹം അനുവദിച്ചിരുന്നില്ല. എന്നാൽ ലോകത്തിലെ മിക്ക ഭാഗത്തും ഇന്ത്യയിലെ ചില സ്ഥലങ്ങളിലും ഇത് സ്വീകാര്യമായിട്ടുണ്ട്. അതിനാൽ നിങ്ങളുടെ കുടുംബക്കാർ ആരും ബന്ധുവാണെന്ന് പറയാനാവില്ല. ഈ അർത്ഥത്തിൽ ആരും ബന്ധുവോ സുഹൃത്തോ അല്ല. ഇന്ത്യൻ രീതിയനുസരിച്ച് ഒരേയൊരു മകനുള്ള രക്ഷിതാക്കൾ മറ്റൊരു കുഞ്ഞിനെ ദത്തെടുക്കാറുണ്ട്. അതിനെയും ബന്ധു എന്നു പറയും. എന്നാൽ ജഗത് ബന്ധുവാണ് യഥാർത്ഥ ബന്ധു. പരമപുരുഷൻ മാത്രമാണ് യതാർത്ഥ ബന്ധു. കഴിഞ്ഞകാലങ്ങളിലദ്ദേഹം

നിങ്ങളെ സ്നേഹിച്ചു. ഭാവിയിലും സ്നേഹിക്കും. അദ്ദേഹം മാത്രമാണ് ബന്ധു – ജഗത്ബന്ധു.

ളൃശലിറ എന്നതിന്റെ മറ്റൊരർത്ഥം സുഹൃത്ത് എന്നാണ്. ആരോടും ഒരിക്കലും വ്യത്യസ്ഥമായ അഭി പ്രായംകാണിക്കാത്തവനാണ് സുഹൃത്ത്. ഈ ലോക ജീവിതത്തിൽ ഭാര്യാ ഭർത്താക്ക ാർ തമ്മിലും മാതാ പിതാക്കൾ തമ്മിലും അഭിപ്രായ ഭിന്നതകൾ ഉണ്ടാ വും. എന്നാൽ പരമപുരുഷനെ സംബന്ധിച്ചേടത്തോ ളം നിങ്ങൾ ചെയ്യുന്നതെന്തിനും അദ്ദേഹം സമ്മതം മൂളുകയും തലയാട്ടുകയും ചെയ്യുന്നു. എന്തുകൊണ്ടാ ണദ്ദേഹമിങ്ങനെ തലയാട്ടൽ തുടരുന്നത്? അയാൾ സത്യസന്ധനായ സുഹൃത്താണ്. ഭൗതിക മണ്ഡല ത്തിൽ അദ്ദേഹം ഒന്നും ചെയ്യുന്നില്ല. എന്നാൽ ആത്മീയ മണ്ഡലത്തിൽ അദ്ദേഹം നമുക്ക് വഴികാട്ടി യാവുന്നു. ഭൗതിക മണ്ഡലത്തിൽ നേരിട്ടൊന്നും ചെയ്യുന്നില്ല. അതുകൊണ്ടാണദ്ദേഹം നല്ലവർക്കും ചീത്തയാളുകൾക്കും സുഹൃത്താകുന്നത്. അദ്ദേഹം എപ്പോഴും സുഹൃത്താണ്. ഏക ഏവ സുഹൃദനി ധനെ അപ്യനുയാതിയ: അദ്ദേഹം മാത്രമാണ് മരണാ നന്തരവും സുഹൃത്തായി നിങ്ങളിൽ നിലനിൽക്കുന്ന ത്.

മരണശേഷം സുഹൃത്തുക്കൾ നിങ്ങളെ ശ്മശാന ത്തിലേക്ക് കൊണ്ടുപോകുന്നു. ശവം ദഹിപ്പിച്ചുകഴി ഞ്ഞാൽ അത് ചാരമായി മാറും. ചിതാഗ്നിയിൽ ജലം തളിച്ച് സുഹൃത്തുക്കൾ വീട്ടിലേക്ക് മടങ്ങും. ശ്മശാന ത്തിൽ ഉള്ള സമയത്തു മാത്രം അവർ നിങ്ങളെ ഓർക്കും. അതിനുശേഷം എല്ലാം മറക്കും. എന്നാൽ ധർമ്മം മരണശേഷവും അയാളോടൊപ്പമുണ്ടാകും. ധർമ്മത്തിനുവേണ്ടി ഈ ലോകത്ത് നിങ്ങൾ എന്തെല്ലാം ചെയ്തുവോ അതൊരിക്കലും മറക്കപ്പെടു ന്നില്ല. അതിനാൽ ഈ ലോക ജീവിതത്തിൽ നിങ്ങൾ ധർമ്മത്തിന്റെ കൈകൾക്ക് കരുത്തേകണം. ഈ പ്രപ ഞ്ചത്തിൽധർമ്മം നിങ്ങൾക്കും കരുത്തേകും. അതി നാൽ ബുദ്ധിജീവികളുടെ കടമ ധർമ്മത്തിന്റെ കൈകൾക്ക് കരുത്തേകുക എന്നതാണ്. സുഹൃത്തു ക്കളുടെ കൈകൾക്ക് നിങ്ങൾ കരുത്തേകിയാൽ അത്യാവശ്യങ്ങൾക്ക് അവർ നിങ്ങൾക്കും കരുത്ത് നൽകും.

മിത്രം:- രണ്ടു വ്യക്തികളുടെ പ്രവൃത്തികളുടെ സ്വഭാവം ഒരുപോലെയാകുമ്പോൾ അവരെ മിത്രം എന്നുപറയുന്നു. രണ്ടു ഡോക്ടർമാരോ, വക്കീൽമാരോ കച്ചവടക്കാരോ ഉണ്ടെന്ന് കരുതുക. നാം അവരെ മിത്രങ്ങൾ എന്നു വിളിക്കുന്നു. കാരണം

അവരുടെ പ്രവർത്തിയുടെ സ്വഭാവം ഒരുപോലെയാണ്. രണ്ടു കള്ള ാരും മിത്രങ്ങളാണ്. സംസ്കൃതത്തിൽ പുല്ലിംഗ ശബ്ദത്തിൽ മിത്ര എന്നാൽ സൂര്യനാണ്. അലിംഗശബ്ദത്തിൽ അതിനർത്ഥം സഹായകൻ (സഹപ്രവർത്തകൻ) എന്നാണ്. അലിംഗശബ്ദത്തിൽ മിത്രം എന്നുംപറയുന്നു.

എന്നാൽ സഖാ എന്ന പ്രയോഗത്തിൽ രണ്ട് ഭൗതിക ശരീരങ്ങളാണെങ്കിലും മനസ്സ് ഒന്നായിരിക്കും. കാരണം അവരിൽ പരസ്പരം നിറയെ സ്നേഹമായിരിക്കും. അങ്ങനെയുള്ളവരെയാണ് സഖാവ് എന്നു പറയുന്നത്. അതിനാൽപരമ പുരുഷനല്ലാതെ മറ്റൊരാൾക്കും സഖാവാകാൻ കഴിയുകയില്ല. കൃഷ്ണൻ അർജുനന്റെ സഖാവാണ്.

അങ്ങനെ ഈ ലോകത്ത് ഫ്രണ്ട് എന്നതിന്റെ നാല് അർത്ഥപദങ്ങളിൽ പരമപുരുഷനുമാത്രമേ ബന്ധുവും സുഹൃത്തും സഖാവുമാകാൻ കഴിയൂ. കുടുംബബന്ധങ്ങളിൽ നിങ്ങൾക്ക് കാണാൻ കഴിയുന്നത് മിത്രത്തെ മാത്രമാണ്. ബന്ധുവോ സുഹൃത്തോ സഖാവോ അല്ല. പരമപുരുഷനെ നിങ്ങൾക്ക് ബന്ധുവെന്നും സുഹൃത്തെന്നും സഖാവെന്നും വിളിക്കാം. അദ്ദേഹമാണ് നിങ്ങളുടെ എല്ലാം അദ്ദേഹമില്ലെങ്കിൽ നിങ്ങൾക്കൊന്നും ചെയ്യാനാവില്ല. ഒരു മത്സ്യത്തിന്

ജലവുമായുള്ള ബന്ധംപോലെയാണ് നിങ്ങൾക്ക് പരമ പുരുഷനുമായുള്ള ബന്ധം. അതിനാലദ്ദേഹത്തെമറക്കുന്നത് വ്യർത്ഥമാണ്. എപ്പോഴും അദ്ദേഹത്തെ ഓർക്കുക. ജീവിതത്തിന്റെ ഓരോ ഭാഗത്തും, ഓരോ രംഗത്തും എപ്പോഴും അദ്ദേഹത്തെ ഓർക്കുന്നതിനെ ധ്രുവ സ്മൃതി എന്നു പറയുന്നു. ഇക്കാര്യം ഒരു നിമിഷവും മറക്കരുത്. സാധനയിലൂടെ ധ്രുവസ്മൃതി വളർത്തിയെടുക്കുക. പരമപുരുഷനുമായി ഒന്നു ചേരുക. അനന്തമായ സമാധാനത്തിനു വേണ്ടി ശ്രമിക്കുക.

പാറ്റ്ന 25.11.78

ഉള്ളടക്കം

## 4. പുരുഷഃ അകർത്താ

(വിശ്വപുരുഷന്റെ പങ്ക്)

പുരുഷൻ അകർത്താ എന്ന്പറയപ്പെടുന്നു. പുരുഷൻ എന്നാലെന്താണ്? ധാരാളം വ്യാഖ്യാനങ്ങളുണ്ട്. എന്നാൽ സർവ്വസാധാരണായ വ്യാഖ്യാനം

പുരേ ശേതെ യ: സ: പുരുഷ എന്നതാണ് എല്ലാ പ്രവർത്തനങ്ങളുടേയും മധ്യബിന്ദുവായി സ്ഥിതിചെയ്യുന്നവനാരോ അദ്ദേഹമാണ് പുരുഷൻ. മറ്റൊരു വ്യാഖ്യാനമാണ് – പുരസി അസ്തിയ: സ:

പുരുഷ: ആരാണോ എല്ലാ പ്രവർത്തനങ്ങളുടേയും അഗ്രിമസ്ഥാനത്ത് നിൽക്കുന്നത് അയാളാണ് പുരുഷൻ. അതായത് പുരുഷൻ എന്നാൽ അറിവിന്റെ പ്രഭാവം. പരമമായ അന്തർദർശനം. (അവബോധം) ആ പുരുഷൻ അകർത്താവാണ്. (ഒന്നും ചെയ്യാത്തവൻ)

കർമ്മവും ക്രിയയും ബന്ധപ്പെട്ടതാണെന്ന് നിങ്ങൾക്കറിയാം. ഏതിന്റെയെങ്കിലും അവസ്ഥാഭേദത്തിനാണ് കർമ്മം എന്നും ക്രിയ എന്നും പറയുന്നത്. സ്ഥലത്തിന മാറ്റം ഉണ്ടായേക്കും. പ്രവൃത്തിമണ്ഡലത്തിന്റെ മാറ്റത്തിന കർതൃത്വം വഹിക്കുന്നവൻ, അഥവാ നിയന്ത്രിക്കുന്ന പ്രഭാവം ആണ് കർത്താവ്. (ക്രി+ട്രൻ). പുരുഷൻ അകർത്താവാണ്. അതായത് അയാൾ തനിച്ചൊന്നും ചെയ്യുന്നില്ല. മറ്റുള്ളവർ ചെയ്യുന്നത് അയാൾക്ക് ലഭിക്കുന്നു. ഇവിടെ നിങ്ങൾ ഓർക്കേണ്ടതെന്തെന്നാൽ അകർത്താവെന്നാൽ അദ്ദേഹത്തിന്റെ പങ്ക് നിഷ്ക്രിയമാണെന്ന അർത്ഥം വരുന്നില്ല. അയാൾ സജീവം തന്നെയാണ്. പക്ഷെ എല്ലാം മറ്റുള്ളവർ ചെയ്തു കൊടുക്കുന്നുവെന്നുമാത്രം.

ഉദാഹരണമായി ഒരുപലഹാരക്കടയുടമയെ എടുക്കാം. ജിലേബിയോ, രസഗുള്ളയോ ഉണ്ടാക്കുന്നില്ല. ജോലിക്കാരുണ്ട്, ഏജന്റുമാരുണ്ട്. അവരത് ഉണ്ടാക്കുന്നു. പക്ഷെ അവർ ചെയ്യുന്നത് ഉടമയുടെ

നിർദ്ദേശം അനുസരിച്ചായിരിക്കും. അത്തരത്തിലുള്ള അകർത്താവാണ് പുരുഷൻ. അദ്ദേഹം തനിച്ച് ഒന്നും ചെയ്യുന്നില്ല. എന്നാൽ അദ്ദേഹത്തിനെല്ലാം പ്രകൃതിചെയ്തു കൊടുക്കുന്നു. അതുകൊണ്ടാണ യാൾ അകർത്താവാണെന്നുപറയുന്നത്.

അദ്ദേഹം അകർത്താവാണെങ്കിൽ ക്രിയാസാക്ഷി ഭൂതവുമാണ്. എപ്പോഴൊക്കെയാണോ ഏതങ്കിലും ക്രിയ ചെയ്യുന്നത് അപ്പോഴൊക്കെ അദ്ദേഹം സാക്ഷി സത്തയും കൂടിയാണ്. ക്രിയ എന്നാൽ ഒരു പ്രവർത്ത നത്തിന്റെ(അരശേ്ീ)ആത്യന്തികമായ തീർപ്പാണ്. അതിനെ പ്രവൃത്തി എന്നുവിളിക്കുന്നു. പ്രവൃത്തിയാ ണ്ക്രിയ. പ്രവർത്തനത്തെ സംസ്കൃതത്തിൽ കർമ്മം എന്നുപറയുന്നു. എപ്പോഴൊക്കെയാണോ ഏതെങ്കിലും ക്രിയ ചെയ്യപ്പെടുന്നത് അപ്പോഴൊക്കെ അദ്ദേഹം സാക്ഷിസത്തയുമാണ്. എങ്ങനെയെല്ലാമാണ് കർമ്മം നിർവ്വഹിക്കപ്പെടുന്നത്, എങ്ങനെയൊക്കെയാണ് പ്രവർത്തനക്ഷമമായ സാക്ഷാത്കാരം ക്രിയയിൽ ആത്യന്തികമായി തീർപ്പാവുന്നത് എന്നെല്ലാം അദ്ദേഹം സമ്പൂർണ്ണമായ രീതിയിൽ വീക്ഷിക്കുന്നു. അദ്ദേഹം എല്ലാം കാണുന്നുണ്ട്. അദ്ദേഹം അന്തിമമാ യുണ്ടാക്കുന്ന തീർപ്പുകൂടി വീക്ഷിക്കുന്നു. അതായത് സാമൃക്കർമ്മന്ത : എന്നത് അയാളാൽ സാക്ഷിയാക്ക

പ്പെടുന്നു. ക്രിയാസാക്ഷിഭൂതം – അദ്ദേഹം സാക്ഷിയാവാതെ കാണാതെ ഒരു പ്രവർത്തനവും ക്രിയയുടെ പരമമായതീർപ്പിൽ എത്തുന്നില്ല. ഭാവകേന്ദ്ര സ്ഥിതഃ – ഭാവ എന്നാൽ

''ശുദ്ധ സത്ത്വ വിശേഷദ് വാ

പ്രേമ സൂര്യാംശു സാമ്യഭാക്

രുചിഭിശ്ചിത്തമാസൃണ്യ

കൃദസൗഭാവ ഉച്യതേ''

മനുഷ്യന്റെ നിലനിൽപ്പും ആത്മീയമായ ഒഴുക്കും തമ്മിലുള്ള സൂക്ഷ്മമായ അന്തരങ്ങളുടെ സമാന്തരത്വമാണ് ഭാവം. ഈ സൂക്ഷ്മ സമാന്തരത്വം ഒരു വ്യക്തിയിൽ സ്ഥാപിതമായാൽ, ഒരാൾ പറയും, അവനോ അവളോ ഭാവം നിലനിൽക്കുന്ന അവസ്ഥയിലാണെന്ന്. സാധാരണ ഹിന്ദി ഭാഷയിൽ അങ്ങനെയുള്ള വ്യക്തിയെ ഭാവുകൻ എന്നുപറയും. ഭാവം ചലനാത്മകശക്തി പ്രാപിക്കുന്നു. അത് സ്ഥിതി ചെയ്യുന്ന ഒന്നല്ല. എന്നാൽ അതിനു പിന്നിൽ അതിശക്തമായ ചലനശക്തി പ്രവർത്തിക്കുന്നു. അദ്ദേഹമാണ് അതിന്റെ കേന്ദ്രബിന്ദു. ഭാവത്തിന്റെ കേന്ദ്രബിന്ദുവാണ് അദ്ദേഹം. മയര്യേമരമ എന്ന ഇംഗ്ലീഷ് പദം കൊണ്ട് ഭാവത്തെ പ്രതിനിധീകരിക്കാനാവില്ല. അതിന്

കൂടുതൽ അർത്ഥങ്ങളുണ്ട്. ഭാവ എന്ന പദത്തിന ഒരു അർത്ഥമേയുള്ളൂ. അത ഒറ്റ അർത്ഥമുള്ള പദമാണ്. അദ്ദേഹം കേന്ദ്രബിന്ദുവാണ്. അദ്ദദ്ദേഹം ന്യൂക്ലിയസ്സാണ്. അദ്ദേഹം ഭാവത്തെ നിയന്ത്രിക്കുന്ന ശക്തിയാണ്. അതിനാൽ അദ്ദേഹം ഭാവകേന്ദ്രസ്ഥിതമാണ്. അതായത് ഭാവത്തിന്റെ കേന്ദ്രബിന്ദു.

ഗുണായന്ത്രകശ്ച : ഗുണങ്ങൾ അതായത് പ്രവർത്തന ക്ഷമമായ തത്വങ്ങൾ, അഥവാ ബന്ധന സൂത്രങ്ങൾ (കയറ്) പരമപുരുഷന്റെ ഇച്ഛക്കനുസരിച്ച് മാത്രം പ്രവർത്തിക്കുന്നു. അവരാകട്ടെ സ്വന്തം വ്യാമോഹത്തിനൊത്ത് പ്രവർത്തിക്കാൻ സ്വാതന്ത്ര്യമില്ലാത്തവരാണ്. അതിനാൽ പരമപുരുഷൻ ഗുണാധീസ എന്നറിയപ്പെടുന്നു. അതായത് എല്ലാ ഗുണങ്ങളുടേയും പ്രഭു. പ്രവർത്തനക്ഷമമായ തത്വങ്ങളുടെ പ്രഭു. പരമപുരുഷന്റെ നിർദ്ദേശവും അനുവാദവുമനുസരിച്ച, ഗുണങ്ങളാൽ നിർമ്മിക്കപ്പെടുന്ന ജീവൻ ഗുണാധീനനാണ്. അതായത് ഗുണങ്ങൾക്ക് അഥവാ കെട്ടുകൾക്ക് അധീനൻ. ജീവൻ ഗുണാധീനനും പരമപുരുഷൻ ഗുണാധീശനുമാണ്. ജീവന ഗുണങ്ങളുടെ ബന്ധനങ്ങൾക്കപ്പുറം പോകണമെങ്കിൽ അവൻ പരമപുരുഷന്റെ അഭയസ്ഥാനം സ്വീകരിക്കണം. മറ്റൊരു പോംവഴിയുമില്ല.

പാറ്റ്ന: 26.11.09

ഉള്ളടക്കം

# 5. ദൈവത്തിന്റെ പേരുകൾ (ഈശ്വരനാമങ്ങൾ)

ഈശ്വരന്റെ ഒരു പേരാണ് ഗോപാലൻ. ഗോ എന്നാൽ ബാഹ്യവും ആന്തരികവുമായ ഇന്ദ്രിയങ്ങളാണ്. പാലൻ എന്നാൽ പാലിക്കുന്നവൻ (സംരക്ഷിക്കുന്നവൻ). മനുഷ്യശരീരത്തിൽ ആന്തരികവും ബാഹ്യവുമായ അനവധി ഇന്ദ്രിയങ്ങൾ ഉണ്ടെങ്കിലും ആത്മാവില്ലെങ്കിൽ - സാക്ഷിസത്ത, സൂക്ഷ്മസത്ത അഥവാ പ്രപഞ്ചസത്ത ഇല്ലെങ്കിൽ - അത് പ്രവർത്തനക്ഷമമല്ല. ഗോപാലൻ എന്നാൽ ജീവാത്മാവ് അഥവാ അണുചൈതന്യം തന്നെ.

ഗോവിന്ദ: ഗോ എന്നതിന്റെ അർത്ഥം ആന്തരികവും ബാഹ്യവുമായ ഇന്ദ്രിയങ്ങൾതന്നെ. വിന്ദ എന്നാൽ ഒരു മൂല തത്വത്തിന്റെ സ്വാഭാവിക പ്രകടനത്തിന്റെ സാക്ഷാത്കാരത്തെ സഹായിക്കുന്ന സത്തയാണ്. അതിനാൽ ഗോവിന്ദ എന്നുപറയുന്നതും വ്യക്തിബോധം തന്നെയാണ്.

കൃഷ്ണ: കൃഷ് എന്ന മൂലക്രിയക്ക് ആകർഷിക്കുക എന്നർത്ഥമാണ്. അതായത് ഏതുസത്തയാണോ എല്ലാറ്റിനേയും പരമപുരുഷനിലേക്ക് ആകർഷിക്കുന്ന് അയാളാണ് കൃഷ്ണൻ. അതായത് പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദു. കൃഷ്ണ എന്നതിന്റെ മറ്റൊരർത്ഥം ഞാൻ എന്ന ചിന്തയാണ്. കൃഷ് എന്ന ശബ്ദത്തിന ഞാൻ നിലനിൽക്കുന്നു എന്നർത്ഥം. കൃഷ്ണ എന്നാൽ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ഞാൻ എന്റെ നിലനിൽപ്പ് അറിയുന്നു എന്നാണ്. ആ സത്തയുടെ സാന്നിധ്യത്താൽ ഞാൻ എന്നിൽ നിലനിൽക്കുന്നു എന്ന ബോധം ഉണ്ടാവുന്നു.

നാരായണ: നാരാ ശബ്ദത്തിന സംസ്കൃതത്തിൽ മൂന്ന് അർത്ഥങ്ങളുണ്ട്. ഒന്ന് വെള്ളം. മറ്റൊന്ന് ഭക്തി. മൂന്നാമത്തേത് പ്രപഞ്ചം നിലനിർത്തുന്ന സത്ത. അയന എന്നാൽ ഇരിപ്പിടം. (വാസസ്ഥാനം). അങ്ങനെ നാരായണൻ എന്നാൽ പ്രപഞ്ചസത്തയുടെ ഇരിപ്പിടം എന്നാണ്. പ്രപഞ്ചസത്തയുടെ ഇരിപ്പിടം ഏതാണ്? പരമപുരുഷൻ തന്നെ. അതിനാൽ നാരായണൻ എന്നാൽ പരമപുരുഷൻ.

മാധവൻ: സംസ്കൃതത്തിൽ മാ എന്ന ശബ്ദത്തിന രണ്ട് അർത്ഥങ്ങളുണ്ട്. ഒരർത്ഥം ഇല്ല അഥവാ അരുത് എന്നാണ്. മാഗച്ഛ എന്നാൽ പോകരുത് എന്നാ

ണ്. മാനാ എന്നാൽ ഇല്ല. മറ്റൊരർത്ഥം പ്രകൃതി അഥവാ പ്രപഞ്ചിക പ്രവർത്തനക്ഷമതത്വം. ധവ എന്നവാക്കിനും രണ്ടർത്ഥമുണ്ട്. ഒന്ന് തിളങ്ങുന്ന വെൺമ മറ്റൊരർത്ഥം ഭർത്താവ്. ഭർത്താവ് നഷ്ടപ്പെട്ട സ്ത്രീയെ വിധവ എന്നുപറയുന്നു. അതിനാൽ മാധവൻ എന്നാൽ പ്രപഞ്ചത്തിലെ പ്രവർത്തനക്ഷമതത്വത്തിന്റെ (പ്രകൃതിയുടെ) ഭർത്താവ് അതായത് പരമപുരുഷൻ.

ഹരി: പാപാനി, ഹരതി, ഇത്യർത്ഥേ ഹരി: ആരാണോ പാപത്തെ മോഷ്ടിക്കുന്നത് അയാളാണ് ഹരി. എക്സ് എന്ന വ്യക്തി ധാരാളം പാപം ചെയ്തിട്ടുണ്ടെന്ന് കരുതുക. ഈ പാപങ്ങളൊക്കെ ചെയ്തതിനു ശേഷം അയാളൊരു ഭക്തനാവുന്നു. ആത്മാർത്ഥതയുള്ള ഒരാത്മീയ സാധകൻ. പരമപുരുഷൻ എന്താണ് ചെയ്യുക? ഭക്തന്റെ എല്ലാ പാപങ്ങളും തനിക്കു തന്ന് സ്വയം പരിശുദ്ധനാവാൻ അദ്ദേഹം ആവശ്യപ്പെടും. എന്നാൽ ഭക്തൻ പറയും ഞാനെല്ലാം അങ്ങേക്കു നൽകാം. പക്ഷെ എന്റെ പാപങ്ങൾ മാത്രം തരില്ല. അത് മറ്റൊരുപാപമായിമാറും. ഞാൻ ചെയ്ത പാപങ്ങളുടെ ഫലം അനുഭവിക്കുവാൻ എന്നെ അനുവദിക്കുക. എന്നാൽ പ്രപഞ്ചസത്ത – പരമപുരുഷൻ – അയാളെ സ്നേഹിക്കു

ന്നു. അപ്പോൾ അയാളെന്താണ് ചെയ്യുക? എന്താണ് കളവ്? ഉടമസ്ഥന്റെ അനുവാദമില്ലാതെ എന്തെങ്കിലും എടുക്കുന്നതാണ് മോഷണം. അപ്പോൾ പരമപുരുഷൻ എന്താണ് ചെയ്യുക? അദ്ദേഹം അവന്റെ പാപങ്ങളെല്ലാം അനുവാദമില്ലാതെ തന്നെ എടുത്തുകളയും. സംസ്കൃതത്തിൽ മോഷണത്തിന ഹര എന്നുപറയും. അതുകൊണ്ടാണദ്ദേഹം ഹരിയായത്.

രാമ: രാമ എന്നാൽ ആനന്ദം നൽകുന്ന എന്നാണ്. യോഗിന: യസ്മിൻസ: രാമ: ആനന്ദത്തിന്റെ ഏറ്റവും നല്ല ലക്ഷ്യം രാമനാണ്. ആത്മീയഭക്തന പരമാവധി ആനന്ദം പരമപുരുഷനിൽ നിന്നും ലഭിക്കുന്നു. അതിനാൽ രാമൻ എന്നത് പരമപുരുഷൻതന്നെ. മറ്റൊരർത്ഥം രതി മഹീധര: രാമ: രാമൻ എന്നാൽ ഏറ്റവും ജ്വലിക്കുന്നസത്ത. അതായത് പരമപുരുഷൻ. മറ്റൊന്ന് രാവണസ്യ മരണം. രാമ: രാവണസ്യ എന്നതിലെ ആദ്യാക്ഷരം രാ. മരണം എന്നതിലെ ആദ്യാക്ഷരം മ. അതായത് രാമ പൗരാണിക ശാസ്ത്രമനുസരിച്ച് രാവണൻ പത്തുതലയുള്ള രാക്ഷസനാണ്. ആ പത്തുമുഖമുള്ള രാക്ഷസൻ മറ്റാരുമല്ല. പത്ത് ദിശകളിൽ പ്രവർത്തിക്കുന്ന മനുഷ്യ മനസ്സിന്റെ വാസനകളാണ്. മരണം മൃതി തന്നെ. നിങ്ങൾ പരമപുരുഷനിൽ അഭയം പ്രാപിക്കുമ്പോൾ രാവണൻ മരിക്കു

ന്നു. എല്ലാ ദുഷ്ടശക്തികളുടേയും മരണം അദ്ദേഹത്തിൽ നിക്ഷിപ്തമാണ്. എല്ലാ ദുർവാസനകളുടേയും മരണം. അതാണ് രാവണന്റെ മരണം. ഇവിടേയും രാമൻ എന്നാൽ പരമപുരുഷൻ.

പാറ്റ്ന - 27.10.21978

ഉള്ളടക്കം

# 6.അദ്ദേഹത്തിനു (പരമപുരുഷൻ)വേണ്ടിയുള്ള അവസാനിക്കാത്ത അന്വേഷണം.

മനുഷ്യൻ ചെറുതോ വലുതോ ആയ വസ്തുക്കളെപറ്റി തീർപ്പ് നടത്തുമ്പോൾ പലപ്പോഴായി തെറ്റുകൾ വരുത്തും. മനുഷ്യമനസ്സ് ഒരു ചെറിയ പരിധിക്കുള്ളിൽ ഒതുങ്ങിയതിനാൽ അവരുടെ വിധി നിർണ്ണയം ശരിയായിക്കൊള്ളണമെന്നില്ല. തുടക്കത്തിൽ തന്നെ വിധിനിർണ്ണയത്തിന്റെ അളവുകോൽ എത്ര അപര്യാപ്തമാണെന്ന് വ്യക്തമാകും. നമ്മുടെ കൈകൾ ഉപയോഗിച്ച് നദിയുടെ ആഴം എത്രയാണെന്ന് നമുക്ക് പറയാം. എന്നാൽ അതേ രീതിയിൽ സമുദ്രത്തിന്റെ ആഴം അളക്കാൻ അമിതമായി യത്നിക്കും.

വിസ്തീർണ്ണമുള്ളതും എന്നാൽ അളക്കാവുന്ന പരിധിയിൽ വരുന്നതുമായതിനെ സംസ്കൃതത്തിൽ വിശാല എന്നുപറയുന്നു. ഹിമാലയ പർവ്വതപ്രദേശം അതി ബൃഹത്താണെങ്കിലും നമുക്കതിനെ അളക്കാനാവും. തെക്കുനിന്ന് വടക്കോട്ടും കിഴക്കുനിന്ന് പടിഞ്ഞാറോട്ടും ഹിമാലയം എത്ര വ്യാപിച്ചുകിടക്കുന്നു എന്ന് നമുക്കറിയാം. എന്നാൽ ചെറിയ അളവുകോലുകൊണ്ട് അളക്കാൻ പ്രയാസമുള്ള ഒന്നിനെ ബൃഹത് എന്നു പറയുന്നു. ഇതളക്കാൻ ശ്രമിക്കുമ്പോൾ മനുഷ്യമനസ്സ് നിരാശപ്പെട്ട് തിരിച്ചുവരുന്നു. പരമപുരുഷനെ ബൃഹത് എന്നു പറയുന്നു. കാരണം മനുഷ്യ മനസ്സ് അദ്ദേഹത്തെ അളക്കാൻ ശ്രമിക്കുന്നതിനനുസരിച്ച് നിരാശരായി തിരിച്ചുവരുന്നു.

‘‘യതോവാചോ നിവർത്തന്തേ

അപ്രാപ്യ മനസാ സഹ

ആനന്ദം ബ്രഹ്മണോ വിദ്വാൻ

ന വിഭേതി കുതശ്ചന’’

പരമസത്തയെ അളക്കാനാവാതെ പരിശ്രമിച്ച് പരിശ്രമിച്ച് പരാജയപ്പെടുമ്പോൾ എനിക്കദ്ദേഹത്തെ അളക്കാനാവില്ലെന്നു പറഞ്ഞ് മനസ്സ് തിരികെ പോരുന്നു. അങ്ങനെ അദ്ദേഹത്തെ സുഹൃത് എന്നുവളിക്കുന്നു.

സത്യത്തിൽ ബൃഹത് എന്നുവിളിക്കുന്നതിനപ്പുറമാണ ദ്ദേഹം. ആരാണോ തന്റെ അടുത്തുവരുന്നത് അയാളെ തന്നോളം മഹത്തുള്ളവനും തന്റെ സ്വന്തവുമാക്കത്ത ക്കവിധം എടുത്തുപറയേണ്ടുന്നസത്തയാണദ്ദേഹം. മറ്റു സത്തകളെ തന്റെ മടിയിലേക്ക് പിടിച്ചു വലിക്കുക മാത്രമല്ല അദ്ദേഹം ചെയ്യുന്നത്. അവരുടെ സ്വന്തമായ നിലനിൽപ്പുകളെ ഇല്ലാതാക്കി അവരെ തന്നിലേക്ക് ആകർഷിക്കുന്നു. അതിനാൽ അദ്ദേഹത്തെ വിപുല എന്നുപറയുന്നു. അദ്ദേഹം വിപുല എന്നായതുപോലെ ബ്രഹ്മവുമാണ്. അദ്ദേഹത്തിന മറ്റുള്ളവരെകൂടി തന്നെപോലെ മഹാനാക്കാനുള്ള ഗുണങ്ങൾ ഇല്ലായി രുന്നുവെങ്കിൽ നമ്മൾ അദ്ദേഹത്തെ ബൃഹത് എന്നു വിളിക്കുമായിരുന്നു. ബ്രഹ്മം എന്നല്ല. അദ്ദേഹം തന്റെ നാമത്തിന്റെ പവിത്രത ധർമ്മങ്ങൾ നില നിർത്താനാ ഗ്രഹിക്കുന്നു. അദ്ദേഹത്തെ ധ്യാനിക്കുന്നവരെ, ഭക്തി യർപ്പിച്ചവരായ അനുയായികളെ തന്നോളം ഉന്നതനാ ക്കാൻ നിർബന്ധിതനാവുന്നു. അതല്ലെങ്കിൽ നാം അദ്ദേഹത്തോടപേക്ഷിക്കും ദയവു ചെയ്ത് സ്വയം ബ്രഹ്മം എന്ന് വിളിക്കുന്നത് നിർത്തൂ എന്ന്.

അനുയായികൾ (ഭക്തർ) അദ്ദേഹത്തെ ബൃഹത് എന്നു വിളിക്കുന്നു. ദിവ്യം എന്ന് അഭിസംബോധന ചെയ്യുന്നു. ദിവ്യം എന്നാൽ ദൈവീകമായ കഴിവുക

ളുള്ള എന്നർത്ഥം. എന്താണ് ദൈവീകമായ ശക്തി? സാധാരണനിത്യജീവിതത്തിൽ നാം ഉപയോഗിക്കുന്ന ബലത്തിന ശക്തി എന്നുപറയുന്നു. വൈദ്യുത ശക്തി, യാന്ത്രികശക്തി തുടങ്ങിയവ. ഇത് ഭൗതികമായ ബലം തന്നെയാണ്. എന്നാൽ ബുദ്ധിജീവികൾ ശരിയായി നിയന്ത്രിച്ചില്ലെങ്കിൽ അതിന സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുകയില്ല. മേഘങ്ങളിലുണ്ടാവുന്ന വൈദ്യുതി നിഷ്ഫലമായിപ്പോവുകയാണ്. അതാരും ഉപയോഗപ്പെടുത്തുന്നില്ല. വൈദ്യുത കേന്ദ്രങ്ങളിൽ നിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതി നാം ശരിയായി ഉപയോഗിക്കുന്നു. കാരണം അത് മനുഷ്യ ബുദ്ധിയുടെ നേട്ടം കൊണ്ടുണ്ടായതാണ്. അതുകൊണ്ടാണ് പറയുന്നത് ഭൗതിക ശക്തികൊണ്ട് ശരിയായ സേവനം നടത്തണമെങ്കിൽ, ഏതെങ്കിലും ബുദ്ധിമാനായവൻ നിയന്ത്രിക്കാൻ വേണം.

ഭൗതികശക്തി എന്നത് അന്ധമായ ശക്തിയാണ്. ഭൗതിക ശക്തിയും ദൈവികശക്തിയും തമ്മിലുള്ള വ്യത്യാസങ്ങൾ അറിയാത്തവർ, എല്ലാം പ്രകൃതിയിൽ നിന്നും വന്നതാണെന്ന് ചപലമായി സംസാരിക്കുന്നു. അതെങ്ങനെ സാധ്യമാകും? പ്രകൃതിക്ക് സ്വന്തമായി ഒരു ബുദ്ധിമണ്ഡലമില്ല. എന്നാൽ ഭൗതിക ശക്തിയാർജ്ജിക്കാനുള്ള ഒരു വഴി മാത്രമാണത്. പ്രകൃതിക്ക്

സ്വന്തമായി ഒന്നും ചെയ്യാനാവില്ല. അതിന് ശരിയായ അടുക്കും ചിട്ടയുമുള്ള ഒരു പ്രപഞ്ചത്തെ നിർമ്മിക്കാൻ പോലുമാവില്ല. അത് ബുദ്ധിപരമായ ശക്തിയല്ല. ◌ന്നാൽ അന്ധമായ ശക്തിയാണ്. ദൈവിക ശക്തി അതിനുപുറകിൽ സഞ്ചരിക്കുന്നു.

ഭൗതികശക്തിയെ നിയന്ത്രിക്കുന്ന മനസ്സ് എക്ടോപ്ലാസത്തിൽ നിന്നും പരിണമിച്ചതാണ്. ഈ എക്ടോപ്ലാസമാകട്ടെ അതിസൂക്ഷ്മായ സത്തയാൽ നിർമ്മിച്ചതാണ്. അതിനെയാണ് നമ്മൾ ദൈവിക ശക്തി എന്നു പറയുന്നത്. അതായത് പരമമായ ചാലകശക്തി. എല്ലാ ചലനശക്തിയുടേയും പുറകെ പ്രവർത്തിക്കുന്ന പരമസത്ത. ആ സത്ത വളരെ മഹത്തായതും ബൃഹത്തായതുമാണ്. ഈ നിയന്ത്രണം (നയിക്കൽ) ചില നിയമങ്ങൾക്കനുസൃതമായി, പ്രപഞ്ച നിർമ്മാണത്തിൽ കലാശിച്ചു. ഒരു കാരണവശാലും ഒരു പരിതസ്ഥിതിയിലും ഈ നിയമങ്ങൾ ലംഘിക്കാവുന്നതല്ല.

ചിലപ്പോൾ പരമപുരുഷൻ ഭൗതികശക്തിയെ മനുഷ്യരിലെ ചില ബുദ്ധിമാ ാരെ കൊണ്ട് നിയന്ത്രിക്കുന്നു. അവന്റെ ബുദ്ധി ഉപയോഗിച്ച് മനുഷ്യൻ പട്ടണങ്ങൾ നിർമ്മിക്കുന്നു. പവർ സ്റ്റേഷനുകൾ ഉണ്ടാക്കുന്നു. പലതരം സാഹസികയാത്രകൾ സംഘടിപ്പിക്കുന്നു. അങ്ങനെ പരമസത്തക്ക് മനുഷ്യ

രാൽ ചെയ്ത പ്രവൃത്തി മാത്രം കിട്ടുന്നു. മനുഷ്യജീവികൾ സ്വതന്ത്രമായി ദൈവികശക്തിയെ പറ്റി ചിന്തിക്കുന്നുവെങ്കിൽ അവർക്ക് തെറ്റി. ഒരു മഹാബുദ്ധിമാന് മുപ്പത് വിഷയങ്ങളിൽ മാസ്റ്റർ ബിരുദം ഉണ്ടെന്ന് കരുതുക. അയാൾക്ക് ബുദ്ധിഭ്രമം സംഭവിച്ചാൽ ഇതുകൊണ്ടെന്തു പ്രയോജനം. ജനങ്ങൾ അയാളെ നോക്കി പറയും. ആ മനുഷ്യൻ ഒരു ബുദ്ധിജീവിയായിരുന്നു, എന്നാലിപ്പോൾ ഒരു ഭ്രാന്തനായി എന്ന്. അതാണ് മനുഷ്യ ബുദ്ധിയുടെ പരിധി.

മനുഷ്യർ എന്തിനെക്കുറിച്ചാണോ ചിന്തിക്കുന്നത്, അഥവാ പുറംലോകത്തുനിന്ന് നാഡികളിലൂടെ എന്തറിവാണോ സ്വീകരിക്കുന്നത് അതിനെ ചിന്ത്യ എന്നുപറയുന്നു. ആരാണോ ഒരു കണ്ടാമൃഗത്തെ കാണുന്നത് അതിന്റെ ഛായ മനസ്സിൽ വീണ്ടുമുണ്ടാക്കാൻ അയാൾക്ക് കഴിയും. എന്നാൽ കണ്ടാമൃഗത്തെ തീരെക്കാണാത്തവൻ അഥവാ കാഴ്ച്ചബംഗ്ളാവുതന്നെ കാണാത്തവന അത്തരമൊരു രൂപം ചിന്തിക്കാൻ കഴിയുകയില്ല. അവർക്ക് പുറംലോകത്ത് കണ്ട രൂപങ്ങളെകുറിച്ച് മാത്രമേ ചിന്തിക്കാൻ കഴിയൂ. അതുപോലെ ഈ ബാഹ്യലോകത്ത് പരമപുരുഷനെ തന്റെ ഇന്ദ്രിയങ്ങളാൽ കാണുകയോ തിരിച്ചറിയുകയോ ചെയ്യാത്ത ഒരാൾക്ക് (കാണാനും കേൾക്കാനുമുള്ള

ഇന്ദ്രിയങ്ങൽ പരമപുരുഷൻ തന്നെ നൽകിയിട്ടുണ്ട്) അദ്ദേഹത്തെകുറിച്ച് ചിന്തിക്കുക അസാധ്യമാണ്. പുറം ലോകത്ത് അദ്ദേഹത്തെ കാണാൻ കഴിയാത്തതു കൊണ്ട് അവന ചിന്തകളിലൂടെ അദ്ദേഹത്തെ കാണാനുള്ള അവസരമില്ല. അതുകൊണ്ട് നമുക്ക് അദ്ദേഹത്തോടിങ്ങനെ പറയാം: എനിക്കങ്ങയുടെ രൂപമെന്താണെന്നറിയില്ല. എങ്കിലും ഏതുരൂപത്തിലായാലും ഞാൻ എന്റെ പ്രണാമം അയക്കുന്നു.

പരമപുരുഷൻ മനുഷ്യന്റെ ചിന്തകൾക്കുമപ്പുറം സ്ഥിതിചെയ്യുന്നു. ഭക്ത ാർ വളരെ ബുദ്ധിയുള്ളവരാണ്. എന്നാൽ ജ്ഞാനികൾ വിഡ്ഢികളും. കാരണം അവർ അവരെതന്നെ ശരിയായ ബുദ്ധിജീവികളായി പരിഗണിക്കുന്നു. അതുകൊണ്ടവർ ഏറ്റവും വലിയ വിഡ്ഢികളാണ്. അവർ നിലനിൽപ്പിനുള്ള പോരാട്ടത്തിൽ പരാജയപ്പെടുന്നു. ഭക്ത ാർ അറിയേണ്ടതെന്താണെന്ന് അറിയുന്നു. അവർ പറയുന്നു. പരമപുരുഷൻ ബുദ്ധി ജീവികൾക്കുമപ്പുറം സ്ഥിതിചെയ്യുന്നതെന്തുകൊണ്ടെന്ന് നിങ്ങൾക്കറിയുമോ? അതെ അദ്ദേഹം അചിന്ത്യനാണെന്നത് സത്യമാണ്. എന്നാൽ അദ്ദേഹം മനുഷ്യന ധാരാളം സ്വാതന്ത്ര്യംനൽകിയിട്ടുണ്ടെന്ന കാര്യം മറക്കരുത്. ജ്ഞാനികൾക്കും ജ്ഞാനത്തിനും ആഴത്തിലുള്ള പ്രേമം നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ

പ്രേമത്തിന് ശരിയായ തെളിവ് ആവശ്യമുണ്ടോ? അദ്ദേഹം മനുഷ്യരെ മുമ്പോട്ടുനയിക്കാൻ വളരെ സഹായിച്ചിട്ടുണ്ട്. അതിനാൽ എന്തുകൊണ്ടാണദ്ദേഹം അചിന്ത്യനായി സ്ഥിതിചെയ്യുന്നത്? ചിന്തയുടെ പരിധിയിലദ്ദേഹം വന്നാൽ എല്ലാ മനുഷ്യർക്കും അദ്ദേഹത്തെ പ്രാപിക്കാം. അവരുടെ വരുതിയിൽ നിർത്താം. അതവരുടെ പ്രേമത്തിന്റെ അവസാനമാകും. പിന്നീടദ്ദേഹത്തെ പ്രാപിക്കാനുള്ള ആഗ്രഹം ഉണ്ടാവില്ല. അദ്ദേഹം അചിന്ത്യനായി നിലകൊള്ളുന്നതുകൊണ്ട് അദ്ദേഹത്തെപ്രാപിക്കാൻ നിരന്തരമായ ആഗ്രഹം ഉണ്ടാകും. ഈശ്വരനെ പ്രാപിക്കാനുള്ള ഈ ആഗ്രഹം മനുഷ്യനെ ഉന്നതനും മഹാനുമാക്കി മാറ്റും. ഭക്തനെ സംബന്ധിച്ചേടത്തോളം ഇതാണതിനുള്ള കാരണം. അതുകൊണ്ടാണ് ഒരു കവിപറഞ്ഞത്:

താങ്കൾ അനന്തമായി നിലകൊള്ളുന്നു. തീർച്ചയായും ശരിയായ തീരുമാനംതന്നെ നിങ്ങൾ എന്നെന്നും അനന്തമായി നിലനിൽക്കുമ്പോളം നിങ്ങൾ ഞങ്ങളുടെ പരിധിക്കുള്ളിൽ വന്നാൽ ആർക്കും നിങ്ങളെ വീണ്ടും സ്വന്തമാക്കാനുള്ള അന്വേഷണം ഉണ്ടാവില്ല.

പ്രഭാതദർശനം – കൽക്കത്ത. 1.11.1978

ഉള്ളടക്കം

# 7.പരമപുരുഷൻ നിങ്ങൾ വിചാരിക്കുന്നതിലും വളരെ അടുത്താണ്.

ഞാൻ ആവർത്തിക്കുന്നു. ദൂരാത് സുദൂരെ തദിഹാന്തികേ ച പശ്യത്സ്വിഹൈവ നിഹിതം ഗുഹായാം.

പരമപുരുഷൻ, പരമസത്ത അതിവിശാലമാണ്. അദ്ദേഹം ഏറ്റവും വലുതിനേക്കാൾ വലുതുമാത്രമല്ല ഏറ്റവും സൂക്ഷ്മത്തേക്കാൾ സൂക്ഷ്മവുമാണ്. ഈ സത്ത മനുഷ്യ ജീവികളുടെ അടുത്താണോ, അതോ വളരെ അകലെയാണോ? ആസത്തയുടെ ഒരു പേര് വിഷ്ണു എന്നാണ്. അതിനർത്ഥം എല്ലാറ്റിലും ആവരണം ചെയ്തു നിൽക്കുന്ന സത്ത എന്നതാണ്. അദ്ദേഹം അതിസൂക്ഷ്മമായ വസ്തുവിൽപോലും ആവശ്യഘടകമാണ്. അത് ഈ പ്രപഞ്ചമാകെ മൂടിക്കിടക്കുന്ന സത്തയാണ്. അതിനാൽ വിശ്വവീക്ഷണമുള്ള ബുദ്ധിമാനായ ഒരു വ്യക്തി ഉപരിഭാവഭ്രമമോ (ടൗുല്യശീ്യശ്യേമ ഇീ്വുഹലഃ) അപകർഷതാബോധമോ (ശിളലൃശീ്യശ്യേ രീ്വുഹലഃ) പ്രകടമാകാത്ത വ്യക്തി, എല്ലാററിനേയും നോക്കിക്കാണുന്നത് പരമപു

രുഷന്റെ ആവിഷ്ക്കാരമായിട്ടാണ്. എല്ലാറ്റിനോടും ഏകതാളത്തിൽ മുന്നോട്ടു ചലിക്കാൻ ഉദ്യമിക്കുന്നു.

അദ്ദേഹം എവിടേയുമുണ്ട്. അദ്ദേഹം ദൂരെയാണെന്ന് ഒരാൾ എങ്ങനെയെങ്കിലും ചിന്തിച്ചാൽ അദ്ദേഹം അതിലും ദൂരെ സ്ഥിതിചെയ്യും. ഈ സന്ദർഭത്തിൽ ദൂരം, സുദൂരം എന്നീ രണ്ട് വാക്കുകൾ ഉപയോഗിക്കുന്നു. ദൂരം എന്നത് അകലെ. എന്നാലത് അളക്കുവാനുള്ള പരിധിക്കുള്ളിൽ വരുന്നു. അതായത് ആയിരക്കണക്കിന മൈലുകളോ പ്രകാശ വർഷങ്ങൾക്കപ്പുറമോ ആണ്. എന്നാൽ അകലം അളക്കാൻ കഴിയാതാവുമ്പോൾ ഗണിതശാസ്ത്രോപകരണങ്ങൾ പരാജയപ്പെടുമ്പോൾ സുദൂരം, അതായത് വളരെവളരെ അകലെ എന്ന് ഉപയോഗിക്കുന്നു.

ചിലആളുകൾ വിചാരിക്കുന്നു പരമപുരുഷൻ വളരെ അകലെയാണെന്ന്. തങ്ങളെ യാതൊരു ദയയും കൂടാതെ മരുഭൂമിയുടെ മൂലയിൽ തള്ളിയെന്ന്. തങ്ങളെയൊഴികെ മറ്റെല്ലാവരേയും കുറിച്ച് അദ്ദേഹം ചിന്തിക്കുന്നുവെന്ന്. അദ്ദേഹം ഓരോരുത്തരേയും പറ്റി സദാ ചിന്തിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് അവരോട് എനിക്കുള്ള മറുപടി. അദ്ദേഹം നിങ്ങളെക്കുറിച്ച് ചിന്തിക്കുന്നില്ലെങ്കിൽ നിങ്ങളെക്കുറിച്ച് ചിന്തിക്കാതിരിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുക

യായിരിക്കും. നിങ്ങളൊഴികെ മറ്റെല്ലാവരേയും കുറിച്ച് ചിന്തിക്കുന്നുവെന്ന് വിചാരിച്ചാൽ അദ്ദേഹം നിങ്ങളെ പറ്റികൂടി ചിന്തിക്കുകയാണ്. തർക്കശാസ്ത്രപരമായി പറഞ്ഞാൽ അദ്ദേഹം ആരേയും ഒഴിവാക്കാതെ എല്ലാവരെക്കുറിച്ചും ചിന്തിക്കുന്നുവെന്ന് പറയാം. എന്നിരുന്നാലും ആരെങ്കിലും പരമപുരുഷൻ അവനേയോ അവളേയോകുറിച്ച് ചിന്തിക്കുന്നില്ലെന്ന് വിചാരിച്ചാൽ അദ്ദേഹം വളരെ അകലെയുള്ള ഒരു സത്തയായി നിലനിൽക്കും.

മറ്റൊരുരീതിയിൽ പറഞ്ഞാൽ, പരമപുരുഷൻ അടുത്താണെന്ന് ആരെങ്കിലും ചിന്തിച്ചാൽ അതായത് അദ്ദേഹം ഇവിടെത്തന്നെയാണെന്ന് ചിന്തിച്ചാൽ അദ്ദേഹം വളരെ അടുത്താവും. സാമീപ്യം അളക്കാനാവില്ല. (സംസ്കൃതത്തിൽ ഇഹ എന്നാൽ ഇവിടെ. ഇഹന്തികേ എന്നാൽ അടുത്തതിന്റെയും അടുത്ത്.) നമ്മൾ പറയും ഒരു മൈൽ അകലെ, രണ്ടു അടി ദൂരെ എന്നൊക്കെ. അതിനെ ഇഹം എന്നുപറയാം. എന്നാൽ വസ്തു ദൂരം അളക്കാനാവാത്തത്രഅടുത്താവുമ്പോൾ അതിനെ ഇഹന്തികേ എന്നുപറയാം. നിങ്ങൾ പരമപുരുഷൻ വളരെ അടുത്താണെന്ന് വിചാരിക്കുക. എന്നാൽ അദ്ദേഹത്തിന്റെ സാമീപ്യം അളക്കാനാവാത്ത അത്രയും അടുത്താണെന്ന് മനസ്സിലാവും.

പശ്യത്സ്വിഹൈവനിഹിതം ഗുഹായം - ഉൾക്കാഴ്ച നേടിയവൻ, ഉള്ളിലേക്ക് നോക്കാൻ കരുത്ത് നേടിയവൻ, സാധനയിലൂടെ നാഢീവ്യൂഹത്തെ ഉള്ളിലേക്ക്കതിരിച്ചുവിട്ട്, ചിലതിനെതിരിച്ചറിയുകയും അനുഭവിക്കുകയും ചെയ്യുന്നവൻ, അവൻ തീർച്ചയായും അനുഗ്രഹീതനാണ്. ഓരോ സത്തയിലുമുള്ള ഞാൻ എന്ന ചിന്ത എന്താണ്? ഞാൻ തിന്നുന്നു, ഞാൻ സംസാരിക്കുന്നു, ഞാൻ ചെയ്യുന്നു എന്നതിലൊക്കെയുള്ള ഈ ഞാൻ എന്താണ്? അത് ആ പരമപുരുഷൻ തന്നെ. അദ്ദേഹം ഈ ചെറിയ ഞാനിൽ ഒളിഞ്ഞിരിക്കയാണ്. അതിനാൽ ഇഷ്ടമന്ത്രം ഉരുവിട്ട്, ധ്യാനിച്ച്, കീർത്തനങ്ങൾ പാടി ആ പരമപുരുഷനെന്ന ഞാൻ നെ നമ്മളിൽ ഒളിഞ്ഞിരിക്കുന്ന ചെറിയ ഞാൻ ഉമായി സമന്വയിപ്പിക്കാൻ ജനങ്ങളെല്ലാം ശ്രമിക്കുക.

ആർക്കാണോ ഈ വിചാരമില്ലാത്തത് അവർ വിചാരിക്കും, പരമപുരുഷൻ വളരെ വളരെ അകലെയാണെന്ന്. അവർ സ്വയം തൊണ്ടപൊളിയുമാറ് കരയും. എന്നാൽ അവരുടെ തേങ്ങൽ അദ്ദേഹം കേൾക്കയുമില്ല. എന്നാൽ പരമപുരുഷൻ ഓരോ ജീവജാലത്തിന്റെയും ഈ ചെറിയ ഞാൻ എന്നതിൽതന്നെ ഗൂഢമായി സ്ഥിതി ചെയ്യുന്നു എന്നതാണ് യഥാർത്ഥ

സത്യം. അതിനാൽ, ഓരോ ജീവസത്തയും ഞാൻ ആണ്. ഈ ആശയം മനസ്സിലുദിച്ചാൽ ആത്മീയാന്വേഷികൾക്ക് ആത്മീയ പരിശീലനം ആരംഭിക്കാം. ഈ പരമമായ ആശയം മനസ്സിൽ ഭദ്രമായി സൂക്ഷിച്ചാൽ അത് സാധനയുടെ പരമകാഷ്ഠയായിത്തീരുന്നു.

കൽക്കത്ത – 02.11.1978

ഉള്ളടക്കം

# 8.ധർമ്മത്തെ എതിർക്കുന്നത് നാശത്തെ ക്ഷണിച്ചുവരുത്തലായിരിക്കും

ധർമ്മം എന്നവാക്ക് സംസ്കൃതത്തിലെ ധർ+മൻ എന്നതിൽ നിന്നും ഉണ്ടായതാണ്. അതിന്റെ അർത്ഥമാണ് ഏതൊന്നിനെ ആധാരമാക്കുന്നുവോ അത് എന്ന്. അഥവാ മറ്റൊന്നിനാൽ ആധാരമാക്കുന്നതെന്തോ അത്. ഉദാഹരണമായി അഗ്നിതന്നെ എടുക്കാം. അഗ്നിയുടെ ധർമ്മം അഥവാ സ്വഭാവം ജ്വലിക്കുക എന്നതാണ്. ഈ പ്രപഞ്ചത്തിലെ ഓരോ വസ്തുവും ഒരു പ്രത്യേക ധർമ്മം കൊണ്ട് അനുഗ്രഹീതമാണ്. അത് അതിന്റെ നിലനിൽപ്പിന് ആധാരവു

മാണ്. ഈ അടിസ്ഥാന സ്വഭാവത്തിൽ നിന്ന് (ധർമ്മം) ഏതെങ്കിലും സത്തയോ വസ്തുവോ വ്യതിചലിച്ചാൽ അത് സ്വയമേവ അതിന്റെ പേരും രൂപവും മാറ്റേണ്ടിവരും. ഉദാഹരണമായി അഗ്നിക്ക് ജ്വലിക്കാനുള്ള കഴിവ് എപ്പോഴാണോ നഷ്ടമാവുന്നത് അപ്പോൾ മുതൽ അത് അഗ്നിയല്ല. നാമതിനെ അഗ്നി എന്നുവിളിക്കുന്നത് നിർത്തുന്നു. അത് ഏതുതരം ജോലിയാണോ ചെയ്യുന്നത് അതിനനുസരിച്ചാണ് നാമതിനെ വിളിക്കുക. അഗ്നി ഏതെങ്കിലും ഒന്നിനെ എരിയിക്കുന്നതിനു പകരം നനക്കുകയാണ് ചെയ്യുന്നതെങ്കിൽ നാമതിനെ തീ എന്നതിനുപകരം ജലം എന്നുവിളിക്കുന്നു. അതുകൊണ്ടാണ് പറയുന്നത് ഓരോ വസ്തുവിനും അതിന്റേതായ പ്രത്യേക ധർമ്മമുണ്ട് എന്ന്. അതിനാൽ മനുഷ്യർ അവന്റെ സാമൂഹ്യമായ ആകൃതി, സാമ്പത്തിമായതത്വങ്ങൾ, ആത്മീയ പരിശീലനം എന്നിവ യഥാർത്ഥ ജീവിതത്തിലെല്ലാം തന്നെ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ജീവിതം ധാർമ്മിക തത്വങ്ങളാൽ നിറഞ്ഞിരിക്കണം. കാരണം ധർമ്മം ദൈവീക നിയമമാണ്.

ആനക്ക് പ്രത്യേകതരം രൂപമാണ്. അത് സ്വന്തമായ രീതിയിൽ സ്നാനം ചെയ്യുന്നു. തുമ്പിക്കയിലൂടെ ജലം വലിച്ചെടുക്കുന്നു. മനുഷ്യരെപോലെ സ്വന്തം

കൈകളുപയോഗിച്ച് കുളിക്കുന്നില്ല. കാരണം അതിന്റെ ധർമ്മമനുസരിച്ച് അതിന പ്രവർത്തിക്കണം. അതുപോലെ മനുഷ്യനും ധർമ്മത്തിനനുസരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അത് ദൈവീകമായ ധാർമ്മികരീതിയാണ്. ധർമ്മത്തിന്റെ ആജ്ഞങ്ങൾക്കനുസരിച്ച് മനുഷ്യർ എന്തെല്ലാം കാര്യങ്ങൾ ചെയ്തുകൂട്ടുന്നുവോ അതെല്ലാം അവരുടെ ന യും വിജയവും ഐശ്വര്യവും ഉറപ്പാക്കുന്നതായിരിക്കണം. മനുഷ്യരിൽ രൂഢമൂലമായിരിക്കുന്ന ഈ നൈസർഗ്ഗിക സ്വഭാവത്തിനാരാണോ എതിരായിനിൽക്കുന്നത്, ധർമ്മത്തിലധിഷ്ഠിതമായ സ്വഭാവവിശേഷങ്ങൾക്കെതിരായി ആരാണോ പ്രവർത്തിക്കുന്നത് അയാൾ നാശത്തിൽ പതിക്കുന്നു. മനുഷ്യർക്ക് പരമപുരുഷനെ സാക്ഷാത്കരിക്കുക എന്നത് ധാർമ്മികമായ ഒരു സന്നിവേശമാണ്. ദൈവീകമായ കൽപ്പനയാൽ ഓരോരുത്തർക്കും അവരവരുടെ അന്തസ്സോടെ ഈ ലോകത്തിൽ ജീവിക്കാൻ അവകാശമുണ്ട്. ധർമ്മാധിഷ്ഠിതമായ ഈ രീതിക്ക് ആരെങ്കിലും തടസ്സങ്ങൾ ഉന്നയിക്കുമ്പോൾ, അതിനെ എതിർക്കുമ്പോൾ അവർ തീർച്ചയായും നശിപ്പിക്കപ്പെടും.

നിങ്ങൾക്ക് വളരെ ശ്രമാനുഗതമായ ധ്യാനരീതിയും ധർമ്മത്തിലധിഷ്ഠിതമായ മറ്റു ആത്മീയ പരി

ശീലനങ്ങളും ലഭിച്ചുകഴിഞ്ഞു. ഏതെങ്കിലും വ്യക്തികളോ സംഘമോ - അവർ എത്ര ശക്തരായാലും - നിങ്ങളെ അടിച്ചമർത്താൻ ശ്രമിക്കുകയോ അതിൽ വിജയിക്കുകയോ ചെയ്യുന്നുവെങ്കിൽ അവർ നശിക്കാൻ നിയോഗിക്കപ്പെട്ടവരാണ്. പലതരത്തിലുള്ള അധ:പതനവും കഴിഞ്ഞകാലത്ത് ഇത്തരക്കാർക്ക് സംഭവിച്ചു എന്നതിന് ചരിത്രം സാക്ഷിയാണ്. ആരും വിജയശ്രീലാളിതരാവുന്നില്ല. നിങ്ങളുടെ ശക്തി ഉപയോഗിച്ച് മുന്നോട്ടു പോകൂ. ഉറച്ച കാൽവെപ്പോടെ തല ഉയർത്തി മുന്നേറൂ. എപ്പോഴും ഓർക്കുക! ധർമ്മം എപ്പോഴൊക്കെ നിങ്ങളോടൊപ്പമുണ്ടോ ആരുതന്നെ എതിർത്താലും അവരെല്ലാം തറപറ്റും. അവരുടെ നാശം ഒരവശ്യഘടകമാണെന്ന കാര്യം ഉറപ്പാണ്.

കൽക്കത്ത - 03.11.78

ഉള്ളടക്കം

## 9.പരമപുരുഷൻ ആരേയും വെറുക്കുന്നില്ല

പരമപുരുഷന്റെ അതിവിശാലവും വിപുലവുമായ ശരീരത്തിന്റെ ഭാഗമാണ് താനും എന്ന് ഒരാൾ എപ്പോ

ഴാണോ ഓർക്കുന്നത്, അപ്പോൾ അയാളുടെ മനസ്സിന് യാതൊരുവിധ വക്രതയും ഉണ്ടാവില്ല. മറ്റുള്ളവർ അയാളെ വിമർശിച്ചാലും കുറ്റംപറഞ്ഞാലും വിഡ്ഢി യായി പരിഗണിച്ചാലും, ഇരപ്പാളിയും, അപ്രധാനിയും മൃതനുമായി കണക്കാക്കിയാലും അയാൾ പതറില്ല. മനുഷ്യരെല്ലാം അപൂർണ്ണരാണ്. പരമപുരഷൻ മാത്ര മാണ് പരിപൂർണ്ണൻ. എന്നാലും എത്രയധികം അയാൾ പരമപുരുഷനോടടുക്കുന്നുവോ അത്രത്തോളം അയാൾ അപൂർണ്ണതയിൽ നിന്നും മുക്തനാവുന്നു. എപ്പോഴാണോ അയാൾ പൂർണ്ണമായും തെറ്റുകളിൽ നിന്നും മുക്തനാവുന്നത് അപ്പോൾ അയാളും പരമപു രുഷനും ഒന്നായിത്തീരുന്നു. പരമപുരുഷനിൽ നിന്നും വേർപെട്ടു നിൽക്കുന്ന ഒരവസ്ഥ പിന്നീടുണ്ടാവില്ല. സാധാരണഗതിയിൽ മനുഷ്യൻ സാധകനായി നില കൊള്ളുമ്പോൾ, അയാളിൽ ചെറുതോ വലുതോ ആയതെറ്റുകൾ സംഭവിച്ചേക്കും. ഈ പോരായ്മക ളിൽ ചിലത് അയാളെ പാപത്തിലേക്ക് നയിക്കും. സമൂഹം അത്തരം പാപികളെ വിമർശിക്കും. ഈ വിമർശനത്തിന മറ്റൊരുവശമുണ്ട്. ഇത് പാപം ചെയ്യു ന്നത് മുടക്കുന്ന രീതിയിൽ പ്രവർത്തിക്കും. അത് അയാളെ അപമാനിക്കുന്ന രീതിയിലോ നാണം കെടു ത്തുന്നതുപോലെയോ ആയിത്തീരും. എന്നിരുന്നാലും അത്തരം പാപികൾ ഒരു കാര്യം ഓർക്കണം സമൂഹം

അവരെ വെറുത്താലും അപമാനിച്ചാലും പരമപുരുഷന അപ്രകാരം ചെയ്യാൻ സാധിക്കുകയില്ല. കാരണം അവരും അദ്ദേഹത്തിന്റെ സന്തതികളാണ്. ഏതു നിമിഷത്തിലാണോ ഒരാൾ ഇപ്രകാരം ചിന്തിക്കുന്നത് ആ നിമിഷം മുതൽ അയാൾ പാപത്തിൽ നിന്നും വിരമിക്കുന്നു. മനുഷ്യ ജീവികൾക്ക് പാപങ്ങളിൽ നിന്നും മുക്തനാവാനുള്ള ശരിയായവഴി എപ്പോഴും അവർ പരമപുരുഷന്റെ സന്തതികാളാണെന്നോർക്കുകയാണ്.

ലോകത്തിലുള്ളവരെല്ലാം എന്നെ അധമനായിക്കാണുകയും പുറംതള്ളാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ എനിക്ക് തീർച്ചയായും പരമപുരുഷന്റെ മടിയിൽ ഒരു ഇരിപ്പിടം ഉണ്ടാവും. അതെന്റെ ജ ാവകാശമാണ്. അങ്ങനെവരുമ്പോൾ ഒരു കാരണവശാലും മനുഷ്യർക്ക് പരമപുരുഷനുമായുള്ള ബന്ധം വളച്ചൊടിക്കാനോ ഇടങ്കോലിടാനോ കഴിയുകയില്ല. ഒരിക്കലും പരമപുരുഷൻ അവരെ വെറുക്കുന്നു എന്ന് വിചാരിക്കരുത്. അദ്ദേഹത്തിന ആരേയും വെറുക്കാനാവില്ല. കാരണം എല്ലാവരും അദ്ദേഹം സ്നേഹിക്കുന്ന മക്കളാണ്. കുറ്റം ചെയ്താൽ രക്ഷിതാക്കൾ മക്കളെ ശിക്ഷിക്കും. പക്ഷെ ഒരിക്കലും അവരെ വെറുക്കാൻ കഴിയുകയില്ല. അതുപോലെ പരമപുരുഷനും വഴക്കു പറഞ്ഞേക്കാം. പക്ഷെ ഒരിക്കലും വെറുക്കുകയില്ല.

ചിലപ്പോൾ രക്ഷിതാക്കൾ കോപത്തോടെ കുട്ടികളെ വഴക്കുപറയും ഹേഅധമാ നീ പോയി തുലയൂ എന്ന്. പക്ഷെ ആത്മാർത്ഥമായി അവർ പറയുന്നതു പോലെ നടക്കാനാഗ്രഹിക്കുകയില്ല. അതവരുടെ നാവിൽനിന്നുള്ള വാക്കുകൾ മാത്രം. മനസ്സിന്റെയല്ല. ഇത്തരം വഴക്കുപറയുന്ന രക്ഷിതാക്കൾ, സ്വന്തം മക്കൾക്ക് നേരിയ അസുഖമോ, ദു:ഖമോ ഉണ്ടായാൽ ആകെ അസ്വസ്ഥരാകും. അയ്യോ എന്റെ കുഞ്ഞിനെ ന്തുപറ്റി എന്തുചെയ്യണമെന്നറിയില്ലല്ലോ എന്നിങ്ങനെ വിലപിക്കും. ഇത് കുഞ്ഞിനോടുള്ള അതിയായ സ്നേഹം കാണിക്കുന്നു.

പരമപുരുഷന രണ്ടുകാര്യങ്ങൾ ചെയ്യാൻ കഴിയി ല്ലെന്ന് എപ്പോഴും ഓർക്കുക. ഒന്നാമതായി അദ്ദേഹ ത്തിനൊരിക്കലും മറ്റൊരുപരമപുരുഷനെ സൃഷ്ടി ക്കാൻ സാധ്യമല്ല. ഭക്തിയിലൂടെ ആരെങ്കിലും അതിവി ശാലമായ പരമപുരുഷനാവാൻ ശ്രമിച്ചാൽ അയാൾ പരമപുരുഷനായിത്തീരുന്നു. അയാളുമായി ഒന്നായി ത്തീരുന്നു. അതിനാൽ പരമപുരുഷൻ എന്നും ഒന്നുമാ ത്രമായിരിക്കും. ഒന്നുമാത്രം! രണ്ട് എന്നൊന്നില്ല. രണ്ടാമതായി അയാൾക്കാരേയും വെറുക്കാൻ (ആഗ്ര ഹിച്ചാൽതന്നെ - ഉദാഹരണമായി സ്ഥിരീകരിക്കപ്പെട്ട ഒരു പാപി) - അദ്ദേഹത്തിനൊരിക്കലും സാധ്യമല്ല.

ഒരു സാഹചര്യത്തിലും പരമപുരുഷന് ഈ രണ്ടുകാര്യങ്ങൾ ചെയ്യാൻ കഴിയില്ല.

ഇതിനെ വ്യക്തമാക്കാൻ ആശ്ചര്യകരമായ ഒരുകഥയുണ്ട്. ഒരിക്കൽ രണ്ടു കുറുക്ക ാർ വിചാരിച്ചു. എന്തുകൊണ്ടാണ് എല്ലാവരും ഈ വഴിയിലൂടെ പോകുന്നത്? എല്ലാവരും എങ്ങോട്ടാണ് പോകുന്നത്? അന്വേഷണത്തിൽ അവർ മനസ്സിലാക്കി അവരെല്ലാം കോടതിയിൽ കേസ് ഫയൽ ചെയ്യാൻ പോകുകയാണെന്ന്. എന്തുകൊണ്ടാണ് നമ്മൾ മനുഷ്യരേക്കാളും താഴ്ന്നവരായത്? അവർ ചിന്തിച്ചു. നമ്മളും കോടതിയിൽ പോയി കേസ് ഫയൽ ചെയ്ത് വാദിക്കണം. എങ്കിൽ നമ്മളും അവരെപോലെയാവും. അങ്ങനെ ഒരുകുറുക്കൻ പറഞ്ഞു: മരത്തിൽ നിന്ന് അടുത്ത പഴം വീഴുമ്പോൾ ഞാനത് പിടിച്ചു പറിച്ച് തിന്നാൻ തുടങ്ങും. നീ ഉടനെ അതിനെ എതിർക്കണം. അതെന്റെ പഴമാണെന്നും നിന്നെ അതൊരിക്കലും തിന്നാൻ അനുവദിക്കുകയില്ലെന്നും ഉറക്കെ വിളിച്ചു പറയണം. അങ്ങനെ നമുക്ക് കോടതിയിൽ വാദം തുടങ്ങാം. നിയമത്തിന്റെ കോടതിയിൽ തീരുമാനമെടുക്കാം . അങ്ങനെ കൃത്രിമമായ ഒരു കലഹം ഉണ്ടാക്കാൻ അവർ തീരുമാനിച്ചു. അല്പ സമയം കഴിഞ്ഞപ്പോൾ ഒരു പഴം വീണു. സുഹൃത്ത് അതെടുത്തുകഴി

ക്കാൻ തുടങ്ങിയപ്പോൾ കൂട്ടുകാരൻ അതിനെ എതിർത്തില്ല. ആദ്യത്തെ കുറുക്കൻ ചോദിച്ചു നമ്മൾ തീരുമാനിച്ചപോലെ നീ എന്താണ് എന്നെ എതിർക്കാത്തത്? പഴം നിന്റേതാണെന്ന് എന്തുകൊണ്ട് പറയുന്നില്ല . രണ്ടാമത്തെ കുറുക്കൻ പറഞ്ഞു. നിനക്ക് പഴം തിന്നാനാഗ്രഹമുണ്ടെങ്കിൽ ഭക്ഷിക്കുക. എനിക്ക് യാതൊരു വിഷമവുമില്ല . പരസ്പരം കലഹിക്കാൻ കഴിയാത്തതുകൊണ്ട് അവർക്ക് ഒരുകേസ് കോടതിയിൽ ഫയൽ ചെയ്യാനും കഴിഞ്ഞില്ല. കാരണം അവർ ഒരിക്കലും മനുഷ്യരെപോലെയല്ല.

വന്യമൃഗങ്ങൾക്കോ പക്ഷികൾക്കോ പരസ്പരം വെറുക്കാൻ അവർ ആഗ്രഹിച്ചാലും സാധിക്കില്ല. അതുപോലെ തന്നെ പരമപുരുഷന് ഒരുവൻ ഒരു തെമ്മാടിയായാൽപോലും അയാളെ വെറുക്കാൻ സാധിക്കില്ല. അദ്ദേഹം ആരെയെങ്കിലും വെറുക്കാൻ ചിന്തിക്കുന്ന നിമിഷത്തിൽന്നെ പെട്ടെന്ന് അത് തന്റെ സന്തതിയാണെന്ന് ഓർക്കും. എന്നിട്ടുപറയും മകനേ വരൂ, എന്റെ മടിയിലേക്ക് വരൂ. ഭാവിയിലെങ്കിലും ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കുക.

കൽക്കത്ത. 31.11.1978

ഉള്ളടക്കം

# 10. അർത്ഥവും പരമാർത്ഥവും

''പാശബദ്ധോ ഭവെജ്ജീവഃ

പാശമുക്തോ ഭവേച്ഛിവഃ''

മായയുടെ വലയിൽ കുടുങ്ങിയ വ്യക്തിയെ ജീവൻ അഥവാ മനുഷ്യൻ എന്നുപറയുന്നു. ജീവന്റെ പ്രകൃതം ബന്ധനങ്ങളിൽ കഴിയുക എന്നതാണ്. എന്നിരുന്നാലും ആരാണോ പ്രപഞ്ചസത്തയാൽ അനുഗ്രഹിക്കപ്പെടുന്നത് അയാൾ സാധനയിലൂടെ ഈ ബന്ധനത്തിൽ നിന്നും മോചിതനാവുന്നു. അയാളും പരമസത്തയും (ശിവൻ) ഒന്നെന്ന അവസ്ഥയിലെത്തുന്നു. ശിവനും ജീവാത്മാവും തമ്മിൽ അടിസ്ഥാനപരമായ ഒരു വ്യത്യാസമുണ്ട്. (പരമാത്മാവും ജീവാത്മാവും തമ്മിൽ). ശിവൻ എല്ലാബന്ധനങ്ങളിൽ നിന്നും മുക്തനാണ്. എന്നാൽ ജീവാത്മാവ് ബന്ധനങ്ങളുടെ ചങ്ങലയിൽ കെട്ടപ്പെട്ടിരിക്കയാണ്. ആരാണ് വിലങ്ങുകളിൽ കഴിയാനാഗ്രഹിക്കുക? ആരുമില്ല. എല്ലാവരും സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു. എല്ലാ ബന്ധനങ്ങളിൽ നിന്നും മോചിതനാവാനാഗ്രഹിക്കുന്നു. മനുഷ്യർക്ക് താൽക്കാലികമായി ചില കെട്ടുപാടുകളിൽ നിന്നും മുക്തി നേടാനാവും. എന്നാൽ അൽപ്പകാലത്തിനു ശേഷം ആ ബന്ധന

ങ്ങൾ വീണ്ടും വന്നുചേരും. ഈ സാഹചര്യത്തെ ഒരു കൂട്ടിൽ നിന്നും തുറന്നുവിട്ട കിളിയുമായി താരതമ്യ പ്പെടുത്തണം. അല്പ്പ സമയം അതിനെ വലിയ ഒരു മുറിയിൽ പറക്കാനനുവദിക്കുന്നു. കുറച്ചു സമയം കഴിഞ്ഞ് വീണ്ടും അത് കൂട്ടിലടക്കപ്പെടുന്നു.

സംസ്കൃതത്തിൽ അർത്ഥഃ എന്നുവിളിക്കുന്ന ഈ താൽക്കാലിക മോചനത്തിനിടയിൽ ജീവാത്മാവി നെന്തു സംഭവിക്കുന്നു? വിശക്കുന്ന മനുഷ്യൻ ഭക്ഷണം അന്വേഷിക്കാൻ നിർബന്ധിതനാവുന്നു. വിശപ്പുകൊണ്ടയാൾ പ്രാണവേദന അനുഭവിക്കുന്നു. അയാൾക്ക് എന്തെങ്കിലും ആഹാരം കഴിച്ചാൽ വിശ പ്പിൽ നിന്നും താല്കാലിക മോചനം ലഭിക്കുന്നു. അതായത് വിശപ്പാകുന്ന ബന്ധനത്തിന്റെ സ്വാധീന ത്തിൽ നിന്നും അവർക്ക് താൽക്കാലിക മോചനം (മുക്തി) ലഭിക്കുന്നു. എവിടെനിന്നാണീ ഭക്ഷണം ലഭി ക്കുന്നത്? അവരതെങ്ങനെ സ്വന്തമാക്കി? പണത്തിന്റെ സ്വാധീനം കൊണ്ട്. അത്ഥം എന്നതിന്റെ മറ്റൊരർത്ഥം ധനം (പണം) എന്നതാണ്. മൂന്നാമത്തേത് തുല്യമായ വാക്ക് എന്നാണ്. ധനം ബന്ധനങ്ങളിൽ നിന്നും താൽക്കാലികാശ്വാസം നൽകും. വിശക്കുന്ന ഒരു മനുഷ്യന പണമുണ്ടെങ്കിൽ വിശപ്പിൽ നിന്നും ആശ്വാസം ലഭിക്കും. എന്നാൽ നാളെ വിശപ്പ് വീണ്ടും

വരും. കൂടുതൽ ഭക്ഷണം ആവശ്യമായും വരും. പണം കൊണ്ട് വിശപ്പിൽ നിന്നും ലഭിക്കുന്ന മോചനം ഒരിക്കലും സ്ഥിരമല്ല. ഈ ക്ഷണികമായലോകത്തിൽ നാം ക്ഷണികമായ വസ്തുക്കൾ മാത്രമാണുപയോഗിക്കുന്നത്. പരസ്പരം ആശ്രയിച്ചു നിൽക്കുന്ന വസ്തുക്കളാലും സത്തകളാലും കൂട്ടിയിണക്കിയ ഒരാപേക്ഷിക ലോകമാണിത്. അതുകൊണ്ട് കേവലം സാധാരണമായ ഒരു ചോദ്യം ഉത്ഭവഭിക്കുന്നു. നാമെങ്ങനെ ജീവിതം നയിക്കണം. ഉത്തരമിതാണ്. ആപേക്ഷികമായ ഈ ലോകത്തിൽ ചില നീക്കുപോക്കുകളെല്ലാം നടത്തി നമ്മൾ പരമപുരുഷനു നേരെ സഞ്ചരിക്കണം. ഭൗതിക ലോകത്തെ നമുക്കൊരിക്കലും അവഗണിക്കാനാവില്ല. നമുക്ക് അർത്ഥം (ധനം) ഇല്ലാതെ ജീവിക്കാൻ സാധ്യമല്ല. വേദനകളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും താൽക്കാലികാശ്വാസം ലഭിക്കാൻ പണം അഥവാ അർത്ഥം ആവശ്യമാണ്. ഇതാണ് അർത്ഥവും പരമാർത്ഥവും തമ്മിലുള്ള അടിസ്ഥാന വ്യത്യാസം.

മനുഷ്യന്റെ കഴിവുകൾ പരിമിതമാണ്. ഈ സത്യം നിഷേധിക്കാനാവില്ല. മനുഷ്യന്റെ ദു:ഖത്തിനു കാരണം മൂന്ന് അവസ്ഥകളാണ്. ഭൗതികം, മാനസികം, ആത്മീയം, ഭൗതികലോകത്തു നിന്നാണ് ദു:ഖകാരണങ്ങൾ ആരംഭിക്കുന്നത്. മനോദു:ഖം മനുഷ്യ മന

സ്സിന്റെ പ്രതിഭാസമാണ്. ചില രാജ്യങ്ങളിൽ സമൃദ്ധ മായി ഭക്ഷണവും വസ്ത്രവും ലഭിക്കുന്നു. എന്നാൽ അവർ സംതൃപ്തരാണോ? അല്ല. അവരും വേദന കളും രോഗങ്ങളും മറ്റു പ്രയാസങ്ങളും അനുഭവിക്കു ന്നു. അവരും തങ്ങളുടെ ഏറ്റവും പ്രിയപെട്ടവരുടേയും അടുത്തവരുടേയും വിയോഗത്തിൽ വിലപിക്കുന്നു. ഇതെല്ലാമാണ് മാനസിക ദു:ഖങ്ങൾ. അടുത്തത് ആത്മീയ ദു:ഖമാണ്. മനുഷ്യമനസ്സിന്റെ പരിധി ചെറു താണ്. ഈ ചെറിയ മനസ്സ് ഏതാനും വസ്തുതക ളാൽ നിറഞ്ഞു നിൽക്കുന്നു. ഈ നിസ്സാര വസ്തുക്ക ളിൽ നിന്നും മനസ്സ് ഉയർന്നു പൊങ്ങണം. നിയന്ത്രിത മായ സന്തോഷത്തിൽ നിന്നും ഉയരണം. അനന്തമായ സന്തോഷത്തിൽ നിന്നും ഉയരണം. അനന്തമായ ആത്മീയ ലോകത്തിലേക്ക്. നിയന്ത്രീതമായ (പരിധി ക്കുവിധേയമായ) മനോധനമാണ് ആത്മീയ ദു:ഖത്തിന്റെ മൂലഹേതു. ഈ ബന്ധനങ്ങളാകുന്ന അതിർ വരമ്പുകളെ തകർത്ത് മുന്നേറുന്നതാണ് ആത്മീയമോചനം. ഈ മോചനം സ്ഥിരമാകുന്നതെ പ്പോഴാണോ അപ്പോഴാണതിനെ മോക്ഷം എന്നു വിളി ക്കുന്നത്.

മനുഷ്യന്റെ കഴിവുകൾ പരിമിതമാണ്. പണം മനു ഷ്യനെ താൽക്കാലിക ക്ലേശത്തിൽ നിന്നും മുക്തി

നേടാൻ സഹായിക്കുന്നു. എന്നാൽ ആ പണവും പരിമിതമാണ്. ആരെങ്കിലും പണം സമ്പാദിച്ചുകൂട്ടുന്നുവെങ്കിൽ വേറെ ചിലർ അത് നശിപ്പിക്കുന്നു. അതിനാൽ ആർക്കും പരിധിയില്ലാത്ത ധനം ശേഖരിക്കാൻ സാധ്യമല്ല. മനുഷ്യന്റെ ക്ലേശങ്ങൾ ഇല്ലാതാക്കാൻ ചില മാനദണ്ഡങ്ങളൊക്കെ സ്വീകരിക്കണം. (കണ്ടുപിടിക്കണം). ഈ കാര്യങ്ങൾ മനസ്സിൽ വെച്ചുകൊണ്ടാണ് പുതിയ ഒരു സാമൂഹ്യ സാമ്പത്തിക ശാസ്ത്രത്തിന് ഞാൻ രൂപം കൊടുത്തത്. അതെല്ലാ ക്ലേശങ്ങളും ഇല്ലാതാക്കുന്നു. അതിനെ പ്രൗട്ട് (പുരോഗമന വിനിയോഗ സിദ്ധാന്തം) എന്നു പറയുന്നു. മനുഷ്യരാശിയെ ഈ മഹാക്ലേശത്തിൽ നിന്നും രക്ഷിക്കാൻ പ്രൗട്ടിനു മാത്രമേ കഴിയൂ. ഭക്ഷണം കഴിക്കാനില്ലാത്തവരോട് പരമാർത്ഥത്തിന്റെ സുവിശേഷ പ്രസംഗം നടത്തിയിട്ട്കാര്യമില്ല.

ഈ ഭൗതികലോകത്ത് ജീവിക്കാൻ, നമ്മുടെ നിലനിൽപ്പ് സംരക്ഷിക്കാൻ അർത്ഥം അഥവാ ധനം അത്യാവശ്യമാണ്. എന്നാൽ നമുക്ക് പരമാർത്ഥവും ആവശ്യമാണ്. പരമാർത്ഥമെന്നാൽ ഒരാൾക്ക് ത്രിഗുണീഭവിക്കുന്ന (മൂന്നുതരത്തിലുള്ള)പ്രയാസങ്ങളിൽ നിന്നും സ്ഥിരമായ വിരാമമാണ്. സ്ഥിരമായ വിരാമം എന്നാൽ ഒരിക്കൽ നീക്കം ചെയ്യപ്പെട്ട ബുദ്ധി

മുട്ടുകളിൽ നിന്നുള്ള വിരാമമമാണ്. മോഹങ്ങളുടെ കഠിനനോവിൽ നിന്നും സ്ഥിരമായ ആശ്വാസം നൽകുന്നത് അർത്ഥം. സ്ഥിരമായ വിരാമത്തിന ഉപക രണമാകുന്ന ആ അർത്ഥത്തെ പരമാർത്ഥം എന്നുവിളി ക്കുന്നു. പരമാർത്ഥം എന്നതിന്റെ സത്യമായ സൂചി താർത്ഥം ഗ്രഹിക്കുക എന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. പ്രായോഗികത വളരെ പെട്ടെന്ന് പ്രാവർത്തികമാകത്തക്ക ഒരു തത്വസംഹിത നൈരാ ശ്യത്തിലാണ്ട സമൂഹത്തിന ആവശ്യമായി വന്നിരിക്കു ന്നു. വളരെ കുറഞ്ഞ വ്യാപ്തിയുള്ള ഒരു മനസ്സിൽ നിന്നും വരേണ്ടതല്ല ഈ പുതിയ തത്വശാസ്ത്രം. എന്നാലത് ഈ പ്രപഞ്ചത്തെ വളരെവികസിതവും പ്രകാശപൂർണ്ണവുമായ മനസ്സോടെ കാണുന്ന വ്യക്തി യിൽ നിന്നും ഉണ്ടാവേണ്ടതാണ്. ഇതിന പരമാർത്ഥം എന്നത് തീർച്ചയായും വളരെ പ്രാധാന്യമുള്ള വസ്തു തയാണ്.

പരമാർത്ഥത്തെകുറിച്ച് ചിലതുകൂടി പറയാം. ഒരു ഭാഗത്ത് അസംഖ്യം പോരായ്മകളും അപര്യാപ്തത കളും കൊണ്ട് പ്രയാസപ്പെടുന്ന മനുഷ്യൻ. മറുഭാ ഗത്ത് അതി ഭയങ്കരശക്തിയുള്ള ദുർഗ്രാഹ്യമായ മായ അവനെതിരെ സമീകരിച്ച് കുടുക്കിലാക്കാൻ നോക്കുന്നു. പലതരം ജ വാസനകളാൽ തടയപ്പെട്ട

മനസ്സിനെ വ്യതിചലിപ്പിക്കുന്നു. മനുഷ്യരെല്ലാം ഈ അതിശക്തമായ മായയുടെ ആധിപത്യത്തിനു കീഴിലാണ്. ഇത് വിശ്വമായയയുടെ മധുരമായ ഇച്ഛക്കനുസരിച്ച് നിയന്ത്രിക്കപ്പെടുന്നു. അവളുടെ സ്വാധീനം കുറയുന്നുവെന്ന് എപ്പോഴാണോ ബോധ്യമാകുന്നത് അപ്പോളവർ മനുഷ്യരെ മറ്റുതെറ്റുകളിലേക്ക് നയിക്കാൻ ഉദ്യമിക്കും. ഇതിന പലതരം ശക്തിയും ഉപയോഗിക്കും. അതിനാൽ അവർമായയുടെ വലയത്തിൽതന്നെ നിൽക്കും. ഈ ദാസ്യ ഭാവത്തിന്റെ അവസ്ഥയിൽ മനുഷ്യർക്കൊരിക്കലും പരമാർത്ഥത്തെ പ്രാപിക്കാനാവില്ല. ഭർത്താവ്, ഭാര്യ, രക്ഷിതാവ്, സമൂഹം എന്നീ രൂപത്തിലുള്ള ബന്ധനങ്ങളെല്ലാം വിശ്വമായയുടെ സൃഷ്ടികളാണ്. ഈ ബന്ധനങ്ങളും തടസ്സങ്ങളും തരണം ചെയ്യേണ്ടിയിരിക്കുന്നു. വിശ്വമായ അങ്ങേയറ്റം ദേഷ്യത്തിലും അതി ശക്തിയിലും പ്രവർത്തിച്ചാൽ മനുഷ്യ ജീവികളെന്തു ചെയ്യും? സത്യത്തിൽ മനുഷ്യരാരും തന്നെ ഇതിനെപറ്റി പ്രയാസപ്പെടേണ്ട കാര്യമൊന്നുമില്ല. കാരണം പരമപുരുഷന്റെ അനുഗ്രഹം എപ്പോഴും അവരോടൊപ്പമുണ്ട്. ഇതു സംബന്ധമായി രണ്ടു ശ്ലോകങ്ങളുണ്ട്.

''ദൈവി ഹ്യേഷാ ഗുണമയീ

മമ മായാ ദുരത്യയാ

മാമേവ യേ പ്രപദ്യന്തേ

മായാമേതാം തരന്തി തേ.''

''ത്വം വൈഷ്ണവീ ശക്തിരനന്തവീര്യാ

വിശ്വസ്യബീജം പരമാ അസി മായാ

സമ്മോഹിതം ദേവീ സമസ്തമേതദ്

ത്വം വൈ പ്രസന്നാ ഭുവിമുക്തി ഹേതുഃ''

അനന്ത ശക്തിയുള്ള ഈ മായയാണ് എന്റെ ദൈവീക ശക്തി. അവളുടെ ബലവും ശക്തിയുമെല്ലാം എന്റേതാണ്. അവൾക്ക് എന്നിൽ അഭയം കണ്ടെത്തിയ ഒരാളെ ഉപദ്രവിക്കാൻ കഴിയില്ല. കാരണം അവൾ എന്നിൽ നിന്നും വേർപെടുത്താനാവാത്ത ഭാഗമാണ്. മായയുടെ യഥാർത്ഥം നിയന്ത്രിതാവ് പരമ പുരുഷനാണ്. അതിനാൽ അവനിൽ അഭയം തേടിയ ഒരുവനെ ഒരിക്കലും മായക്ക് ഉപദ്രവിക്കാൻ സാധ്യമല്ല. ഒരൽപ്പം ശക്തി എങ്ങനെയെങ്കിലും ഒരാൾക്ക് ലഭിച്ചാൽ അയാൾക്ക്മായയെ എല്ലാ വിധത്തിലും തടയാനാവും. സത്യം നിങ്ങളോടുപറഞ്ഞാൽ നിങ്ങൾ എപ്പോഴും മായയോട് പടപൊരുതണമെന്നില്ല. അവൾ ആദ്യന്തികമായി പരാജയം ഏറ്റുവാങ്ങി കീഴടങ്ങി

ക്കൊള്ളും. അതിനാൽ ബുദ്ധിയുള്ള ഒരു വ്യക്തി എന്തു ചെയ്യും? എല്ലാ മനുഷ്യരും അവരുടെ ജ്ഞാനെ ന്നഭാവം അടിയറവെക്കണമെന്ന് ഇതിന മുമ്പൊരു ദിവസം ഞാൻ പറഞ്ഞു. എല്ലാവരും പരമപുരുഷന്റെ മടിയിലിരിക്കുന്ന കുഞ്ഞുങ്ങളാണെന്ന് മാത്രം അവർ ചിന്തിക്കണം. ഈ രീതിയിൽ എല്ലാവരും ചിന്തിച്ചാൽ മായക്ക് അവരെ ഒരിക്കലും ഉപദ്രിവിക്കാൻ കഴിയുക യില്ല.

ഞാൻ മുമ്പുപറഞ്ഞ ഒരു കാര്യം ഈ സന്ദർഭ ത്തിൽ സൂചിപ്പിക്കുന്നു. ഞാൻ പാപിയാണ് എന്നു ചിന്തിക്കുന്ന ധാരാളം ആളുകളുണ്ട്. ബാഹ്യമയ ഇത്തരം ചിന്തകൾ പ്രകടിപ്പിക്കുന്നുണ്ടെങ്കിലും ഇത് ശരിയായ നിലപാടല്ല. ഏതൊരു വ്യക്തിയാണ് എപ്പോഴും ഞാൻ പാപിയാണ് എന്ന് ചിന്തിച്ചുകൊണ്ടി രിക്കുന്നത് അയാൾ ആത്യന്തികമായി ഒരു പാപിയായി മാറുന്നു. സത്യത്തിൽ അയാൾ ഒരു പാപിയായിരിക്ക യില്ല. ഇത്തരം അനഭിലഷണീയമായ കാര്യങ്ങൾ ആരും ചിന്തിക്കരുത്. ഇത് ഒരു തരം വഴിപിഴച്ച ചിന്ത യാണ്.

‘‘യാദൃശീ ഭാവനാ യസ്യ

സിദ്ദിർഭവതി താദൃശീ’’

പോക്കറ്റടിക്കാർ, ഭവന ഭേദനക്കാർ തുടങ്ങി പലതരത്തിലുള്ള കുറ്റവാളികളും ദുർനടപ്പുകാരും ഉണ്ടാവും. ഓരോ കുറ്റവാളിക്കും അവരുടേതായ പരിചിത മേഖലകളുണ്ട്. കൂടാതെ സാമൂഹ്യമായ അധികാര സ്ഥാനവുമുണ്ട്. ഉദാഹരണായി ഒരുറച്ചകള്ളൻ ഒരു പോക്കറ്റടിക്കാരനെ ശ്രദ്ധിക്കുകയില്ല. അതുപോലെ പാപികൾക്കും അവരുടെ സ്വന്തമായ സാമൂഹ്യ മേഖലകളുണ്ട്. മറ്റു പാപികളാൽ പാപി എന്നു വിളിക്കപ്പെടുന്ന ഒരു പാപിയും, മറ്റു ദുർ നടപ്പുകാരാൽ വെറുക്കപ്പെടുന്ന ഒരു ദുർ നടപ്പുകാരനും നിന്ദ്യരിൽ വെച്ച് നിന്ദ്യരാണ്. എന്നിരുന്നാലും ആ അതി നിന്ദ്യനായ പാപി പോലും വ്യതിചലിക്കാത്തത്ര ശ്രദ്ധയോടെ പരമപുരുഷനെക്കുറിച്ച് ചിന്തിച്ചാൽ, അദ്ദേഹത്തിൽ അഭയം പ്രാപിച്ചാൽ, അദ്ദേഹത്തിന്റെ മടിയിലാണെന്നു ഭാവിച്ച് അല്ലയോ പ്രഭോ ഞാൻ അങ്ങയുടെ കുഞ്ഞാണ് എന്നെ രക്ഷിക്കൂ എന്ന് പ്രാർത്ഥിച്ചാൽ, പരമപുരുഷൻ അവനെ അല്ലെങ്കിൽ അവളെ എല്ലാ പാപങ്ങളിൽ നിന്നും രക്ഷിക്കും. ഇക്കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ട. ഭൂതകാലം ഇരുണ്ടതും അപഖ്യാതിനിറഞ്ഞതുമായ ഇത്തരം ആളുകൾ പരമപുരുഷനോട് അഭയം ആവശ്യപ്പെട്ടാൽ അവർ തീർച്ചയായും പാപങ്ങളിൽ നിന്നും വിമോചിതനാവും. ഇക്കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഞാൻ പാപിയാണ് ഞാൻ പാപിയാണ് എന്നുള്ള ചിന്തകളെ ഒരാൾ ഒരിക്കലും ലാളിക്കരുത്. ഈ സന്ദർഭത്തിൽ നിങ്ങളെല്ലാം മദാലസയുടെ കഥയാണ് ഓർക്കേണ്ടത്.

കൽക്കത്ത - 04.11.1978

ഉള്ളടക്കം

## 11. ഏതാണ് ശരിയായ വഴി

ഏതാണ് ശരിയായവഴി എന്ന ഈ ചോദ്യം തന്നെ പലരും പരസ്പരം ചോദിക്കാറുണ്ട്. പണ്ഡിത ാർ പരസ്പരം ഈ ചോദ്യം ചർച്ച ചെയ്യുമ്പോൾ അവർ ഓരോരുത്തരും വ്യത്യസ്ഥമായ അഭിപ്രായ ങ്ങൾ പറയും. അപ്പോൾപിന്നെ സാധാരണ ജനങ്ങൾ എന്തു ചെയ്യും? ഏതുമാർഗ്ഗമാണവർ പിന്തുടരുക? ഏതു മാർഗ്ഗമാണ് നിരാകരിക്കുക? ശ്രേയസ്സും (ന യിലേക്കുനയിക്കുന്ന) പ്രേയസ്സും (നാശത്തിലേക്കുന യിക്കുന്ന) തിരിച്ചറിയാനുള്ള വിവേചനബുദ്ധിയി ല്ലാതെ അവർ ധർമ്മസങ്കടത്തിൽപെടുന്നു.

യാഥാർത്ഥ്യലോകത്ത് ചില തത്ത്വശാസ്ത്രങ്ങൾ പ്രാവർത്തികമാവില്ല. അവ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനാവില്ല. ലൗകിക സംസ്ക്കാരമുള്ള പേരുകൾ നൽകപ്പെടുമ്പോൾ അവ വളരെ ആകർഷക മായിത്തോന്നാം. ഗംഗാനദി നിറയെ തേനാണെന്നും അത് സംസ്കരിച്ചെടുക്കാൻ എത്രവ്യവസായശാലകൾ തുടങ്ങാമെന്നുമൊക്കെ ചിലർ വിഭാവനം ചെയ്യുന്നു വെന്ന് കരുതുക. ഗംഗ തേൻകൊണ്ട് നിർമ്മിച്ചതാ ണെന്ന അടിസ്ഥാനവചനം തന്നെ വ്യാജമാണ്. ഇത്തരം പരിഹാസ്യമായ ധാരാളം തത്വശാസ്ത്രങ്ങളു ണ്ട്. ശിവൻ ഇങ്ങനെപറയുന്നു: ലോക വ്യാമോഹകാ രക അതായത് ഈ തത്വ സംഹിതകൾ മനുഷ്യമന സ്സിനെ കളങ്കപ്പെടുത്തുകയും തെറ്റായ വഴിയിലേക്ക് നയിക്കുകയും ചെയ്യുന്നു. പ്രാവർത്തിക മണ്ഡലത്തിൽ ഏതു തത്വസംഹിതയാണോ നടപ്പാക്കാൻ കഴിയു ന്നത് അതുമാത്രമേ സ്വീകാര്യമായിട്ടുള്ളൂ. മറ്റെല്ലാം തന്നെതിരസ്കരിക്കപ്പെടും. എന്നാൽ സാധാരണ ജന ങ്ങൾ എങ്ങനെയാണ് ഇത്തരമൊരു തത്വശാസ്ത്രം തിരിച്ചറിയുക? അത് വളരെ ശ്രമകരമായൊരു ജോലിയാണ്. സാമൂഹ്യമണ്ഡലത്തിൽ എന്തുചെയ്യണം; എന്തുചെയ്യാതിരിക്കണം എന്ന് തിരി ച്ചറിയുക അതിനേക്കാൾ പ്രയാസമേറിയ കാര്യമാണ്. ഇക്കാര്യത്തെകുറിച്ച് ധാരാളം പണ്ഡിത ാരും ഭക്തക

വികളും അവരവരുടെ വിചാരങ്ങൾ പ്രകടമാക്കിയിട്ടുണ്ട്. പക്ഷെ ആരും തന്നെ അവരുടെ സഹപ്രവർത്തകരുടെ കാഴ്ച്ചപ്പാടുകൾ സ്വീകരിക്കാൻ തയ്യാറായിട്ടില്ല. വാദപ്രതിവാദ ലോകത്ത് എല്ലാവരും തുല്യമായ കഴിവുള്ളവരാകയാൽ നാം പിന്നെ എന്തുചെയ്യും? അത് തീർച്ചയായും സംശയിക്കത്തക്കതാണ്. ശരിയായവഴി ഏതാണ് എന്ന ഈ സാധാരണ ചോദ്യത്തിന് ഒരിക്കൽ ഒരു മഹാനായ കവി ഇങ്ങനെ പറഞ്ഞു:

‘‘ശ്രുതയോ വിഭിന്നാഃ സ്മൃതയോവിഭിന്നാഃ

നൈക മുനിര്യസ്യ മതം ന ഭിന്നം.

ധർമ്മസ്യ തത്ത്വം നിഹിതം ഗുഹായാം

മഹാജനോ യേന ഗതഃ സഃ പന്ഥാ.’’

മതഗ്രന്ഥങ്ങളെല്ലാം ഒന്നിൽ നിന്നും മറ്റൊന്ന് വേറിട്ടു നിൽക്കുന്നു. ഓരോരുത്തരും ഈശ്വരന്റെ വെളിപാടുകളായി ഇത് അവകാശപ്പെടുന്നു. എന്തൊരു ധർമ്മസങ്കടം! ഇതെല്ലാം വിശ്വചേതനയുടെ സത്യസന്ധമായ വെളിപാടുകളാണെങ്കിൽ എന്തുകൊണ്ടാണ് നിരവധി അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാവുന്നത്! ചിലർപടിഞ്ഞാറോട്ട് തിരിഞ്ഞു പ്രാർത്ഥിക്കാൻ അനുയായികളെ ഉപദേശിക്കുമ്പോൾ മറ്റു ചിലർ കിഴക്കോട്ട് തിരിഞ്ഞ് പ്രാർത്ഥിക്കാൻ

നിർബന്ധിക്കുന്നു. ഇതെല്ലാം തെറ്റിദ്ധരിപ്പിക്കുന്ന വിശ്വാസ പ്രമാണങ്ങളാണ്. ഒരു വ്യക്തിക്കു തന്നെ ഒരേ സമയത്ത് കിഴക്കോട്ടും പടിഞ്ഞാറോട്ടും അഭിമുഖമായി പ്രാർത്ഥിക്കാൻ എങ്ങനെ കഴിയും? ചില ധർമ്മസംഹിതകൾ തൊഴിലാളി വർഗ്ഗങ്ങൾക്ക് (ശൂദ്ര ാർ) ആത്മീയ പരിശീലനം നടത്താനുള്ള അവകാശം നിഷേധിക്കുന്നു. മറ്റുചിലത് സ്ത്രീകൾക്കുള്ള അവകാശം നിഷേധിക്കുന്നു. വേറെ ചിലത് വീടില്ലാത്തവർക്ക് പ്രാർത്ഥിക്കാനുള്ള അവകാശം നിഷേധിക്കുന്നു. എന്നാൽ ചില പ്രമാണഗ്രന്ഥങ്ങൾ എല്ലാവർക്കും, വായവുംജലവും പോലെ, ധർമ്മശാസ്ത്രം ഉപയോഗിക്കാമെന്ന് ശാസിക്കുന്നു. ഏതു സ്വീകരിക്കണം! ഏതു നിരാകരിക്കണം? ആരെയാണ് പുകഴ്ത്തുക, ആരെയാണ് വിമർശിക്കുക ഇത്തരം സംഭ്രാന്തിയിൽ നാം എന്താണ് ചെയ്യുക.

യഥാർത്ഥത്തിൽ വേദപുസ്തകങ്ങൾ തന്നെ സംശയം വളർത്തുമ്പോൾ സാമൂഹ്യവ്യവസ്ഥകളെപറ്റി പറയാനുണ്ടോ? ഒരു കാലത്ത് പ്രധാനപ്പെട്ട ഗ്രന്ഥമായിരുന്നു പരാശരസംഹിത . പിന്നീട് നാരദസംഹിത വന്നു. അതിനുശേഷം കാറൽമാർക്സിന്റെ തത്വസംഹിതകൾ വന്നു. പലതരം സാമൂഹ്യതത്വശാസ്ത്രങ്ങളും സദാചാരസംഹിതകളും തമ്മിൽ

അസംഖ്യം വ്യത്യാസങ്ങളുണ്ട്. ശ്രുതി ശാസ്ത്രം എന്നാൽ മതപരമായ ധർമ്മ സംഹിതയാണ്. നീതി ശാസ്ത്രമാകട്ടെ സാമൂഹ്യ നിയമാവലിയാണ്. സാമൂഹ്യനിയമാവലിയെ സ്മൃതിശാസ്ത്രം എന്നു വിളിക്കുന്നു. സാമൂഹ്യസാമ്പത്തിക രീതികൾ, അഥവാ ധനവിതരണ സമ്പ്രദായങ്ങൾ,എന്നിവ സമാജ ശാസ്ത്രം അഥവാസാമൂഹ്യ നീതി ശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നു. നിങ്ങൾ നിങ്ങളുടെ ബുദ്ധിയും മസ്തിഷ്ക്കവും ഉപയോഗിച്ച് കഴിവിന്റെ പരമാവധി ധനം സ്വന്തമാക്കാൻ ശ്രമിക്കുക എന്ന് സാമൂഹ്യ നീതി ശാസത്രം പറയുന്നു. മറ്റൊന്നു പറയുന്നു ധനം തുല്യമായി വീതിക്കണമെന്ന്. വേറൊരു ശാസ്ത്രം പറയുന്നു ധനം ആവശ്യത്തിനനുസരിച്ച് വിതരണം ചെയ്യണമെന്ന്. ധനം വ്യക്തിയുടെ ആവശ്യങ്ങൾക്കനുസരിച്ച് വിതരണം ചെയ്യുക. അതായത് ഒരാൾ ഒരേതുക തന്നെ എല്ലാവർക്കും നൽകാതിരിക്കുക എന്നതാണ് വേറൊരു ശാസ്ത്രം. പലരും ഇങ്ങനെയാണ്. ഈ സാഹചര്യത്തിൽ സാധാരണക്കരായ ജനങ്ങൾ എന്തു ചെയ്യും?

ഇതിനുത്തരം കണ്ടെത്താൻ ധാരാളം ആളുകൾ ഋഷിമാരുടെ അടുത്തേക്ക് പോകുന്നു. അവിടെയും ഇതുപോലൊരു പ്രശ്നമുണ്ട. ആരാണ് മുനി? മുനി

എന്നാൽ എപ്പോഴും ഈശ്വരനിൽ സമർപ്പിച്ചവൻ എന്നാണർത്ഥം. അയാൾ മനസ്സുകൊണ്ട് ഈശ്വരനെ സ്പർശിച്ചുകൊണ്ടിരിക്കും. സൂത്രശാലികളും കപട ാ രുമായ ധാരാളം ആളുകൾ പ്രവൃത്തി മണ്ഡലത്തിൽ ഉണ്ടെങ്കിലും പൂജനീയരായ മുനിമാരും ഉണ്ട്. മറ്റൊരു കാര്യം ഒരു മുനിയും മറ്റൊരു മുനിയെ അംഗീകരിക്കു കയില്ല എന്നതാണ്. അവർ മുനിമാരായതിനാൽ ധരാളം അഭിപ്രായങ്ങളും ഉണ്ടാവും. അപ്പോൾ സാധ ാരണക്കാരായ ആളുകൾ എന്തുചെയ്യും? ആരെ സ്വീക രിക്കും? ആരെനിരാകരിക്കും? വിജ്ഞാനപ്രദമായ ഏതു കാര്യമാണ് ചെയ്യുക?

ധർമ്മസ്യ തത്ത്വം നിഹിതം ഗുഹായാം . ധർമ്മ ത്തിന്റെ യഥാർത്ഥ പ്രാണൻ മനുഷ് മനസ്സിന്റെ അന്ത രാളങ്ങളിൽ നിഗൂഢമാക്കി വെച്ചിരിക്കയാണ്. ഓരോ വസ്തുവിലും അന്തർലീനമായ അജ്ഞാത തത്വമുണ്ട്. ഉദാഹരണമായി അരയാലിന്റെ വിത്തിൽ വലിയൊരു അരയാൽമരമായി പുറത്തേക്കു വരുന്ന അനിർവചനീ യമായ തത്വം ഉൾക്കൊണ്ടിട്ടുണ്ട്. അതുപോലെ ധർമ്മ ത്തിനും അടിസ്ഥാനപരമായ വേരുകളുണ്ട്. ആ വേര് എവിടെയാണ് കിടക്കുന്നത്? അത് പരമപുരുഷ നിലാണ് സ്ഥിതിചെയ്യുന്നത്. ആരാണോ എണ്ണാവു ന്നേടത്തോളം ദൈവങ്ങളെ ആരാധിക്കുന്നത്, സംശയി

ക്കേണ്ടതില്ല, അയാൾ പരമപുരുഷനെ പരിത്യജിക്കയാണ്. ഇത് ധർമ്മമല്ല. മറ്റെന്തെങ്കിലും പേരിൽ അതിനെ വിളിക്കണം.

വിധവകൾ ചില പ്രായശ്ചിത്തങ്ങളൊക്കെ ചെയ്യണമെന്നും ചില നിയമങ്ങളൊക്കെ പാലിക്കണമെന്നും സുഖാനുഭവങ്ങളൊക്കെ വർജ്ജിക്കണമെന്നും ചില മതങ്ങൾ വിധിക്കുന്നു. ഉദാഹരണമായി അവരെ ചില ഭക്ഷണസാധനങ്ങൾ കഴിക്കാനനുവദിക്കുന്നില്ല. പരമപുരുഷനോട് ഇത്തരം ശിക്ഷകളൊന്നും ചെയ്യാൻ പാടില്ല. അത് തീർച്ചയായും അധാർമ്മികമാണ്. അതിനാൽ സാധാരണബുദ്ധി നമ്മോടെന്താണ് പറയുന്നത്? എല്ലാ മനുഷ്യരും പരമപുരുഷന്റെ കുഞ്ഞുങ്ങളാണ്. അവിവാഹിതരായ ചെറുപ്പക്കാരികളും, വിധവകളും അദ്ദേഹത്തിന്റെ സന്തതികളാണ്. വിധവകൾ വിലകുറഞ്ഞ പരുക്കൻ വസ്ത്രങ്ങളേ ധരിക്കാവൂ എന്ന ആശയം പരമപുരുഷന് ഇഷ്ടമാണെന്ന് നിങ്ങൾ ധരിക്കുന്നുണ്ടോ? തീർച്ചയായും ഇല്ല. എന്നാൽ എല്ലാവരും നല്ലവസ്ത്രം ധരിച്ചു കണ്ടാൽ അദ്ദേഹം സന്തുഷ്ടനാകുന്നു. എല്ലാവരും സന്തോഷിക്കണം. എല്ലാവരും പാട്ടുപാടുകയും ആർത്തുല്ലസിക്കുകയും വേണം. വിധവകൾ പീഡിപ്പിക്കപ്പെടുന്നത് ധർമ്മനിഷേധമാണ്. ധർമ്മത്തിന്റെ യഥാർത്ഥ ആത്മാവ്

എന്താണ്? ഒരാൾ പരമപുരുഷനെ സമീപിക്കുകയും അദ്ദേഹത്തിന്റെ ആന്തരിക ഭാവത്തെ സ്വാംശീകരിക്കുകയും ചെയ്യുക എന്നതാണ്. അതാണ് യഥാർത്ഥ ചൈതന്യം.

ധർമ്മസ്യ തത്ത്വം നിഹിതം ഗുഹായാം

ഓരോ മനുഷ്യനും തന്റെ മനസ്സിന്റെ അന്തരാളങ്ങളിൽ ഞാൻ നിലനിൽക്കുന്നു എന്ന ബോധം ഉണ്ടായിരിക്കണം, ഭൗതിക ലോകത്തെ തർക്കങ്ങളും, ഏറ്റുമുട്ടലുകളും, സൂക്ഷ്മമായ ആശയങ്ങളും ചിന്തകളും ഈ നിലവിലുള്ള ഞാൻ എന്ന ചിന്തയിൽ ചുറ്റി നിൽക്കുന്നു. അയാൾ എന്നെ അവഹേളിച്ചു. ഞാൻ പ്രതികാരം ചെയ്യും . എന്നതൊക്കെ ഈ ഞാൻ എന്ന ചിന്തയെ വലം വെക്കുന്നു. ഞാൻ നല്ലവനാണ് മറ്റേ ആൾ ചീത്തയാണ് തുടങ്ങിയതൊക്കെ ഈ ഞാൻ എന്ന ചിന്തയുടെ ഫലമാണ്. അപ്പോൾ ഈ ചെറിയ ഞാൻ നന്നായാൽ ഈ ലോകം തന്നെ സ്വാഭാവികമായി നന്നായി തീരും. ഞാൻ എന്ന ചിന്ത സ്ഥിതിചെയ്യുന്ന മനസ്സിന്റെ ഭാഗത്തെ ഗുഹ എന്നു പറയുന്നു. ഇവിടെ പറയുന്ന ഗുഹ പർവ്വതത്തിലെ ഗുഹയല്ല. എന്നാലത് മനുഷ്യമനസ്സിന്റെ അന്തരാളങ്ങളിൽ ഒളിപ്പിച്ചുവെച്ച സാക്ഷീഭൂതമായ ഞാൻ ആണ്. ഈ എല്ലാം കാണുന്ന ഞാൻ - സാക്ഷി സത്തയായ ഈ

ചെറിയ ഞാൻ - ആണ് ധർമ്മത്തിന്റെ മൂല ബിന്ദു. ഞാൻ ഉണ്ട് എന്ന ചിന്തയുടെ അന്തരാളങ്ങളിൽ ഒളിഞ്ഞിരിക്കുന്ന സത്തയാരാണ്? തീർച്ചയായും പരമപുരുഷൻതന്നെ. ഈ ലോകത്തുള്ള എല്ലാ സത്തകളും അദ്ദേഹത്തിൽ അഭയം നേടുന്നു. (സ്ഥിതിചെയ്യുന്നു)

അതുകൊണ്ട് വ്യത്യസ്ഥ തത്വസംഹിതകളുടെ അഭിപ്രായ ഭിന്നതകളൊന്നും നിങ്ങളെ ബാധിക്കുന്നില്ല. പരമപുരുഷനിലേക്ക് നിങ്ങളെ എത്തിക്കുന്ന പ്രത്യേക വഴികണ്ടെത്തി അതിലൂടെ സഞ്ചരിക്കുക എന്നതുമാത്രമാണ് നമ്മെ ബാധിക്കുന്നത്. തത്വസംഹിതകളുമായി തർക്കിച്ച് ഏതു സ്വീകരിക്കണം ഏതു നിരാകരിക്കണം എന്നതിനൊന്നും നമുക്ക് സമയം വെറുതെ കളയാനാവില്ല.

അതുകൊണ്ട് വ്യത്യസ്ഥ തത്വസംഹിതകളുടെ അഭിപ്രായഭിന്നതകളൊന്നും നിങ്ങളെ ബാധിക്കുന്നില്ല. പരമപുരുഷനിലേക്ക് നിങ്ങളെ എത്തിക്കുന്ന പ്രത്യേക വഴികണ്ടെത്തി അതിലൂടെ സഞ്ചരിക്കുക എന്നതുമാത്രമാണ് നമ്മെ ബാധിക്കുന്നത്. തത്വസംഹിതകളുമായി തർക്കിച്ച് ഏതു സ്വീകരിക്കണം ഏതു നിരാകരിക്കണം എന്നതിനൊന്നും നമുക്ക് സമയം വെറുതെ കളയാനില്ല. നിങ്ങൾ വളരെ പരിമിതമായ ഒരു സമയത്തേക്കു മാത്രമാണീ പ്രപഞ്ചത്തിൽ വന്നത്. അതി

നാൽ ഇത്തരം ബാലിശമായ തർക്കങ്ങളിലേർപ്പെട്ട് സമയം പാഴാക്കരുത്.

നാമെല്ലാം പരമപുരുഷന്റെ സന്തതികളാണ്. എല്ലാം അദ്ദേഹത്തിന്റെ സൃഷ്ടികളാണ്. ഉയർന്നവരെന്നും താഴ്ന്നവരെന്നും, വെളുത്തവരെന്നും കറുത്തവരെന്നും, ആണെന്നും പെണ്ണെന്നുമുള്ള തരം തിരിവുകൾ മനുഷ്യനിർമ്മിതമാണ്. അതിൽ പ്രയാസപ്പെടേണ്ടതില്ല. വിശ്വമനസ്സിനോടൊപ്പം നിങ്ങളുടെ മനസ്സിനേയും തിരിച്ചറിയുക. പരമപുരുഷനെ സ്വയം തൃപ്തിപ്പെടുത്തുന്നത് (സന്തോഷിപ്പിക്കുന്നത്) മാത്രം ചെയ്യുക.

ഒരച്ഛനും തന്റെ മകൻ പട്ടിണികിടന്ന് മരിക്കുന്നതും ധാരാളം ഭക്ഷിക്കുന്നതും ആവശ്യത്തിലധികം വാരിവലിച്ചു സൂക്ഷിക്കുന്നതും ഇഷ്ടപ്പെടുകയില്ല. ഇത്തരംകാര്യങ്ങൾ സംഭവിക്കരുതെന്ന് ഉറപ്പുവരുത്താൻ നിങ്ങളുടെ സാമ്പത്തിക മണ്ഡലം ഉയർത്തിക്കൊണ്ടുവരണം. സാമൂഹ്യ ജീവിതത്തിൽ വിധവയായ ഒരു മകൾ അലങ്കാര രഹിതമായരീതിയിൽ വസ്ത്രം ധരിക്കാൻ നിർബന്ധിക്കപ്പെടുന്നതും സാമൂഹ്യമായി പീഢിപ്പിക്കുന്നതും, സാമൂഹ്യ ചടങ്ങുകളിൽ വിലക്കേർപ്പെടുത്തുന്നതും  കാണാൻ ഒരച്ഛനും ആഗ്രഹിക്കുകയില്ല. അതിനാൽ ഇത്തരം കൃത്യങ്ങളെ ഒരു

കാലത്തും പിൻതാങ്ങരുത്. എല്ലാവർക്കും തുല്യമായ അവസരങ്ങൾ നൽകണം.

മക്കൾ കരയുന്നതുകാണാൻ ഇഷ്ടമില്ലാത്തവരാണ് രക്ഷിതാക്കൾ. കരയുമ്പോൾ അവരെ മടിയിലിരുത്തുകയും സ്നേഹത്തോടെ ആശ്വസിപ്പിക്കുകയും കരച്ചിൽ നിർത്തുന്നതുവരെ താലോലിക്കുകയും ചെയ്യുന്നവരാണ് രക്ഷിതാക്കൾ. ആർക്കും കരയാൻ അവസരം നൽകാത്ത ഒരു സമൂഹം നിങ്ങൾ കെട്ടിപ്പടുക്കണം. എല്ലാവരും സന്തോഷം കൊണ്ട് പുഞ്ചിരിക്കണം. ചിരിക്കാനുള്ള സാധ്യതകൾ ധാരാളം ഉണ്ടാക്കുന്ന അവസരങ്ങൾ ഉണ്ടാവണം. ഇത്തരം ആഹ്ലാദകരമായ വിനോദങ്ങൾ കാണുമ്പോൾ പരമപുരുഷൻ അളവറ്റ് ആനന്ദിക്കും. പരമപുരുഷനെ ആനന്ദിപ്പിക്കുന്നതുവഴി നിങ്ങളും ആനന്ദിക്കുകയും അദ്ദേഹത്തോടുള്ള അടുത്ത ബന്ധം തിരിച്ചറിയുകയും ചെയ്യും. ഇതാണ് ശരിയായ സാമൂഹ്യ നീതി. പരമപുരുഷനിലേക്ക് ഓരോ മനുഷ്യനേയും നയിക്കുക എന്നതാണ് ശരിയായ ധർമ്മ സംഹിത. ഒരു കാരണവശാലും അനാവശ്യമായ തർക്കങ്ങൾ ഉണ്ടാകരുത്. ഈ സാമൂഹ്യധർമ്മസംഹിത പരമപുരുഷനെ ഓരോ സന്തതിയുടേയും മുഖത്ത് അതിവിശാലമായ ഒരു പുഞ്ചിരി നൽകുന്നതായിരിക്കണം. നിങ്ങൾ എല്ലാവരും ഈ

പാതയിൽ സഞ്ചരിക്കണം. തീർച്ചയായും നിങ്ങൾ വിജയത്തിലെത്തും.

കൽക്കത്ത. 05.11.1978

ഉള്ളടക്കം

## 12. സ്വധർമെ നിധനം ശ്രേയഃ

(ഭഗവദ് ധർമ്മം ആചരിക്കുമ്പോൾ

മരണമടയുന്നതാണ് ഉത്തമം.)

ഭഗവദ് ഗീതയിൽ ഒരു ശ്ലോകമുണ്ട്

‘‘ശ്രേയാന സ്വധർമോ വിഗുനഃ

പരധർമാത് സാനുഷ്ഠിതാത്

സ്വധർമ്മേ നിധനം ശ്രേയഃ

പരധർമോ ഭയാവഹഃ’’

എന്താണീ ശ്ലോകത്തിനർത്ഥം? ഒരു വ്യക്തിക്ക് സ്വന്തം ധർമ്മം അനുഷ്ഠിക്കാൻ പ്രയാസമാണെങ്കിൽ,

മറ്റുള്ളവരുടെ ധർമ്മം വളരെ എളുപ്പം പിന്തുടരാമെന്ന് തോന്നുന്നുവെങ്കിൽ, സ്വന്തം ധർമ്മാനുഷ്ടാനങ്ങൾ ചെയ്ത് മരിക്കുന്നതാണ് അഭികാമ്യം. മറ്റു ധർമ്മാനുഷ്ഠാനങ്ങൾ അപകടമായിരിക്കും. ധർമ്മം എന്നാൽഹിന്ദുത്വം, വൈഷ്ണവികം, ശൈവം എന്നൊക്കെയാണെന്ന് ചിലർ തെറ്റായി ധരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ ധർമ്മം എന്നത് മാനവധർമ്മമാണ്. അഥവാ മനുഷ്യമതം. ധർമ്മം എന്നാൽ ജ നാലുള്ളധനം, സഹജമായ സ്വഭാവം എന്നും അർത്ഥമുണ്ടെന്ന് എല്ലാവർക്കും അറിയാം.

ഈ പ്രപഞ്ചത്തെ നമുക്ക് മൂന്നായി തിരിക്കാം. സസ്യലോകം, ജന്തുലോകം, മനുഷ്യലോകം. സസ്യലോകവും ജന്തുലോകവുമായി ധാരാളം യോജിപ്പുകളുണ്ട്. അതുപോലെതന്നെ ധാരാളം വ്യത്യാസങ്ങളും. അവ തമ്മിലുള്ള പ്രധാന വ്യത്യാസം മൃഗങ്ങൾ ചരങ്ങളാണ് എന്നതാണ്. അവർക്ക് ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് സഞ്ചരിക്കാം. എന്നാൽ സസ്യങ്ങളാകട്ടെ അചരങ്ങളാണ്. തീരെ വികാസം പ്രാപിക്കാത്ത ചില തരം മൃഗങ്ങളേക്കാൽ ബുദ്ധിപരമായി വികസിച്ച സസ്യങ്ങളുണ്ട്. എന്നാലവക്ക് ചലിക്കാനാവാത്തതിനാൽ സസ്യവർഗ്ഗത്തിൽപെടുത്തുന്നു. അതിനാൽ ഇവതമ്മിലുള്ള പ്രധാന വ്യത്യാസം മൃഗങ്ങൾക്ക് ചലി

ക്കാനാവുമെന്നും സസ്യങ്ങൾക്ക് ചലിക്കാനാവില്ല എന്നതുമാണ്. എല്ലാ സസ്യങ്ങളും അതുപോലെ മൃഗങ്ങളും ബുദ്ധിപരമായി തുല്യരല്ല. ചില മൃഗങ്ങളാകട്ടെ വികാസം പ്രാപിക്കാത്ത മനുഷ്യരേക്കാൾ വികസിച്ചതാണ്.

അതിനാൽ മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള പ്രധാന വ്യത്യാസമെന്താണ്? മനുഷ്യർ ഭഗവത് ധർമ്മം പാലിക്കുന്നു എന്നതാണ്. എന്നാൽ മൃഗങ്ങൾക്ക് അത് സാധ്യമല്ല. മനുഷ്യർ വിവേകമുള്ള മൃഗങ്ങളാണെന്ന് ചിലർ അവകാശപ്പെടുന്നു. അത് സത്യമാണെങ്കിൽ ഒരു മൃഗത്തെ സഞ്ചരിക്കുന്ന സസ്യം എന്നും വിളിക്കുന്നു. ഒരു സസ്യത്തിന സഞ്ചരിക്കാനാവില്ല എന്നത് അതിന്റെ അടിസ്ഥാനപരമായ അപൂർണ്ണതയാണ്. ഒരു മൃഗത്തെ സഞ്ചരിക്കുന്ന സസ്യമാണെന്നു വിളിക്കാമെങ്കിൽ മനുഷ്യരേയും വിവേകമുള്ള സഞ്ചരിക്കുന്ന സസ്യങ്ങൾ എന്നു വിളിക്കാം. എന്നാൽ മനുഷ്യരെ മൃഗമെന്നോ, സസ്യമെന്നോ നമുക്ക് വിളിക്കാനാവില്ല. അയാൾ മൊത്തത്തിൽ വ്യത്യസ്തനായ ഒരു ജീവിയാണ്.

പേർഷ്യൻ ഭാഷയിൽ മൃഗത്തെ ജാനവർ എന്നു പറയുന്നു. ജാൻ എന്നാൽ ജീവൻ വർ എന്നാൽ ഉള്ള. ഭൗതിക ശരീരത്തിനു ചുറ്റും ജീവശക്തി ഭ്രമണം

ചെയ്യുന്ന ആ സത്തെയെയാണ് ജാൻവൻ അഥവാ മൃഗം എന്നുപറയുന്നത്. ജീവനുള്ള ഏതു സത്തയേയും ജാനുവർ എന്നുപറയുന്നു. മനുഷ്യരും മൃഗങ്ങളും സസ്യങ്ങളുമെല്ലാം ജാനുവർ എന്ന ഗണത്തിൽ പറയാം. എന്നാൽ മനുഷ്യൻ ഒരു ജനുവർ അല്ല.

സസ്യങ്ങൾക്കും ജന്തുക്കൾക്കുമുള്ള പൊതുവായ ചില സ്വഭാവങ്ങൾ മനുഷ്യനും ഉണ്ട്. മൃഗങ്ങൾക്കു മാത്രമായുള്ള ചില സ്വഭാവങ്ങളും മനുഷ്യനുണ്ട്. അതുപോലെതന്നെ മനുഷ്യർക്ക് സ്വന്തമായും ചില സ്വഭാവവിശേഷങ്ങൾ ഉണ്ട്. ഈ സ്വന്തമായ പ്രത്യേക സ്വഭാവ വിശേഷങ്ങളാണ് മനുഷ്യരെ മൃഗങ്ങളിൽ നിന്നും വേർതിരിക്കുന്നത്. അതില്ലെങ്കിൽ മനുഷ്യരും മൃഗങ്ങളെ പോലെയാവും. മനുഷ്യൻ സഞ്ചാരം നിർത്തിയാൽ ചലിക്കാതെ ഒരിടത്തിരുന്നാൽ, നടക്കാൻ കഴിഞ്ഞിട്ടും നടക്കാതിരുന്നാൽ അവർ സസ്യങ്ങളെപോലെയാവും. ഒരു വ്യക്തി ജോലി ചെയ്യാൻ ആഗ്രഹിക്കാതിരുന്നാൽ വെറുതെ നിശബ്ദനായിരിക്കാൻ ആഗ്രഹിച്ചാൽ അയാൾക്ക് മനുഷ്യനാവാൻ സാധിക്കുകയില്ല. നാം അയാളെ മനുഷ്യനെന്നോ മൃഗമെന്നോ പറയാതെ ഒരുമരമെന്ന് വിളക്കുന്നു. അതുപോലെ ഒരാൾ മാനുഷിക സ്വഭാവങ്ങൾ പിന്തുടരുന്നില്ലെങ്കിൽ അഥവാ ഭഗവത് ധർമ്മം അനുഷ്ടിക്കുന്നില്ലെ

ങ്കിൽ അയാളെ മൃഗം എന്നു വിളിക്കുന്നു. ഒരിക്കൽ ധാക്കുർ (സന്യാസി) നരോത്തം ദാസ് ഇങ്ങനെ പറഞ്ഞു:

''കൃഷ്ഞ ഭജിബാർ തരേ സംസാരെ ആഇനു

മിഛേ മായായ് ബദ്ധഹയെ വൃക്ഷ സമ ഹോഇനു''

(ഞാൻ കൃഷ്ണനെ ഭജിക്കാനാണീ ലോകത്ത് വന്നത്. നിർഭാഗ്യവശാൽ സമ്മോഹനമായ, മായികമായ വിഭ്രമാവസ്ഥയെ പ്രാപിച്ച് ജഢാവസ്ഥയിലുള്ള ഒരു മരത്തെ പോലെയായി)

മനുഷ്യ ജീവികളും മരങ്ങളെപോലെ ജഢാവസ്ഥയെ പ്രാപിക്കുന്നു. മനുഷ്യൻ എന്നതിന്റെ യഥാർത്ഥ അർത്ഥം ഉൾക്കൊള്ളണമെങ്കിൽ ഒരാൾ മനുഷ്യ ധർമ്മം പിന്തുടരണം. അതല്ലെങ്കിൽ പിന്നെ എങ്ങനെയാണ് മനുഷ്യനെന്നപദം സാധൂകരിക്കുക? ജ ിതി വ്യവസ്ഥയില്ലെങ്കിൽ റോയ് ചൗധരി എന്ന പദം ആരാണുപയോഗിക്കുക? (ജ ികുടുംബങ്ങളെ റോയ് ചൗധരി എന്നുവിളിക്കുന്നു)

മാനവധർമ്മം അഥവാ ഭാഗവദ് ധർമ്മത്തിന മൂന്നു സ്വഭാവങ്ങളുണ്ട്. വിസ്താര, രസ, സേവ.

മനുഷ്യൻ മാനസികമായ വികാസം അന്വേഷിക്കുന്നു. ഒരു ഭാഗത്ത് ഒതുങ്ങിനിൽക്കാതെ എല്ലാ തലത്തിലും വികസിക്കാനാഗ്രഹിക്കുന്നു. ഈ വികാസത്തിനുള്ള ആന്തരീകത്വര സാധാരണ മനുഷ്യന്റെ നൈസർഗ്ഗിക സ്വഭാവമാണ്. അത് ശരീരം നശിക്കുന്നതുവരെ തുടരുന്നു. ആരാണോ ഈ വികാസത്തിന ശ്രമിക്കാത്തത്, ആരാണോ ചില സിദ്ധാന്തങ്ങളാലും മനോഭാവത്താലും മറ്റുള്ളവരുടെ വികാസത്തിന്റെ പാതയെ തടയുന്നത് അവർ തീർച്ചയായും പാപികളാണ്. ആരാണോ സഹജമായ ഗുണങ്ങൾ വികസിപ്പിക്കാൻ ശ്രമിക്കാത്തത് അവരും മൃഗങ്ങളെപോലെതന്നെയാണ്. നാം ആരേയും അടിച്ചമർത്തരുത് അതുപോലെ ആരുടേയും വികസനത്തിന തടസ്സമായി നിൽക്കരുത്. ആരാണോ വികസനത്തിന ആത്മാർത്ഥമായ ശ്രമം നടത്താത്തത് അവരെ അതിനുവേണ്ടി പ്രോത്സാഹിപ്പിക്കണം. പുരോഗമനത്തിന്റെ പാത ഒരിക്കലും അടച്ചുപൂട്ടരുത്. ഇതാണ് വിസ്താര.

രസ എന്നാൽ ഒഴുക്ക് എന്നാണർത്ഥം. ഈ പ്രപഞ്ചത്തിൽ തടുത്തു നിർത്താനാവാത്ത പ്രാപഞ്ചികമായ ഒഴുക്ക് അതി വിശാലമായ ചലനങ്ങൾ ഉണ്ടാക്കു

ന്നു. ഈ ചലനമാണ് ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതും നിലനിർത്തുന്നതും. എല്ലാ പ്രവർത്തനങ്ങൾക്കു പിന്നിലും ഒരു ചലന ശക്തിയുണ്ട്. എല്ലാം ചലിച്ചു കൊണ്ടിരിക്കുന്നു. എല്ലാറ്റിനും വേഗതയുണ്ട്. ഒന്നും ചലിക്കാതെ സ്ഥിതിചെയ്യുന്നില്ല. പരമപുരുഷനെ സംബന്ധിച്ചേടത്തോളം ഇതിനെ പറയുന്നത് രസ വൈസ എന്നാണ്. അദ്ദേഹം രസത്തിന്റെ സാക്ഷാ ത്കാരമാണ് (മൂർത്തിഭാവം). അദ്ദേഹം പ്രാപഞ്ചിക മായ ഒഴുക്കാണ്. (വിശ്വചലനം). അദ്ദേഹത്തിന്റെ സന്തതികളിൽ ഏറ്റവും വികാസം പ്രാപിച്ചത് മനുഷ്യ രാണ്. അതിനാൽ അവരിൽ ഈ ഒഴുക്ക് സ്വഭാവിക മായും ഉണ്ടാവും എന്നത് ഒരു വസ്തുതയാണ്. അതു കൊണ്ടാണ് പറയുന്നത് മനുഷ്യന്റെ നിലനിൽപ്പു തന്നെ ആശയപരമായ ഒഴുക്കാണെന്ന്. അതുകൊണ്ട് മനുഷ്യൻ വിവേകമുള്ള മൃഗമാണ് എന്ന ധാരണ വിക ലമാണ്. അത് മനുഷ്യന്റെ അന്തസ്സ് കുറക്കുന്നു.

മനുഷ്യജീവികൾക്ക് സസ്യങ്ങലെ പോലെയും ജന്തുക്കളെ പോലെയും ചില പൊതു സ്വഭാവങ്ങളു ണ്ട്. ഭക്ഷിക്കുന്നു, ഉറങ്ങുന്നു തുടങ്ങിയവ എന്നാൽ അതിന്റെ അർത്ഥം അവർ മൃഗങ്ങളോ സസ്യങ്ങളോ ആണ് എന്നല്ല. ആനയും ഉറുമ്പും തിന്നുകയും ഉറങ്ങു

കയും ചെയ്യുന്നു. എന്നാലത് അവരെ തുല്യരാകുന്നുണ്ടോ? തീർച്ചയായും ഇല്ല.

അടുത്തത് സേവ. മറ്റുള്ളവരെ സേവിക്കുക എന്നത് മനുഷ്യരുടെ സഹജമായ ഗുണമാണ്. വ്യാവസായികമായ കൊടുക്കലിന്റേയും വാങ്ങലിന്റേയും ജീവൻ എനിക്കെന്തെങ്കിലും തരൂപകരം എന്തെങ്കിലും എടുക്കൂ എന്നതാണ്. ഒരു രൂപ എനിക്കു തരുമ്പോൾ അത്രയും മൂല്യമുള്ള സാധനങ്ങൾ തിരികെ എടുക്കൂ ഈ കൊടുക്കലും വാങ്ങലും രണ്ടു കക്ഷികളെ സംബന്ധിക്കുന്നതാണ്. എന്നാൽ സേവ ഏകപക്ഷീയമാണ്. അതായത് ഞാനെന്റേതെല്ലാം പരമപുരുഷന സമർപ്പിക്കുന്നു. പകരമായി ഒന്നും ആഗ്രഹിക്കുന്നില്ല. ഞാൻ പരമപുരുഷനിൽ വിലയം പ്രാപിക്കാൻ മാത്രം ആഗ്രഹിക്കുന്നു. അത് ഈ പ്രപഞ്ചത്തിലെ ഏറ്റവും മൂല്യമുള്ള നിധിയാണ്. അതിനു വേണ്ടി എന്റെ ഏറ്റവും മൂല്യമുള്ളതെന്തും എന്റെ അസ്തിത്വം കൂടി – ഞാൻ ഉപേക്ഷിക്കും. ഏറ്റവും വിലപിടിച്ച വസ്തുക്കൾക്കുവേണ്ടി ഏറ്റവും വിലപിടിച്ചതുതന്നെ നൽകേണ്ടി വരും. ഞാൻ അദ്ദേഹത്തിനെല്ലാം നൽകുന്നു. എന്റെ നിലനിൽപ്പിന്റെ നിസ്സാരഭാഗം മാത്രം ബാക്കി വയ്ക്കുന്നു. എന്തുകൊണ്ടാണ് നിലനിൽപ്പിന്റെ ചെറിയൊരു ഭാഗം മാത്രം നിർത്തുന്നത്?

കാരണം ഞാൻ ചിലത് കാണാനാഗ്രഹിക്കുന്നു. ചിലത് കേൾക്കാനാഗ്രഹിക്കുന്നു. ചിലതൊക്കെ നേടാനാഗ്രഹിക്കുന്നു. എന്നാൽ ഞാൻ അതിനുള്ള വില നൽകിയില്ലെങ്കിൽ എനിക്കാഗ്രഹമുള്ള വസ്തു ലഭിക്കുകയില്ല.

വിസ്താര, രസ, സേവ എന്നിവയെല്ലാം മാനവ ധർമ്മത്തിന്റെ അഥവാ ഭഗവദ് ധർമ്മത്തിന്റെ ഭാഗങ്ങളാണ്. ഈ ഭഗവദ് ധർമ്മത്തിലാണ് മനുഷ്യത്വത്തിന്റെ ഉൽകൃഷ്ടത നിലനിൽക്കുന്നത്. മനുഷ്യർക്കത് പരമമായ ധർമ്മമാണ്. അതുകൊണ്ടാണിങ്ങനെ പറഞ്ഞത് ഒരാൾക്ക് അയാളുടെ ധർമ്മാനുഷ്ഠാനങ്ങൾ പിൻതുടരുവാൻ പ്രയാസമാണെങ്കിൽ പോലും ഈ ധർമ്മത്തിനനുസരിച്ച് ജീവിക്കാൻ അയാൾ നിർബ്ബന്ധിതനാവുന്നു. കാരണം ഈ മാനവ ധർമ്മം അഥവാ ഭാഗവത ധർമ്മം നേട്ടങ്ങളാലും കോട്ടങ്ങളാലും, പരമാനന്ദത്താലും വേദനയാലും പ്രയാസപ്പെടുമ്പോൾ സ്വന്തം വ്യക്തിത്വം നിലനിർത്താൻ അത് കൂടിയേ തീരൂ.

പരാധർമ്മം – മൃഗങ്ങളുടേയും സസ്യങ്ങളുടേയും ധർമ്മം – വളരെയെളുപ്പം പിൻതുടരാവുന്നതാണ്. ഒരു മരം ഒരു സ്ഥലത്ത് സ്ഥിരമായി നിൽക്കുന്നു. ഒരു മൃഗം ഭക്ഷണം തേടി അലഞ്ഞു നടക്കുന്നു. അവർ ഭക്ഷിക്കുക, ഉറങ്ങുക തുടങ്ങി ഏതാനും പ്രവർത്തി

കൾ മാത്രം ചെയ്യുന്നു. ഒരു മൃഗത്തെപോലെ മാത്രം പെരുമാറുന്ന മനുഷ്യൻ മാനസിക വികസനത്തിനെതിരെ നിൽക്കുന്നു.  അതിനാൽ മൃഗത്തേക്കാൾ ഒട്ടും ഗുണമില്ലാത്തവനാകുന്നു. ഏതെങ്കിലും പ്രവൃത്തിയെ ഭയപ്പെടുന്നവൻ, ചലിക്കാൻ താൽപര്യമില്ലാത്തവൻ, പി-പു-ഫി-സു എന്ന തത്വം പാലിക്കുന്നവൻ ഒരു സസ്യത്തേക്കാൾ ഒട്ടു നല്ലവനല്ല. ( വീടിന് തീപിടിച്ചപ്പോൾ മൂന്നുപേർ അവിടെ വിശ്രമിക്കുന്നുണ്ടായിരുന്നു. അവർ കുഴിമടിയ ാരായിരുന്നു. ഒന്നാമൻ പി (പിട-പിൻഭാഗം) എന്നും രണ്ടാമൻ പു(കത്തുന്നു) എന്നും മൂന്നാമൻ ഫി എന്നും നാലാമൻ സു എന്നും (വട്ടത്തിൽ തിരിയുക) പറഞ്ഞു. പി-പു-ഫി-സു (നമ്മുടെ പിൻഭാഗം കത്തുന്നു ചുറ്റും തിരിയുക) എന്നു പറഞ്ഞപ്പോഴേക്കും അവർ ജ്വാലയിൽ പൊതിയപ്പെട്ടു എന്ന് കഥ)

അത്തരക്കാർ അവരുടെ ജീവിതം ഒരു ജോലിയും ചെയ്യാതെ ഉറങ്ങിക്കൊണ്ട് തീർക്കുന്നു. മനുഷ്യജീവിതംകൊണ്ട് അത്ഥമാക്കുന്നത് അത്തരം നാടകമല്ല. അത് വളരെ എളുപ്പമാണെങ്കിലും മനുഷ്യജ മെടുത്തവർക്കത് അനുയോജ്യമല്ല.

‘‘സ്വധർമ്മേ നിധനം ശ്രേയഃ’’

ഭഗവത് ധർമ്മത്തിന്റെ പാതയിൽ സഞ്ചരിക്കുമ്പോൾ ഏതെങ്കിലും വ്യക്തി മരിക്കാനിടയായാൽ അതേറ്റവും സ്വാഗതാർഹമായ കാര്യമാണ്. അത് മുക്തിയിലേക്കുള്ള പാത തെളിയിക്കും.

പരധർമ്മോ ഭയാവഹഃ മൃഗ ധർമ്മം പിന്തുടരുന്ന മനുഷ്യ മനസ്സ് തരം താഴുകയും അത് ഒരു മൃഗമായോ സസ്യമായോ പുനർ ജനിക്കത്തക്ക് രീതിയിലാവുകയും ചെയ്യും. അതുകൊണ്ടാണിങ്ങനെ പറഞ്ഞത്.

പരധർമ്മ: ഭയാവഹ ഇവിടെ സ്വധർമ്മം എന്നാൽ ശാക്ത, വൈഷ്ണവ, ഹിന്ദുമത വിശ്വാസങ്ങൾ എന്ന് അർത്ഥമാകുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട വസ്തുതയാണ്.

കൽക്കത്ത 5-11-1978

ഉള്ളടക്കം

## 13. ആത്മീയ പുരോഗതിയുടെ മൂന്നു ഘട്ടങ്ങൾ

ഇന്നലെ ഞാൻ പറഞ്ഞു മനുഷ്യനെ ഒരു സാഹചര്യത്തിലും ഒരു മൃഗം എന്നു പറയാൻ പാടില്ല

എന്ന്. ദൈവം വൈവിധ്യമാർന്ന ജീവജാലങ്ങളെ സൃഷ്ടിച്ചു. മനുഷ്യർ, മൃഗങ്ങൾ, സസ്യങ്ങൾ എന്നിവ. ഈ മൂന്നു വിഭാഗങ്ങളിൽ തന്നെ ധാരാളം ഉപ വിഭാഗ ങ്ങളുണ്ട്. എല്ലാ മനുഷ്യരും, എല്ലാ മൃഗങ്ങളും, എല്ലാ സസ്യങ്ങളും ഒരുപോലെയല്ല.

സർവ്വേ ച പശവഃ സന്തി തലവദ് ഭൂതലേ നരാഃ

തേഷാം ജ്ഞാന പ്രകാശായ വീരഭവഃ പ്രകാശിതഃ

വീരഭാവം സദാ പ്രാപ്യ ക്രമേണ ദേവതാഭവേത്.

എല്ലാ മനുഷ്യരും ജനനശേഷം ഏതാനും സമയം ശൈശവാവസ്ഥയിൽ കഴിയുന്നു. തീരുമാനമെടുക്കാ നുള്ള വികസിതമായ ബുദ്ധി ശക്തി രൂപപ്പെട്ടു വരാ ത്തതിനാൽ ഒരാൾ എല്ലാവിധത്തിലും ശിശുസഹജ മായ അവസ്ഥയിൽ തന്നെ സ്ഥിതി ചെയ്യുന്നു. അതു കൊണ്ട് ഒരു കുട്ടി എന്തു തെറ്റുചെയ്താലും നാമവന് മാപ്പു നൽകുന്നു. ബുദ്ധി ശക്തി വികാസം പ്രാപിക്കാ ത്തതിനാൽ അവനെ കുറ്റം പറയുകയില്ല. മൃഗങ്ങളെ പോലെ മലമൂത്രവിസർജനം നടത്തിയാലും അവനെ നാമാരും വെറുക്കുകയില്ല.

കുട്ടി വളർന്ന് ഒരു ബാലനാകുമ്പോൾ ബുദ്ധിശക്തികുറെകൂടെ വികസിക്കുന്നു. മൂത്ത ചേച്ചിയെ ചിലപ്പോൾ പേരാണ വിളിക്കുക. ആ വിളി മധുരമുള്ളതായി ചേച്ചി ആസ്വദിക്കുന്നു. കുറച്ചുകൂടി വളർന്നാൽ ചേച്ചിയോ കുടുംബത്തിലെ മറ്റംഗങ്ങളോ അതാസ്വദിക്കുകയില്ല. നീ എന്റെ പേര് എവിടെ വെച്ചെങ്കിലുംഉച്ചതിരിച്ചാൽ ഞാനത് കാര്യമാക്കില്ല. എന്നാൽ അമ്മായിയച്ഛന്റെ വീട്ടിൽ വച്ചു മാത്രം അങ്ങനെ വിളിക്കരുതെന്ന് ചേച്ചി പരാതിപ്പെടുന്നു. അവിടെ നീയെന്നെ ചേച്ചി എന്നുതന്നെ വിളിക്കണ മെന്ന് ശഠിക്കുന്നു. കുട്ടികൾ കുറച്ചേയുള്ളൂവെങ്കിൽ ഈ കുറ്റത്തിന മാപ്പു കൊടുക്കില്ല.

സാധാരണയായി ഒരു കുട്ടിയുടെ മനസ്സിന പക്വത വരുമ്പോൾ അവന വൈദികസമ്പ്രദായമനുസരിച്ച് ആത്മീയതയിലേക്കുള്ള ആദ്യപാഠങ്ങൾ പഠിപ്പിക്കു ന്നു. ഈ പ്രാരംഭ പാഠങ്ങളിലടങ്ങിയ തത്വം ഒരാൾ പരമപുരുഷനോട് ഇങ്ങനെ അപേക്ഷിക്കുകയാണ് അല്ലയോ പ്രഭോ, എനിക്ക് ശരിയായ വഴികാണിച്ചു തരൂ. ശരിതന്നെ ഒരാൾ നല്ലപാത അന്വേഷിക്കുന്നു വെങ്കിൽ അത് തീർച്ചയായും കണ്ടെത്തിയിരിക്കും. ഗായത്രിമന്ത്രത്തിൽ ഇങ്ങനെ പറയുന്നു:

‘‘ഓം ഭൂർഭുവഃ സ്വഃ

ഓം തത്സവിതുർവരേണ്യം

ഭർഗോ ദേവസ്യ ധീമഹി

ധിയോ യോ നഃ പ്രചോദയാത് ഓം''

അതായത് ഹേ പ്രഭോ എന്റെ ബുദ്ധിയെ ശരിയായ ദിശയിൽ നയിച്ചാലും.

വേദ സമ്പ്രദായമനുസരിച്ചുള്ള ഈ ആരംഭമന്ത്രം ലഭിച്ചുകഴിഞ്ഞാൽ ഒരാൾക്ക് മനസ്സിന് പക്വത ലഭിച്ചു എന്നുപറയാം. അടുത്ത ഘട്ടം താന്ത്രികരീതിയിലുള്ള തുടക്കമാണ്. ഈ അവസരത്തിൽ ഒരാൾ ഇഷ്ടമന്ത്രവും ഗുരു മന്ത്രവും പഠിക്കാനുള്ള അർഹതനേടുന്നു. ഈ മന്ത്രം ലഭിച്ചാൽ ഒരാൾ വളരെവികാസം പ്രാപിച്ച മനസ്സോടുകൂടിയവനും പുതിയ വ്യക്തിത്വത്തിനുടമയുമായിത്തീരുന്നു. ദീക്ഷയും ഇഷ്ടമന്ത്രവും സ്വീകരിക്കാൻ വേണ്ട ഒരുക്കങ്ങൾ ഈശ്വരൻതന്നെ ചെയ്തു തരുന്നു. എല്ലാ പ്രാർത്ഥനയും പരമപുരുഷനുള്ളതാണ്. അദ്ദേഹം മാത്രമാണ് ഗുരു. (ആത്മീയാചാര്യൻ). അതുകൊണ്ടാണിങ്ങനെ പറഞ്ഞത് ഗുരുതന്നെയാണീശ്വരൻ ഈശ്വരൻ തന്നെ ഗുരു.

ആരാണോ ഈ പാതയിൽ വന്നു ചേരാത്തത് അയാൾ വികാസം പ്രാപിക്കാത്തവനായിതീരുന്നു. മനുഷ്യശരീരത്താൽ അനുഗ്രഹീതനാണെങ്കിലും അവർ മൃഗത്തേക്കാൾ ഉന്നതരല്ല. ആ അവസരത്തിൽ അവർ ആത്മാർത്ഥതയോടെ ഈശ്വരനോട് പ്രാത്ഥി ക്കുന്നു. ദയവായി ഞങ്ങളെ ഈ മൃഗീയ ജീവിത ത്തിൽ നിന്നും കരകയറ്റൂ. ഞങ്ങൾക്ക് ശരിയായവഴി കാണിച്ചു തരൂ എന്ന്. ഈ പുരാതനാവസ്ഥയിൽ ഭക്ത ാർ പരമപുരുഷനെ പശുപതി എന്നു വിളിക്കു ന്നു. (പശു - മൃഗം, പതി-പ്രഭു) അഥവാമൃഗങ്ങളുടെ പ്രഭു.

ആത്മീയപരിശീലനത്തിന്റെ ദീക്ഷയെടുത്തു കഴി ഞ്ഞാൽ ഒരാൾ എല്ലാഭാഗത്തുനിന്നുമുള്ള പ്രതിബന്ധ ങ്ങളേയും അഭീമുഖീകരിക്കേണ്ടിവരുന്നു. അയാളുടെ കുടുംബക്കാരും സുഹൃത്തുക്കളും ബന്ധുക്കളുമെല്ലാം തടസ്സങ്ങൾ ഉണ്ടാക്കുന്നു. ഇങ്ങനെ പല ഭാഗത്തു നിന്നും വരുന്ന ഇത്തരം പ്രതിബന്ധങ്ങളെ ധൈര്യ ത്തോടെ തോൽപ്പിച്ച് ധീരനായി മുന്നേറണം. യുദ്ധം കൂടാതെ ഒരാളും ജയിക്കുകയില്ല. പ്രയാസങ്ങൾ നേരി ടാതെ വിജയത്തെ പറ്റി ചിന്തിക്കാനാവില്ല. ഇപ്പോൾ ഒരു ചോദ്യം വരുന്നു. ഈ യുദ്ധത്തിൽ ആരാണ് യോഗ്യനായ പടയാളി? ഒരു നായകനുമാത്രമേ യുദ്ധം

ചെയ്യാനാവൂ. മൃഗീയതക്കു മുകളിൽ തന്റെ മനസ്സിനെ എത്തിച്ചവന്നുമാത്രമേ വീരൻ അഥവാ നായകനാവാൻ കഴിയൂ. ഈയവസരത്തിൽ ഒരാൾ പരമപുരുഷനെ വീരേശ്വരൻ എന്ന് അഭിസംബോധനം ചെയ്യുന്നു. നായകപദവികിട്ടിയ ഒരു ഭക്തന് പരമപുരുഷൻ പശുപതി എന്ന നാമതിൽ അറിയപ്പെടുകയില്ല. അങ്ങനെയുള്ള ഭക്തന് പാപകർമ്മങ്ങൾ സഹിക്കാനാവില്ല. അനീതി കണ്ടുനിൽക്കാനാവില്ല. അവനൊരിക്കലും ഒരു കുറ്റമോ പാപമോ ചെയ്യാനുമാവില്ല.

ക്രമേണ ദേവതാ ഭവേത്

സാവധാനം ഒരാൾ ദേവനായിത്തീരുന്നു. അതായത് ഒരാൾ ദൈവതുല്യനാവുന്നു. വീരഭാവത്തിൽ നിന്നും ഘട്ടം ഘട്ടമായി വികസിച്ച് ഒരാൾ ദൈവം എന്നവാക്ക് അന്വർത്ഥമാക്കുന്നു. തുടർന്നയാൾ ദിവ്യഭാവത്തിലെത്തുന്നു. വളരെ മാന്യ സ്വഭാവമുള്ള അത്തരം വ്യക്തികളെ ദൈവതുല്യൻ, ദൈവീകമായവൻ, അഥവാ ശിവതുല്യനായവൻ എന്നുപറയുന്നു. അത്തരം വ്യക്തികൾ പരിണാമദിശയിൽ സഞ്ചരിച്ച് ഒരു ദിവസം പരമപുരുഷനിൽ ലയിക്കുന്നു. സ്വയം പരമപുരുഷനാവുന്നു. ഇതാണ് ആത്മീയാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങൾ.

മനുഷ്യൻ വളരെ ഉയർന്ന രീതിയിൽ വികസിച്ചെങ്കിലും പരിണാമദിശയുടെ ഉയരങ്ങളിലെത്താനുള്ള കഴിവ് അവനുണ്ട്. ഇത്തരം കഴിവുകൾ ആരാണോ പ്രയോജനപ്പെടുത്തുന്നത് അയാൾ ബുദ്ധിമാനാണ്. ആരാണോ അതിനൊരിക്കലും ശ്രമിക്കാത്തത് – മൃഗതുല്യനായി ജീവിക്കുന്നത് – അയാൾ മനുഷ്യനേക്കാൾ താഴ്ന്ന ഒരു ജീവിയുടെ ജ മെടുക്കുന്നു. മൃഗങ്ങൾക്ക് ബുദ്ധിയില്ലാത്തതിനാൽ ബുദ്ധിപരമായി പ്രവർത്തിക്കേണ്ടിവരില്ല. മനുഷ്യർ ബുദ്ധിപരമായി അനുഗ്രഹീതരാണ്. ശരിയായ വിധി നിർണ്ണയിക്കാൻ കഴിയുന്നവനുമാണ്. അതിനാൽ ശരിയായ വിധം പ്രവർത്തിച്ചില്ലെങ്കിൽ, ധർമ്മാനുശാസനങ്ങൾ തുടരാൻ വിമുഖത കാട്ടുന്നുവെങ്കിൽ അയാൾ മൃഗാങ്ങളേക്കാൾ ഒട്ടും നല്ലവനല്ല. ധർമ്മപ്രചാരണം ഓരോ സാധകന്റേയും കടമയാണ്. അങ്ങനെ ചെയ്താൽ മനുഷ്യൻ തെറ്റുകൾക്കതീതനാവും. ആത്മീയ പാത പിന്തുടരുകയും ചെയ്യും. ഇത് നമ്മുടെ സഹജ പ്രകൃതിയാണ്.

കൽക്കത്ത. 06.11.1978

ഉള്ളടക്കം

# 14. തന്ത്രമാണ് സാധന, സാധനയാണ് തന്ത്രം

തന്ത്രമെന്നാൽ സാധനയാണെന്നും സാധനയെന്നാൽ തന്ത്രമാണെന്നും നിങ്ങളിലധികം പേർക്കും അറിയാം. തന്ത്ര എന്ന വാക്ക് രണ്ടു രീതിയിൽ വ്യാഖ്യാനിക്കാം. എല്ലാ പ്രവൃത്തിക്കുപിന്നിലും എല്ലാ ഭാവങ്ങൾക്കു പിന്നിലും ഒരു പ്രത്യേക ശബ്ദമുണ്ട്. ഒരാളുടെ കാലടി ശബ്ദം കേൾക്കുമ്പോൾ തന്നെ അത് ഇന്നയാളായിരിക്കുമെന്ന് നിങ്ങൾ ഊഹിക്കും. ചലനം, നടത്തം തുടങ്ങിയ എല്ലാ പ്രവർത്തനങ്ങൾക്കും അതിന്റേതായ ഒരു ശബ്ദമുണ്ട്. ചിലപ്പോൾ മനുഷ്യർ പൂർണ്ണമായും ചലനരഹിതനായിരിക്കും. അയാളപ്പോൾ ജഢാവസ്ഥയിലാണ്. ഈ ജഢതയുടെ ശബ്ദശാസ്ത്രസംബന്ധിയായ പേര് ത എന്നാണ്.

പ്രത്യേകമായ എന്തെങ്കിലും കാര്യങ്ങൾ ചെയ്യുമ്പോൾ അതിനുസഹായകമായി നാം എന്തെങ്കിലും ശബ്ദം പുറപ്പെടുവിക്കും. ഉദാഹരണമായി ഒരു കാള വണ്ടിക്കാരൻ കാളകളെ തെളിക്കുമ്പോൾ പല സമയങ്ങളിൽ വിവിധങ്ങളായ ശബ്ദങ്ങൾ പുറപ്പെടുവിക്കും. നാലു ചക്രങ്ങളുള്ള പഴയകാലകുതിരവണ്ടികൾ വലിക്കുന്ന കുതിരകൾ കുതിച്ചോടാൻ വണ്ടിക്കാരൻ

ര-ര  എന്ന രീതിയിലുള്ള ശബ്ദം പുറപ്പെടുവിക്കും. (സമകാലീനമായ പടഹധ്വനിക്ക് സദൃശം). കുതിരക്കാരൻ കടിഞ്ഞാൺ വലിച്ച്  ഥ  എന്നുഘറയുമ്പോൾ കുതിരനിൽക്കുന്നു. അതുകൊണ്ട് ഈ വണ്ടിയെ രഥം എന്നുപറയുന്നു. ര എന്ന ശബ്ദത്തിൽ തുടങ്ങുകയും ഥ എന്ന ശബ്ദത്തിൽ നിർത്തുകയും ചെയ്യുന്നു. പല വാക്കുകളും ഇങ്ങനെ ഉണ്ടായിട്ടുണ്ട്.

ഇനിമറ്റൊരുദാഹരണം. പണ്ട്യകാലത്ത് ആഢ്യരായവർ തോൽച്ചെരിപ്പ് ഉപയോഗിക്കുകയില്ല. പകരം മരത്തിന്റെ മെതിയടി ഉപയോഗിക്കുന്നു. (ഇപ്പോൾ ധരിക്കുന്ന ഷൂ വിന ഏതാണ്ട സമമാണിത ). ഈ മെതിയടിയിൽ നടക്കുമ്പോൾ ടക്, ടക്, ടക് എന്ന ശബ്ദം വരുന്നു.  ഠക്കം ഠക്കം കരോതി യ സ ഠാക്കുറ  (ഈ ഠക്, ഠക് ശബ്ദം ഉണ്ടാക്കുന്ന ആളെ താക്കുറ എന്നു പറയുന്നു). ഠാക്കൂർ എന്ന ഓമനപ്പേര് ടാക്കുറയിൽ നിന്നും വന്നതാണ്. ആംഗലേയ ഭാഷയിൽ  ടാഗോർ  എന്നായി. അതുകൊണ്ട് ആരാണോ മെതിയടി ധരിച്ചെത്തുന്നത് അയാളെ ഠാക്കൂർ മശാഇ എന്ന് വിളിക്കുന്നു. ഇതുപോലെ പല പല വാക്കുകളും നിലവിൽ വന്നു. ഇപ്പോഴും ഗുജറാത്തിൽ ഠാക്കൂർ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്നവരുണ്ട്. മഹാരാഷ്ട്രയിൽ

ഇവർ ഠാക്രെ അഥവാ ഠാക്കാരെ എന്ന പേരിൽ അറിയപ്പെടുന്നു.

നമ്മുടെ യഥാർത്ഥ ചർച്ചയിലേക്കു വരാം. ത എന്നത് ശബ്ദ ശാസ്ത്രപരമായി ജഢാവസ്ഥയുടെ സ്ഥാനസ്ഥിതമായതിന്റെ വേരാണ്. തന്ത്രം ആത്മീയപരിശീലനമാണ്. അത് നിശ്ചലാവസ്ഥിയൽ നിന്ന് (ത) ഒരാളെ മോചിപ്പിക്കുന്നു. അത് ഒരാളെ കർമ്മനിരതനും ബുദ്ധിമാനുമാക്കുന്നു. അതയാളെ പ്രവർത്തനക്ഷമമാക്കുന്നു. മറ്റൊന്നും ചിന്തിക്കാതെ ഒരാളെ കർമ്മ പഥത്തിലേക്ക് ഓടിക്കുന്നു. കൈകാലുകൾ ഉയർത്തുന്നു. ഇതാണ് തന്ത്രത്തിന്റെ ഊർജ്ജസ്വലത.

തം ജാഡ്യാത് താരയേത് യസ്തു

സഃ തന്ത്രഃ പരികീർത്തിതഃ

അതിനാൽ മന്ദതയെ അകറ്റാനുള്ള പ്രവർത്തനക്ഷമമായ രീതിയാണ് തന്ത്രം. അത് നിഷ്ക്രിയത്വത്തെ (ജഢത) അകറ്റുന്നു. ഹിന്ദിയിൽ ജഢത എന്നത് ജാർ ആണ്. ശീതകാലത്ത് മനുഷ്യർ ജഢാവസ്ഥയിൽ പിണ്ഡം പോലെയിരിക്കും. ചൂടുകാറ്റടിക്കുമ്പോൾ ആ ജഢാവസ്ഥ ഇല്ലാതാവുന്നു. ഡോൾ യാത്രോത്സവത്തിന്റെ മുമ്പുള്ള ഹോളി ആഘോഷരാത്രിയിൽ ചെറുപ്പക്കാർ ചപ്പുചവറുകളുടെ കൂനകത്തിച്ച് തീക്കായയു

ന്നു. ഇത് ശൈത്യത്തിന്റെ ആലസ്യത്തെ ഇല്ലാതാക്കു ന്നതിന്റെ പ്രതീകമാണ്. ഇന്നുമുതൽ ഞാൻ അലസ നായിരിക്കുകയില്ല . എന്ന ഇച്ഛാശക്തിയാണ് ഈ ആഘോഷത്തിന്റെ പൊരുൾ. ശീതത്തെ ഭയന്ന് ഞാനൊരുകളിമൺ കൂനയായിരിക്കുകയില്ല. ഉത്തരേ ന്ത്യയിൽ ഇതിനാണ് ഹോളി എന്നുപറയുന്നത്.

തന്ത്ര എന്നതിന് മറ്റൊരർത്ഥമുണ്ട്. സംസ്കൃതക്രി യാരൂപമായ തൻ എന്ന ധാതുവിന് വികസിപ്പിക്കുക എന്നതാണർത്ഥം. ഒരു ശിശുവിന്റെ ശരീരം ക്രമേണ വികസിക്കുന്നു. അത് മുപ്പത്തിഒമ്പതുവയസ്സുവരെ തുടരുന്നു. യൗവനാവസ്ഥയിൽ ശരീരം വളരെ വേഗം വളരുന്നു. അതിനാലാണ് ഇളം പ്രായത്തിലുള്ള കുട്ടി കൾക്ക് വിശപ്പ് അധികം ഉണ്ടാവുന്നത്. അവരുടെ കൈകാലുകൾ സദാക്രിയാത്മകമാണ്. അത് വികാസ ത്തേയും വളർച്ചയേയും സുഗമമാക്കുന്നു. ഒരു വഴിക്ക് അല്ലെങ്കിൽ മറ്റൊരു വഴിക്ക് വളരുന്ന ഈ ശരീര ത്തിന്റെ വളർച്ച 39 വയസ്സുവരെ തുടരുന്നു. ഈ ഘട്ട ത്തിന് തനു എന്നു പറയുന്നു. അതിനുശേഷം ശരീരം ക്രമേണ ജീർണ്ണിക്കുന്നു. തലയിൽ കഷണ്ടിക യറുന്നു. തൊലിചുളിയുന്നു. ഈ അവസ്ഥയിൽ അതിനെ ശരീരം എന്നുപറയുന്നു. ശരിയായ അർത്ഥ

ത്തിൽ ഒരാളുടെ ശരീരപ്രകൃതി ജീർണ്ണിച്ച് ചുളിഞ്ഞ് നാശോ ുഖമായ അവസ്ഥയിലെത്തുന്നു.

അതിനാൽ തനു എന്ന ധാതുവിന വികസിക്കുക എന്നർത്ഥമാണ്. അതിനാൽ തന്ത്രം എന്നത് ശാസ്ത്രീയമായ വികസനത്തിലൂടെ മോക്ഷത്തിലേക്ക് നയിക്കുന്നത് എന്നാണർത്ഥമാക്കുന്നത്.

ഇതാണ് തന്ത്ര എന്നതിന്റെ രണ്ടർത്ഥങ്ങൾ. അതിന്റെ ആന്തരികശക്തി ഒന്നുതന്നെ.

മനുഷ്യന്റെ സാധനാ രീതിയുടെ പ്രകൃതം എന്താണ്? മനുഷ്യമനസ്സിന്റെ പരിധിയും പരിമിതിയും ബാഹ്യതലത്തിൽ മാത്രമല്ല ആന്തരിക തലത്തിൽ കൂടിയാണ്. ഒരു വ്യക്തിയുടെ മനസ്സ് വളരെ ഇടുങ്ങിയതാവുമ്പോൾ അയാൾ നീചമനസ്സിന്റെ ഉടമയാവും. ഒരാളുടെ മനസ്സ് വിശാലമാവുമ്പോൾ അയാൾ വളരെ ഉയർന്ന വ്യക്തിയാവും. സാധന മനസ്സിനെ വികസിപ്പിക്കുന്നു. വിശാലമാക്കുന്നു. എങ്ങനെ? ചിന്തിക്കുന്നതെന്തുമായിത്തീരാൻ ജ നാലുള്ള അതിന്റെ കഴിവുകൊണ്ട്.

യാദൃശീ ഭാവനാ യസ്യ

സിദ്ധിർഭവതി താദൃശീ

(നിങ്ങൾ എങ്ങനെ ചിന്തിക്കുന്നുവോ അങ്ങനെയാവാൻ കഴിയുന്നു).

പരമപുരുഷനുമായി - പരമസത്തയുമായി - ഒരാൾ ലയിക്കുന്നതാണ് യഥാർത്ഥ സാധന. പരമപുരുഷനേക്കാൾ സമുന്നതനായി ആരുമില്ല. അതുകൊണ്ട് മനസ്സ് അദ്ദേഹത്തിൽ കേന്ദ്രീകരിക്കുമ്പോൾ അത് വികാസം പ്രാപിക്കുന്നു. പ്രകൃതി മനുഷ്യമനസ്സിൽ അടക്കിയ ജഢത, ക്രൂരത എന്നിവയുടെ അതിർവരമ്പുകൾ നീക്കം ചെയ്യപ്പെടുന്നു. മനസ്സ് വിശാലമാവുന്നു. വികാസം പ്രാപിക്കുന്ന ഈ മനുഷ്യ മനസ്സ് വിശ്വമനസ്സിനൊപ്പം വികസിക്കുകയും രണ്ടും ഒന്നായി തീരുകയും ചെയ്യുന്നു. (പരമപുരുഷനും മനുഷ്യനും)

കൂടുതൽ വിശദീകരണത്തിന് ക്രിയാത്മകമായ ഒരു ഉദാഹരണം ഞാൻ നൽകാം. കയറുകൊണ്ടുവരിഞ്ഞനിങ്ങളുടെ ശരീരം വികസിപ്പിക്കാൻ ശ്രമിക്കുന്നുവെന്നിരിക്കട്ടെ. കയറിനെന്തു സംഭവിക്കും? അത് മുറിഞ്ഞു പോകും. അതുപോലെ പ്രകൃതി നിങ്ങളിൽ സൂക്ഷിച്ചുവെച്ച കെട്ടുപാടുകൾ മനസ്സ് വികസിപ്പിക്കുന്നതോടൊപ്പം വലിഞ്ഞുപൊട്ടിപോകുക തന്നെചെയ്യും.

ചുരുക്കത്തിൽ ഇതാണ് തന്ത്രം. അടിസ്ഥാനപരമായി മനുഷ്യമനസ്സിന്റെ അന്തർധാരാവികസനമാണ്

അത്. ബ്രഹ്മം അതിനു വേണ്ട വഴിയൊരുക്കുന്നു. വികസനത്തിന്റെ പാതയിൽ എല്ലാ കെട്ടുപാടുകളിൽ നിന്നും മനുഷ്യൻ മോചിതനാവുന്നു. ഇതാണ് തന്ത്രത്തിന്റെ രീതി. അതുകൊണ്ടാണിങ്ങനെ പറയുന്നത്. തന്ത്ര എന്നാൽ സാധനയാണ്. സാധനയെന്നാൽ തന്ത്രവും. സാധനയില്ലാതെ തന്ത്രം അഭ്യസിക്കാനാവില്ല.

കൽക്കത്ത - 6.11.1978

ഉള്ളടക്കം

## 15. മനുഷ്യപുരോഗതിയുടെ നാലുഘട്ടങ്ങൾ

ഈ പ്രപഞ്ചത്തിലെ ഓരോ ചലനവും ക്രമാനുഗതമാണ്. അതായത് ചലനത്തിന് പിന്നിൽ നിശ്ചലതയും നിശ്ചലതക്കു പിന്നിൽ വേഗതയും അതായത് ഒരു മണ്ണിരയുടെ ചലനം പോലെ ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായ പുരോഗതിയാണ് ഭൗതികപുരോഗതി. ഇത് വെറും ബാഹ്യമായ പുരോഗതിയാണ്. ഇത് ശരിയായ പുരോഗതിയോ വികസനമോ അല്ല. ആദ്യമായി യാത്ര ആരംഭിച്ച അതേ സ്ഥലത്തു തന്നെ ഒരാൾ ഉടക്കി നിന്നാൽ അവിടെ എന്തു പുരോഗതി

യാണ് സംഭവിച്ചത്? ഒരു റോഡ് നിർമ്മിച്ചാൽ പുരോഗതിയുടെ പാതയിൽ മുന്നേറി എന്നുപറയാനാവില്ല. ആ പാതയിലൂടെ മുന്നോട്ടു യാത്രചെയ്യുമ്പോഴെ അത് പുരോഗതിയാവുകയുള്ളൂ. അതിനാൽ മനുഷ്യൻ പുരോഗതി നേടേണ്ടത് മാനസികമണ്ഡലത്തിലാണ്. ചലനപ്രക്രിയയിൽ, മനസ്സിന നിലനിൽപ്പില്ലാത്ത ഒരവസ്ഥയിൽ അവർ ചെന്നെത്തുന്നു. അതാണ് ആത്മീയഭ്യാസം നടത്തുന്ന മനുഷ്യന്റെ മനസ്സ്. ആ പരമോന്നതാവസ്ഥയിൽ മനസ്സ് എത്താത്തിടത്തോളം കാലം മനുഷ്യൻ അപൂർണ്ണനായി നിലകൊള്ളും. ഈ ചലനത്തിന്റെ പാതയെ നാലു ഘട്ടമായി തീരിക്കാം. യതാമാന വ്യാതിരേക, ഏകേന്ദ്രിയ, വശീകാര.

യതമാന എന്ന അവസ്ഥയിൽ ഭക്തൻ അഥവാ ആത്മീയാഭ്യാസി ആത്മാർത്ഥതമായ ശ്രമങ്ങൾ നടത്തുന്നു. ഇവിടെ എടുത്തുപറയേണ്ട ഒരു കാര്യം ഒരാൾ പരിശ്രമം തുടർച്ചയായി ചെയ്തുകൊണ്ടിരിക്കുമ്പോൾ യാതൊരു പരിധിയുമില്ലാതെ സമയം കടന്നുപോകും എന്നുള്ളതാണ്. ഒരാൾപറയും ഞാൻ ശ്രമിക്കുകയാണന്ന്. ഈ ശ്രമം മൂന്നോ, നാലോ, അഞ്ചോ ഇരുപത്തഞ്ചോ ജ ങ്ങൾ തുടർന്നാൽ പിന്നെ വളർച്ച മുരടിക്കും അതിനാൽ ഞാൻ ശ്രമിക്കുന്നു എന്നത് ഒട്ടും പോരാത്തകാര്യമാണ്. എന്നിരുന്നാലും ആദ്യഘ

ട്ടത്തിലുണ്ടായ നേട്ടം ചുരുങ്ങിയത് ക്രിയാത്മകമായ ശ്രമം നടത്തി നോക്കുക എന്നതാണ്. ഈ അവസ്ഥയാണ് യതമാന.

ആദ്യഘട്ടത്തിൽ നിന്നും രണ്ടാംഘട്ടത്തിലേക്കുക ടക്കുമ്പോൾ ഒരാൾക്ക് പുരോഗതിയിലേക്കുള്ള ഉറച്ച മനോഭാവം ഉണ്ടാവണം. അതാണ് വ്യതിരേക .

ഫലിഷ്യാതിതീവിശ്വാസ സിദ്ധേർ പ്രധമല ക്ഷണം ഞാൻ വിജയിക്കും. ഈ തരത്തിലുള്ള ഉറച്ച തീരുമാനമാണ് വിജയത്തിന്റെ മുൻവ്യവസ്ഥ. കഥ തുടരുന്നു. ബുദ്ധൻ വളരെകാലം സാധന പരിശീലി ച്ചു. എന്നാലപ്പോഴും ആദ്യ ദിശയിലെ ലക്ഷ്യത്തിലെ ത്താനദ്ദേഹത്തിനു കഴിഞ്ഞില്ല. അതുകൊണ്ട് രണ്ടാം ഘട്ടത്തിലെത്തിയപ്പോൾ ഉറച്ച തീരുമാനത്തിലെത്തി.

''ഇഹാസനെ ശുഷ്യതു മേ ശരീരം

ത്വഗസ്ഥി മാംസം പ്രലയഞ്ച യാതു

അപ്രാപ്യബോധിം ബഹുകല്പ ദുർലഭാം

നൈവാസനാത് കായമതശ്ചലിഷ്യതെ''

പരമമായ ആനന്ദത്തിന്റെ ഉന്നതിയിൽ ഞാൻ എത്തിയില്ലെങ്കിൽ ഞാനീ ഇരിപ്പിൽ നിന്നും ഒരണു പോലും അനങ്ങുകയില്ല. എന്റെ ശരീരം ഉണങ്ങി

യാലും എന്റെ അസ്ഥിയും മാംസവും തൊലിയും നശിച്ചുപോയാലും ഞാൻ പി ാറില്ല.

പരമോന്നതമായ വിജയത്തിലെത്താൻ ഉറച്ചതീരുമാനത്തോടെ ഒരാൾ ഇരിക്കുന്നു. ഈ ബിന്ദുവിൽ നിന്നുമാണ് രണ്ടാം ഘട്ടത്തിന്റെ തുടക്കം. ഇതാണ് വ്യതിരേക ഘട്ടം.

ആരംഭഘട്ടത്തിൽ എന്തു സംഭവിച്ചു ? ഒരാൾക്ക് മാനസികവൃത്തികളെ ഒരളവോളം നിയന്ത്രിക്കാനുള്ള കഴിവ് നേടിയെടുത്തു. മാനസിക വ്യാപാരങ്ങൾ നിയന്ത്രിതമായി. പിന്നീട് മറ്റൊരു സമയത്ത് മറ്റു ചില വൃത്തികളേയും നിയന്ത്രിക്കാനുള്ള കഴിവ് നേടും. ഇത് രണ്ടാം ഘട്ടത്തിൽ പരിശീലിക്കുന്നു. പലപ്പോഴും ശ്രദ്ധിക്കേണ്ട ഒരു കാര്യം, വീടും കുടുംബവും ഉപേക്ഷിച്ച ധാരാളം സിദ്ധ ാർക്കും, സന്യാസിമാർക്കും ഭക്ഷണം ഒരു ദുർബലതയാണ് എന്നതാണ്. ആരെങ്കിലും രുചിയുള്ള ആഹാരമോ പാനീയമോ വാഗ്ധാനം ചെയ്യുമ്പോൾ അവർ വിധേയരായിത്തീരുന്നു. മറ്റുചിലർ ഭക്ഷണത്തിന്റെ ആർത്തിയെ അതിജീവിച്ചിട്ടുണ്ടെങ്കിലും സന്ദർശകർ വളരെയധികം വിനയം കാണിച്ചില്ലെങ്കിൽ കുപിതരാവുന്നു.

ഇതെല്ലാം ഒരുതരം മനോരോഗമാണ്. മനസ്സിന്റെ ദൗർബ്ബല്യമാണ്. ഇതാണ് വ്യതിരേക. ഭക്ത ാർ

ഇത്തരം തടസ്സങ്ങൾക്കെതിരെ പോരാടണം. ജീവിക്കുക, അല്ലെങ്കിൽ മരിക്കുക എന്ന പ്രതിജ്ഞ അവർ എടുക്കണം. കാരണം മനസ്സിന്റെ ഈ അസന്തുലിതാവസ്ഥ അധികനാൾ നിലനിൽക്കില്ല.

മൂന്നാംഘട്ടമാണ് ഏകേന്ദ്രീയ മനസ്സിന്റെ ഏതെങ്കിലുമൊരു പ്രത്യേക വാസനയെ പൂർണ്ണമായി നിയന്ത്രിക്കലമാണ് ഏകേന്ദ്രീയ. ഒരിക്കൽ നിയന്ത്രിച്ചാൽ പിന്നീടത് തിരിച്ചു വരില്ല. പിന്നീട് അധ:പതനം സംഭവിക്കുകയില്ല. മനസ്സിന്റെ ചില പ്രത്യേക വൃത്തികളെ പൂർണ്ണമായി നിയന്ത്രിക്കുക എന്നതാണ് ഏകേന്ദ്രിയ എന്ന പേരിൽ അറിയപ്പെടുന്നത്. എന്തായിരിക്കും ഇതിന്റെ ഫലം? ഉദാഹരണമായി സംസാരിക്കാനുള്ള അവയവമായ ഇന്ദ്രിയത്തിന്റെ നിയന്ത്രണം കൈവന്നുവെന്നിരിക്കട്ടെ. അയാൾ പിന്നീട് പറയുന്നതെല്ലാം സത്യമായിരിക്കും. ഇതിനെ വാക്ശുദ്ധി എന്നു പറയുന്നു. അതായത് ഒരിന്ദ്രിയം – ഇവിടെ അത് വാഗിന്ദ്രിയം – പൂർണ്ണമായും നിയന്ത്രണവിധേയമായി.

അടുത്തത് നാലാമത്തേതും അവസാനത്തേതുമായ ഘട്ടമാണ്. വശീകാര എന്ന ഘട്ടം. ഇവിടെ ആത്മീയ സാധകൻ മനസ്സിന്റെ എല്ലാ വൃത്തികളേയും സമ്പൂർണ്ണ നിയന്ത്രണത്തിൽ കൊണ്ടുവരുന്നു. ഏതെങ്കിലുമൊരാൾ ഇരുപതിനായിരം വർഷം മുമ്പ് എന്തു

സംഭവിച്ചു എന്നറിയാൻ ആഗ്രഹിക്കുന്നുവെന്ന് കരുതുക. അറിയാനുള്ള ആഗ്രഹം ഏതു നിമിഷത്തിലാണോ ഉണ്ടായത് അപ്പോൾതന്നെ അയാളുടെ മനസ്സ് ഭൂതകാലത്തിലേക്ക് തിരിച്ചുപോയി 20,000 വർഷങ്ങൾക്കു മുമ്പ് സത്യത്തിൽ സംഭവിച്ചതെന്താണെന്ന് അറിയുന്നു. ഒരാൾ ഏതെങ്കിലും രാജ്യത്ത് അച്ചടിച്ച ഒരു പുസ്തകത്തിലെ ഏതെങ്കിലും പേജ് അറിയാനാഗ്രഹിച്ചാൽ ആനിമിഷം തന്നെ അയാൾ മനസ്സിനെ ആ പുസ്തകത്തിലെ പ്രത്യേക പേജിലേക്കയക്കുന്നു. അതിന്റെ ഉള്ളടക്കം അറിയുന്നു. ഇതാണ് വശീകാര സിദ്ധിയുടെ അടയാളങ്ങൾ. സാധാരണ മനുഷ്യൻ ഇയാൾ വളരെയധികം വായിക്കുന്നവനാണെന്ന് ധരിക്കുന്നു. എന്നാൽ അതല്ലശരിയായ വസ്തുത. എല്ലാം അയാളുടെ വശീകരസിദ്ധിയിൽ നിന്നും ലഭിച്ചതാണ്. അയാൾക്ക് മനസ്സിനെ എവിടേയുംമെത്തിക്കാനും എന്തും അറിയാനും കഴിയും. ഈ ഘട്ടത്തിൽ എല്ലാം പരിപൂർണ്ണനിയന്ത്രണത്തിൽ വരികയും ദൈവീകമായ നേട്ടങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ അയാൾ പൂർണ്ണമായും പരമപുരുഷന കീഴടങ്ങിയില്ലെങ്കിൽ എന്താണ് സംഭവിക്കുക? വശീകരണ സിദ്ധിയും അതുവഴി ലഭിച്ച നിഗൂഢ ശക്തിയും അയാളെ അഹങ്കാരിയാക്കും. അയാൾ തന്നെ വെറുക്കുന്നവനെ ശപിക്കാൻ തുടങ്ങും. അങ്ങനെ അറി

യാതെ അയാളുടെ ശക്തിക്ഷയിച്ച് തരം താന്നുവരും. അധ:പതനത്തെ അഭിമുഖീകരിക്കേണ്ടി വരും. അതിനാൽ ഒരാൾക്ക് വശീകാര സിദ്ധി ലഭിച്ചാൽ, അയാൾ നിഗൂഢസിദ്ധിയാൽ സമ്മാനിതമായ ആത്മാവിനെ പരമപുരുഷന് സമർപ്പിക്കണം. അതിന്റെ ഫലം എന്തായിരിക്കും? ഒരാൾ പരമപുരുഷനുമായി ചേരും. അയാൾ പരമപുരുഷനായി മാറും.

ഭുതകാലത്തിൽ നിന്നും പടിപടിയായി പുരോഗതി പ്രാപിച്ച്, വർത്തമാനകാലത്തും അതാവർത്തിച്ച്, ഭാവികാലത്തിലും പുരോഗതിയാർജ്ജിച്ച് നന്നായിത്തീരുക. ഇതാണ് മനുഷ്യ ജീവിതത്തിന്റെ ശരിയായ ലക്ഷ്യം.

കൽക്കത്ത 07.11.1978

ഉള്ളടക്കം

## 16. യേ യഥാ മാം പ്രപദ്യന്തേ...

“യേ യഥാ മാം പ്രപദ്യന്തേ

താംസ്തഥൈവ ഭജാമ്യഹം.

മമ വർത്മാനുവർതന്തേ

മനുഷ്യാഃ പാർത്ഥ സർവശഃ''

കൃഷ്ണൻ പറയുന്നു! മനുഷ്യർ എങ്ങനെ ആഗ്രഹിക്കുന്നുവോ അങ്ങനെ അവർക്ക് പരമപുരുഷനെ ലഭിക്കുന്നു. ഭാവനക്കനുസരിച്ച് അദ്ദേഹത്തെ നേടാനുള്ള അവരുടെ ആഗ്രഹം സഫലീകരിക്കുന്നു. ഒരാൾക്ക് രുചികരമായ ഭക്ഷണം കഴിക്കാനുള്ള ആഗ്രഹമുണ്ടെന്ന് കരുതുക. അടുത്ത ജ ത്തിൽ ഒരു ചെന്നായയോ കാട്ടുപന്നിയായോ ജനിച്ച് ഭക്ഷിക്കാനുള്ള ആഗ്രഹം പരമപുരുഷൻ സാധിപ്പിക്കും. ആടയാഭരണങ്ങളോട് ഒരു സ്ത്രീക്ക് അത്യാഗ്രഹമുണ്ടാകുമ്പോൾ വർണ്ണപ്പൊലിമയാകുന്ന ഒരു മയിലായി അവൾ പുനർജനിക്കും. ഒരു ദിവസം നായാട്ടുകാരൻ അതിനെ അമ്പെയ്തുകൊല്ലുകയും ചെയ്യും. നാമെന്താണോ ആഗ്രഹിക്കുന്നത് അത് നേടുകതന്നെചെയ്യും. ഉള്ളിലുള്ള ആഗ്രഹത്തിനനുസരിച്ച് മനുഷ്യന് പരമപുരുഷനേയും ലഭിക്കും. പരമപുരുഷനെ നേടാനാഗ്രഹിക്കുന്നതിനു മുമ്പ് ഒരാൾ അതീവ ജാഗ്രതയുള്ളവനായിത്തീരണം. ഒരാൾ രാജാവായിത്തീരണമെന്ന് സങ്കൽപ്പിക്കുന്നു. അടുത്ത ജ ത്തിൽ അയാൾ ജനിക്കുന്നത് രാജാ എന്ന ഓമനപ്പേര് വിളിക്കുന്ന ഒരു സാധുകുടുംബത്തിലാവും. അയാൾ രാജാവാനാ

ഗ്രഹിച്ചു രാജാവുമായി. എന്തും ആഗ്രഹിക്കുന്നതിനു മുമ്പ് ഒരാൾ ജാഗ്രതയുള്ളവനാകണം.

ഇതുമായി ബന്ധപ്പെട്ട് നല്ല ഒരു കഥയുണ്ട്. ഒരിക്കൽ ഒരു വ്യക്തി മരണമില്ലാത്തവനാകാൻ വരം ചോദിച്ചു. ശിവൻ പറഞ്ഞു ഒരിക്കലും അമരനാവാൻ സാധിക്കുകയില്ല എന്ന്. എന്തും ചോദിക്കുന്നതിനു മുമ്പ് ബുദ്ധികൊടുത്ത് വളരെ ചിന്തിക്കണമെന്നും പറഞ്ഞു. അപ്പോൾ രാത്രിയിലോ പകലിലോ തനിക്ക് മരണമുണ്ടാകരുതെന്ന് അയാൾ വരം ചോദിച്ചു. ശിവൻ വരം നൽകി. പക്ഷെ സന്ധ്യാ സമയത്ത് അയാൾ വധിക്കപ്പെട്ടു. ഏറ്റവും ഉത്തമം പരമപുരുഷനോടൊന്നും ആവശ്യപ്പെടാതിരിക്കുകയാണ്. കൃഷ്ണൻ പറയുന്നു ഏതെല്ലാം വാക്കുകളിലൂടെയാണോ ഒരാൾ പ്രാർത്ഥിക്കുന്നത് ഞാൻ ആ പ്രാർത്ഥനകേൾക്കും. ഭക്തിയുടെ വികാസമനുസരിച്ച് പരമപുരുഷനോട് എന്തു ചോദിക്കണമെന്ന് ഭക്തൻ തീരുമാനിക്കും. ഒരാളുടെ ഭക്തി സ്വാർത്ഥതയാൽ പോഷിപ്പിക്കപ്പെട്ടതാണെങ്കിൽ അവരെന്താണ് ചോദിക്കുക? അവർ ഉള്ളുകൊണ്ട് പരമപുരുഷനോട് പറയും. ഒരാൾ എന്നെ അധിക്ഷേപിക്കുന്നു. വാടകക്കാരൻ വീടൊഴിഞ്ഞു തരുന്നില്ല. വേറൊരാൾ എന്റെ ജ ശത്രുവാണ്. അവരെയെല്ലാം നരകത്തിലേക്കയക്കുക. നല്ലതിനുവേണ്ടി

അവരെ നശിപ്പിക്കുക. ഇങ്ങനെ പ്രാർത്ഥിക്കുമ്പോൾ യഥാർത്ഥ ശത്രുവും ഇതേ പ്രാർത്ഥന തന്നെ നടത്തും. ഇവിടെ ദൈവം ബുദ്ധിപരമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ആരെയാണ് സംരക്ഷിക്കുക? ആരെയാണ് കടാക്ഷിക്കുക? രണ്ടുഭാഗവും കൈകാര്യചെയ്യേണ്ടിവരും. അതിനാൽ ആരെങ്കിലും പരമപുരുഷനോട് എന്റെ ശത്രുവിനെ നശിപ്പിക്കുക, എന്റെ പാതയിലെ മുള്ള് എടുത്തുകളയുക എന്ന് പ്രാർത്ഥിക്കുമ്പോൾ പരമപുരുഷൻ അഭിനയിക്കും. അയാൾ ഉദ്ദേശിക്കുന്നതുപോലെ ഇത്തരം ഭക്ത ാർക്കൊരിക്കലും പരമപുരുഷനെ ലഭിക്കുകയില്ല. കാരണം അവർക്ക യഥാർത്ഥത്തിൽ ആവശ്യം പരമപുരുഷനെയല്ല. അദ്ദേഹത്തെ ആവശ്യമില്ലെങ്കിൽ പിന്നെ അദ്ദേഹത്തെ പ്രാപിക്കുമെന്ന പ്രതീക്ഷയും വേണ്ട.

ഒരുദാഹരണംപറയാം. അമ്മ അടുക്കളയിൽ ഭക്ഷണം പാകം ചെയ്യുമ്പോൾ കുട്ടികരയാൻ തുടങ്ങുന്നു. കുഞ്ഞിനെ ആശ്വസിപ്പിക്കാനും അത് കരയാതിരിക്കാനും അമ്മ മനോഹരമായ ചില കളിക്കോപ്പുകൾ കുഞ്ഞിന നൽകി ജോലിതുടരുന്നു. കുഞ്ഞ് സമർത്ഥനാണെങ്കിൽ കളിക്കോപ്പുകൾ വലിച്ചെറിഞ്ഞ് അമ്മയെ മാത്രം ആഗ്രഹിക്കുന്നു. കുട്ടിയെ അനുനയിപ്പിക്കന്നത് വളരെ പ്രയാസമാണെന്ന് മനസ്സിലാക്കുന്ന അമ്മ അടു

ക്കളജോലി അൽപ നേരം നിറുത്തി വെച്ച് കുഞ്ഞിനെ എടുത്തില്ലെങ്കിൽ അതുറക്കെ കരയും. അപ്പോൾ അയൽവാസികൾ പറയും ഇവരെന്തൊരു മനുഷ്യ രാണ്? കുട്ടികളെ അവരൊട്ടും ശ്രദ്ധിക്കുന്നില്ല എന്ന്.

ആരാണോ അയൽവാസികളെ ഉ ൂലനം ചെയ്യാൻ പരമപുരുഷനോടാവശ്യപ്പെടുന്നത്, അദ്ദേഹം ആ ആഗ്രഹം സാധിപ്പിക്കുകയോ സാധിപ്പിക്കാതിരിക്കു കയോ ചെയ്തേക്കാം. പക്ഷെ ഒരുകര്യം സത്യമാണ്. അവനൊരിക്കലും പരമപുരുഷനെ പ്രാപിക്കുകയില്ല. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതു കൊണ്ട് നമ്മുടെ ലക്ഷ്യങ്ങൾ മുൻഗണനാക്രമത്തിൽ ശ്രദ്ധയോടുകൂടി സ്ഥിരപ്പെടുത്തണം.

ചിലർപറയും ഇല്ല. എന്റെ ശത്രുവിനെ ഉ ൂലനം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ സ്വന്തം അഭിവൃദ്ധിമാത്രമാണ് ഞാൻ ആഗ്രഹിക്കുന്നത്. എന്റെ സാമ്പത്തിക വിജയം മാത്രമാണ് ഞാൻലക്ഷ്യമാക്കു ന്നത്. എനിക്കെന്റെ ജോലിയിൽ വിജയിക്കണം. സ്വന്തം ജോലിയിൽ സ്ഥാനക്കയറ്റം ആഗ്ര ഹിച്ചുവരുന്ന നിരവധി ആളുകളെ നിങ്ങൾക്കറിയും. നാരായണൻ (പരമപുരുഷൻ) വീണ്ടും സംശയത്തിലാ വും. ആരെ സ്വീകരിക്കണം, ആരെ എതിർക്കണം. ഒരേ തസ്തികയിലേക്കുള്ള മത്സരാർത്ഥികളിൽ

എല്ലാവരേയും ആശ്വസിപ്പിക്കാനാവുമോ? അർഹത പ്പെട്ട വ്യക്തിക്കു തന്നെ പ്രസ്തുത ജോലി ലഭിക്കാൻ പരമപുരുഷൻ എല്ലാ സജ്ജീകരണങ്ങളും ഒരുക്കിയി രിക്കും. ആരാണോ ആവശ്യപ്പെടുന്നത് അയാൾക്ക് ആ തസ്തിക കിട്ടാം, കിട്ടാതിരിക്കാം. പക്ഷെ ഒരു കാര്യം ഉറപ്പാണ്. പരമപുരുഷനോട് ശരിയായ ആഗ്രഹം ഇല്ലാത്തവർക്ക് ഒരിക്കലും അദ്ദേഹത്തെ നേടാനാവില്ല.

ആരാണോ ശത്രുനാശത്തിനാവശ്യപ്പെടുന്നത് അവരെ താമസിക ഭക്ത ാർ എന്നു വിളിക്കുന്നു. എല്ലാ രംഗത്തും തങ്ങളുടെ സൗഭാഗ്യത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുന്നവർ താമസിക ഭക്തനമാരല്ല. കാരണം അവർ മറ്റുള്ളവരുടെ നാശം ആഗ്രഹിക്കുന്നി ല്ല. എന്നിരുന്നാലും അവരുടെ ആഗ്രഹങ്ങൾ യുക്തി സഹമായ ചിന്തകളാൽ പിൻതാങ്ങപ്പെട്ടതാണ്. അവർ സ്വാർത്ഥതയാൽ പ്രബലരായി നിൽക്കുമ്പോൾ ന്യായ വാദങ്ങൾക്കോ, വിവേചന ശക്തിക്കോ യാതൊരു മൂല്യവും ഉണ്ടാവുന്നില്ല. ഇത്തരക്കാർ രാജസിക ഭക്ത രാണ്.

അടുത്ത വിഭാഗം ഭക്ത ാർ പറയുന്നു. അല്ലയോ നാരായണാ ഞങ്ങൾക്ക് മുക്തിയില്ലാതെ ഒന്നും ആവ ശ്യമില്ല. ഞങ്ങൾ അധികകാലം ജീവിക്കുകയില്ല.

കാരണം ഞങ്ങളുടെ ആരോഗ്യം വളരെ വഷളായി ക്കൊണ്ടിരിക്കുന്നു. ഈ ലോകത്ത് ഇപ്രകാരം ജീവി ക്കുന്നതുകൊണ്ട് എന്താണ് പ്രയോജനം? എന്നാൽ പരമപുരുഷൻ അവരുടെ ആരോഗ്യം വീണ്ടും വർദ്ധി പ്പിച്ചാൽ ഈ അഭിപ്രായം അവർ തന്നെ തിരുത്തും. ഒരാളുടെ ആരോഗ്യം പുന:സ്ഥാപിക്കപ്പെട്ടാലും അരു ചികരമായ ഭക്ഷണം ദഹിപ്പിക്കാനുള്ള ശക്തി ഇല്ലാതി രുന്നാൽ അയാൾ റൊട്ടികൊണ്ടും സൂപ്പുകൊണ്ടും തൃപ്തിയടയും. രുചികരമായ ഭക്ഷണം സ്വാദുനോ ക്കാൻ കഴിയാതിരുന്നാൽ ഒരാൾ അധികകാലം ജീവി ക്കാനാഗ്രഹിക്കുകയില്ല. പരമപുരുഷൻ എങ്ങനെയെ ങ്കിലും അയാളുടെ ദഹനശക്തി വർദ്ധിപ്പിച്ചാൽ അയാൾ പറയും! അല്ലയോ പരമപുരുഷാ! ഞാൻ യഥാർത്ഥത്തിൽ കുറച്ചുകൂടി ജീവിക്കാനാഗ്രഹിക്കു ന്നു. മുമ്പയാൾ ജീവിതം തുടരാൻ വൈമനസ്യം കാട്ടി യിരുന്നു. ജീവിതത്തിന്റെ ആശ്വാസങ്ങളും സന്തോഷ ങ്ങളും ആസ്വദിക്കാൻ മോശമായ ആരോഗ്യം തടസ്സമാ യിരുന്നു.

മറ്റുചിലർ പറയും ഞങ്ങൾക്ക് വയസ്സായി. വാർദ്ധ ക്യാവസ്ഥയിലെത്തിയതിനാൽ എന്തെങ്കിലും വൈദിക മന്ത്രങ്ങൾ ഉരുവിടാതെ ഭക്ഷണം കഴിച്ചാൽ ജനങ്ങൾ മോശമായ രീതിയിൽ വിമർശിക്കും. അതിനാൽ

വൈദികാരാധനാരീതിയനുസരിച്ച് ഏതാനും നാമജപങ്ങൾ നടത്താം. ഈ വിഭാഗത്തിൽപെട്ടവരാണ് സാത്വിക ഭക്ത ാർ. അവർ ഭൗതിക വസ്തുക്കളൊന്നും ആവശ്യപ്പെടില്ല. സംശയിക്കേണ്ടതില്ല. ജീവിതാന്ത്യത്തിലെത്തിയതിനാൽ വെറും മോക്ഷം മാത്രമാണയാൾക്ക് ആവശ്യം. പരമപുരുഷൻ ഇവർക്ക് മോക്ഷം കൊടുക്കാം കൊടുക്കാതിരിക്കാം. ഒരു കാര്യം ഉറപ്പാണ്. അയാൾക്കൊരിക്കലും പരമപുരുഷനെ ലഭിക്കുകയില്ല. കാരണം അവർക്ക് വേണ്ടത് മോക്ഷമാണ്. പരമപുരുഷനെയല്ല. അതുകൊണ്ടാണ് ശ്രീകൃഷ്ണൻ പറഞ്ഞത് ഒരാൾ ഏതു വഴിയാണോ ആവശ്യങ്ങൾ ഉന്നയിക്കുന്നത് ആ വഴിയിൽ അവരുടെ പ്രാർത്ഥന ഞാൻ സാധിപ്പിച്ചുകൊടുക്കും എന്ന്.

അടുത്ത അവസ്ഥയിലുള്ള ഭക്ത ാർ പറയും പരമപുരുഷന് എന്റെ എല്ലാ ആവശ്യങ്ങളും വളരെ നന്നായി അറിയുന്ന സ്ഥിതിക്ക് ഞാനദ്ദേഹത്തോട് എന്താവശ്യപ്പെടാനാണ്? എന്റെ പുരോഗതിക്ക് എന്താണാവശ്യമെന്ന് അദ്ദേഹത്തിന് നന്നായി അറിയാം. ഒരമ്മക്ക് കുട്ടിയുടെ ആവശ്യങ്ങൾ അവനേക്കാൾ നന്നായി അറിയും. ഉദാഹരണമായി കുഞ്ഞ് വിതുമ്പുമ്പോൾ, സഹജമായവാസനയാൽ തണുപ്പു തട്ടിയതുകൊണ്ടാണെന്ന് അമ്മ അറിയും. ഒരു പുതപ്പുകൊണ്ട

തിനെ പുതപ്പിക്കും. പെട്ടെന്നു തന്നെ കുട്ടി കരച്ചിൽ നിർത്തും. കുഞ്ഞ് അമ്മയെ ആശ്രയിച്ചുകഴിയുന്നതു പോലെ തന്നെ മനുഷ്യർ പരമപുരുഷനെ ആശ്രയിച്ചു കഴിയുന്നു. അതായത് താങ്കൾ തീർച്ചയായും എനിക്ക് നല്ലതെന്നു തോന്നുന്ന കാര്യങ്ങൾ ചെയ്തുതരും. അതിനാൽ ഞാനെന്തിനാണ് അങ്ങയോടെന്തെങ്കിലും ആവശ്യപ്പെടുന്നത്? എന്റെ ശരിയായ താൽപര്യങ്ങൾ എവിടെക്കിടക്കുന്നുവെന്ന് എന്നേക്കാളും നന്നായി അങ്ങേക്കറിയാം. അതിനാൽ ഇത്തരം ഉയർന്ന അവ സ്ഥിയലുള്ള ഭക്തർ പരമപുരുഷനോടൊന്നും തന്നെ ആവശ്യപ്പെടില്ല. അല്ലയോ പരമപുരുഷാ എനിക്ക് നന്നാവുമെന്ന് താങ്കൾക്ക് തോന്നുന്നതെല്ലാം അങ്ങ് ചെയ്താലും. എന്നതാണ് അവരുടെ ലളിതമായ സമീപനം. ഞാനാഗ്രഹിക്കുന്നത് എന്റെ സത്കർമ്മ ങ്ങളാൽ അങ്ങയെ സന്തോഷിപ്പിക്കുക എന്നതാണ്. താങ്കളെ സന്തോഷിപ്പിക്കുന്നതുവഴി എനിക്കും സന്തോഷമാവും. അങ്ങയെ സന്തോഷിപ്പിക്കുന്നതാ ണെന്റെ ജോലി. അതുവഴി ഞാനും സംതൃപ്തനാകും. ഇതാണെന്റെ ഒരേയൊരാഗ്രഹം. എനിക്ക് മറ്റൊരു താൽപര്യവുമില്ല. ഇതിനെയാണ് രാഗാനുഗഭക്തി എന്ന് പറയുന്നത്. ഇതാണതിന്റെ ഭാവം. എനി ക്കൊന്നും ആവശ്യമില്ല. ഞാൻ അങ്ങയുടെ പ്രവത്തി മാത്രം ചെയ്യാനാഗ്രഹിക്കുന്നു. അങ്ങയുടെ ജോലി

ചെയ്ത് സന്തോഷിക്കാൻ ഞാൻ ഇച്ഛിക്കുന്നു. അങ്ങയെ സ്നേഹിക്കുന്നതുവഴി, അങ്ങയെ സന്തുഷ്ട നാക്കുന്നതുവഴി ഞാനും സന്തോഷിക്കുന്നു.

ഏറ്റവും ഉന്നതരായ ഭക്ത ാർപറയും ഞാനെന്റെ ഓരോ പ്രവൃത്തിയാലും അങ്ങയെ സന്തോഷിപ്പിക്കാ നാഗ്രഹിക്കുന്നു. അത് എനിക്ക് സന്തോഷമാണോ ദു:ഖമാണോ നൽക്കുക എന്നത് എന്നെ സംബന്ധിച്ചേ ടത്തോളം അപ്രധാനമാണ്. എന്റെ കഠിനമായ ജോലി അങ്ങയെ ആഹ്ലാദിപ്പിക്കലാണ്. അതിനെ രാഗാത്മിക ഭക്തി എന്നു പറയുന്നു. ഇതാണ് ഭക്തിയുടെ ഉന്നത മായ അവസ്ഥ. ഒരാൾക്ക് ഈ രീതിയിലുള്ള ഭക്തി യാണ് ഉണ്ടാവേണ്ടത്. പരമപുരുഷന സന്തോഷം നൽകുന്ന ഏതു ജോലിയും ഞാൻ ചെയ്യും. അത് എന്നെ സന്തോഷിപ്പിച്ചാലും ഇല്ലെങ്കിലും പ്രശ്നമല്ല.

യേയഥാ മാം പ്രപദ്യന്തേ - ഒരാൾ എന്നിൽ നിന്നും എന്താഗ്രഹിക്കുന്നുവോ അത് ഞാൻ നൽകും. ആരാണോ പരമപുരുഷനെ സന്തോഷിപ്പിക്കാനാഗ്ര ഹിക്കുന്നത് അയാളോട് കൃഷ്ണൻ പറയുന്നു. അതു പോലെ ചെയ്യുക എന്ന്. അയാളായിരിക്കും ലോക ത്തിൽ വെച്ച് ഉത്തമനായ കർമ്മി. ഏറ്റവും കഴിവുള്ള വ്യക്തി. അവനാണ് ലോകത്തിന്റെ ഏറ്റവും വലിയ സമ്പാദ്യം.

മമ വർത്മാനുവർതന്തേ മനുഷ്യാഃ പാർത്ഥ സർവശഃ കൃഷ്ണൻ പറഞ്ഞു. ഞാനുണ്ടാക്കിയപാതയിൽ നിന്നും ആർക്കും വ്യതിചലിക്കാനാവില്ല. എല്ലാവരും അതേപാതയിൽ സഞ്ചരിക്കേണ്ടിയിരിക്കുന്നു. ഒരാൾ എന്നിൽ നിന്നും അകന്നുപോകാനാഗ്രഹിക്കുന്നുവെങ്കിൽ അയാൾക്കും അതേപാത തന്നെശരണം. അയാൾ അനുനിമിഷം എന്നിൽ നിന്നും അകന്നകന്നുപൊയ്ക്കൊണ്ടിരിക്കുന്നു. എന്നെ അയാൾ വീണ്ടും അന്വേഷിക്കുമ്പോൾ അതേ പാതയിൽ തന്നെ ദീർഘദൂരം എന്നിലേക്കടുത്തുവരേണ്ടിയിരിക്കുന്നു.

ഈ പരമമായ സത്യം എത്രകണ്ട് വേഗത്തിൽ മനുഷ്യന അറിയുന്നുവോ അത്രയും നല്ലത്. ചിലർ യൗവ്വനാവസ്ഥയിൽ ഇത് അറിയുന്നു. മറ്റുചിലർ വാർദ്ധക്യാവസ്ഥയിലാണ് അറിയുന്നത്. എത്ര നേരത്തെ ഈ സത്യം അറിയുന്നുവോ അത്രയും നല്ലതാണ്. പ്രായം ഇക്കാര്യത്തിൽ പരിഗണിക്കേണ്ടതില്ല. ധ്രുവചരിതം ഇവിടെ എടുത്തുപറയേണ്ടിയിരിക്കുന്നു.

ധ്രുവൻ വളരെക്കാലം ധ്യാനനിരതനായിരുന്നു. പ്രായംകൊണ്ടയാൾ നന്നേ ചെറുപ്പമാണ്. ധ്യാനം കൊണ്ടാകട്ടെ ഉന്നതമായ ആത്മീയ പുരോഗതി നേടി. ഇതറിഞ്ഞ് മറ്റുയർന്ന സാധക ാർ ഉണർന്നു. ഇന്ദ്രനും,

അഗ്നിയും, വരുണനും ധ്രുവൻ ഇപ്രകാരം തുടർന്നാൽ തങ്ങളുടെ അസ്തിത്വം തന്നെ അപകടത്തിലാവുമെന്ന് അസൂയപ്പെട്ടു. അവർ അവനെതിരെ തിരിഞ്ഞു. എങ്ങനെയെങ്കിലും അവന്റെ സാധന മുടക്കണമെന്ന് തീരുമാനിച്ചു. നാരദനെ അയച്ച് വിലപ്പെട്ട പല വാഗ്ദാനങ്ങളും നൽകാമെന്നേറ്റു. ധ്രുവാ എഴുന്നേൽക്കൂ ധ്യാനം നിർത്തൂ. നിനക്ക് ധാരാളം കളിക്കോപ്പുകളും മധുരപലഹാരങ്ങളും ആഭരണങ്ങളും നൽകാം. എഴുന്നേൽക്കൂ. ധ്രുവൻ അപ്പോൾ ഉറച്ചമറുപടി നൽകി.

''കൗമാര ആചരേത് പ്രാജ്ഞഃ

ധർമ്മാൻ ഭാഗവതാനിഹഃ

ദുർല്ലഭം മാനുഷം ജ

തദപ്യ ധ്രുവമർഥദം''

മനുഷ്യജ ം ലഭിക്കുക എന്നത് വളരെ പ്രയാസമുള്ളതാണ്. അനേക ജ ങ്ങൾ കൃമിയായോ, പുഴുവായോ ജനിച്ചതിനുശേഷമാണ് ഒരു മനുഷ്യജ ം ലഭിക്കുന്നത്. അപ്പോൾ മാത്രമാണ് ഒരാൾ ഭാഗ്യവാനാകു

ന്നത്. ഈ ജ ത്തിൽ മഹത്തരമായ കാര്യങ്ങൾക്ക് ഈ ശരീരം പ്രയോജനപ്പെടുത്തുന്നവർ വളരെ കുറവാണ്. അതിൽ തന്നെ ആത്മീയപുരോഗതിക്കുവേണ്ടി ജീവിക്കുന്നവർ നന്നേ കുറവുമാണ്. അതിനാൽ എനിക്കു ലഭിച്ച ഈ മനുഷ്യ ശരീരം അതിമഹത്തായ കാര്യങ്ങൾക്ക് എത്രയും നേരത്തെ തന്നെ ഉപയോഗപ്പെടുത്തിയാൽ അത്രയും നല്ലത്. മനുഷ്യ ശരീരം കിട്ടാൻതന്നെ പ്രയാസമായതിനാൽ കിട്ടിയത് വളരെ ശരിയായ രീതിയിൽ ഉപയോഗിക്കാനും പ്രയാസമാണ്. അതിനാൽ ഒരാൾ അഞ്ചുവയസ്സിൽ തന്നെ ഇത് തുടങ്ങിയിരിക്കണം. അല്ലയോ നാരദാ, ഞാൻ വൃദ്ധനാകുമ്പോൾ മരിക്കും. ഞാൻ എന്തിന വൃദ്ധനായി ക്ഷീണിതനാവാൻ കാത്തിരിക്കുന്നു? എത്രയും വേഗം നല്ല കാര്യങ്ങൾ ചെയ്താൽ അത്രയും നമുക്കതുപകരിക്കും. എന്തിനാണ് നാം താമസിപ്പിക്കുന്നത്?

രാവണൻ മരണത്തോടടുത്തപ്പോൾ രാമൻ അന്ത്യോപചാരമർപ്പിക്കാൻ ചെന്നു. അല്ലയോ രാവണാ, എന്തെങ്കിലും ഉപദേശം പകർന്നു തരാൻ കരുണ കാണിക്കണം. അപ്പോൾ രാവണൻ രണ്ടുപദേശങ്ങൾ നൽകി.

ശുഭസ്യ ശീഘ്രം, അശുഭസ്യ കാലഹരണം

എപ്പോഴാണോ നിങ്ങൾ നല്ലത് ചെയ്യാനാഗ്രഹിക്കുന്നത്, എപ്പോഴാണോ നല്ലകാര്യങ്ങൾ ചെയ്യാനുള്ള ആഗ്രഹം മനസ്സിൽ വരുന്നത് അപ്പോൾതന്നെ അത് ചെയ്തുതീർക്കുക. ഒട്ടും വൈകരുത്. ശീഘ്രം പ്രവൃത്തിയിലേക്ക് കുതിക്കുക. വൈകിയാൽ മനസ്സ് മാറും. മുമ്പ് ചിന്തിച്ച ധർമ്മനിഷ്ഠമായ ആഗ്രഹം നിങ്ങൾ മറക്കും. എപ്പോഴാണോ നല്ല പ്രവർത്തനങ്ങൾ ചെയ്യാനാഗ്രഹം തോന്നുന്നത് അതേ നിമിഷം തന്നെ ചെയ്തു തുടങ്ങുക. രാമാ എനിക്ക് ഭൂമിയിൽ നിന്നും സ്വർഗ്ഗത്തിലേക്കൊരു കോണി പണിയാൻ ആഗ്രഹമുണ്ടായിരുന്നു. അങ്ങനെയായാൽ എല്ലാവർക്കും അത് കയറി സ്വർഗ്ഗത്തിലെത്താമല്ലോ. എന്നാൽ അടുത്ത ദിവസം തന്നെ ആ ആഗ്രഹം ഞാൻ ഉപേക്ഷിച്ചു. പിന്നെ സമയം വൃഥാ കളഞ്ഞു. ഇപ്പോൾ എന്റെ മരണവും അടുത്തെത്തിക്കഴിഞ്ഞു. ഇനി എന്റെ ആഗ്രഹം സാധിപ്പിക്കാൻ ഒട്ടും സമയവുമില്ല. എന്റെ രണ്ടാമത്തെ ഉപദേശം ഇതാണ്. ഏതെങ്കിലും ചീത്തകാര്യങ്ങൾ ചെയ്യാനാഗ്രഹിക്കുന്നുവെങ്കിൽ അത് അടുത്ത ദിവസത്തേക്ക് മാറ്റിവെച്ച് സമയം കളയുക. മനസ്സിനെ മാറ്റാൻ ഇതുകൊണ്ട് കഴിയും. സമയംകഴിയുമ്പോൾ തീരുമാനത്തിൽ നിന്നും പുറകോട്ടുപോകും. താമസംവിനാ അത് ചെയ്തിരുന്നുവെങ്കിൽ എല്ലാം തീർന്നുവെന്നു വരും.

രാവണൻ തിടുക്കത്തിൽ സീതയെ പിടിച്ചുകൊണ്ടുപോകാൻ തീരുമാനിച്ചു. ഇത്രയും വേഗത്തിൽ ആ തീരുമാനം നടപ്പാക്കിയിരുന്നില്ലെങ്കിൽ അൽപ്പം കൂടി താമസിച്ചിരുന്നുവെങ്കിൽ ഇത്തരം ഒരു വിധിയെ അഭിമുഖീകരിക്കേണ്ടിവരുമായിരുന്നില്ല. തീരുമാനം വളരെ പെട്ടെന്ന് നടപ്പാക്കിയതുകൊണ്ട് അയാൾക്ക് സ്വയം മരണത്തിന് കീഴടങ്ങേണ്ടിവന്നു. അതായത് ശുഭസ്യ ശീഘ്രം അശുഭസ്യകാലഹരണം.

കൃഷ്ണൻ പറഞ്ഞു: അറിഞ്ഞോ ആറിയാതേയോ എല്ലാവരും ഒരേ വഴിയിൽ സഞ്ചരിക്കുന്നു. മറ്റുവഴികൾ ഒന്നുമില്ല. അതുകൊണ്ട് എന്തിനാണ് ഞാനുമായുള്ള അകലം വർദ്ധിപ്പിക്കുന്നത്? എത്ര കണ്ട് അകലം കുറച്ചുകൊണ്ടുവരുന്നുവോ അത്രയും അത് മനുഷ്യന് ഉപകാരപ്രദമാകും.

8.11.1978 കൽക്കത്ത

ഉള്ളടക്കം

# 17. ഒരു സാധകന് വേണ്ട ചുരുങ്ങിയ യോഗ്യതകൾ

എന്തെങ്കിലും ഒരു ജോലിക്ക് തെരഞ്ഞെടുക്കാൻ ഒരു വ്യക്തിക്ക് ചുരുങ്ങിയ ചില യോഗ്യതകൾ ഉണ്ടാകണമെന്ന് നിങ്ങൾക്കറിയാം. ആവശ്യമുണ്ട് എന്ന പത്രപ്പരസ്യ കോളത്തിൽ ഒരുദ്യോഗാർത്ഥിക്ക് വേണ്ട അടിസ്ഥാന യോഗ്യതകൾ പറഞ്ഞിട്ടുണ്ടാവും. എസ്. എസ്. എൽ.സി, ഗ്രാഡ്വേറ്റ്, പോസ്റ്റ് ഗ്രാഡ്വേറ്റ് എന്നിങ്ങനെ. അതുപോലെ തന്നെ ആത്മീയപരിശീലനം ആഗ്രഹിക്കുന്ന വ്യക്തിക്കും ചുരുങ്ങിയ ചില യോഗ്യതകൾ ഉണ്ടായിരിക്കണം. അത് ശരിയായ ജീവിതം നയിക്കാനാവശ്യമാണ്. ഒരു തോട്ടക്കാരന് കൈക്കോട്ടുപയോഗിച്ച് കുഴിക്കാനറിഞ്ഞിരിക്കണം. യോഗ്യനല്ലാത്ത അഥവാ അസമർത്ഥനായ ഒരു വ്യക്തിക്ക് ഒന്നും ചെയ്യാനാവില്ല. അയാൾക്ക് എന്തെങ്കിലും പ്രവൃത്തി ചെയ്യാനുള്ള ഉത്തരവാദിത്വം നൽകുന്നത് ബാലിശമായിരിക്കും. എത്ര പരിശ്രമിച്ചാലും ഒരു കാക്കയെ മൈനയെപോലെയോ, തത്തയെ പോലെയോ സംസാരിപ്പിക്കാനാവില്ല. അതുകൊണ്ട് ആത്മീയാനുഷ്ഠാനങ്ങൾ ചെയ്യാനാരംഭിക്കുന്ന വ്യക്തിക്കും ചില യോഗ്യതകൾ ഉണ്ടായിരിക്കണം. ഈ യോഗ്യതയുടെ അടിസ്ഥാനത്തിലാണ് ആർക്ക്

സാധനാക്രമങ്ങൾ പഠിപ്പിക്കണം, ആർക്ക് നിഷേധിക്കണം എന്ന് തീരുമാനിക്കേണ്ടത്. കാരണം എല്ലാവരേയും എല്ലാം പഠിപ്പിക്കുക അസാധ്യമാണ്.

ഒരിക്കൽ പാർവ്വതി ആത്മീയാഭ്യാസകന ആവശ്യമായ ചുരുങ്ങിയ യോഗ്യത എന്താണെന്ന് ശിവനോട് ചോദിച്ചു. തന്ത്ര എന്നത് രണ്ടു ചിറകുള്ള പക്ഷിയെ പോലെയാണെന്ന് എല്ലാവർക്കും അറിയാം. ഒരു ചിറക് ആഗമ. മറ്റേത് നിഗമ. ശിവനോടുള്ള പാർവ്വതിയുടെ എല്ലാ ചോദ്യങ്ങളും നിഗമ ആണ്. ശിവന്റെ ഉത്തരങ്ങൾ ആഗമയും.

‘‘ആഗതം ശിവവക്ത്രേതഭ്യഃ

ഗതഞ്ച ഗിരിജാശ്രുതൗ

മതഞ്ച വാസുദേവസ്യ

തസ്മാത് ആഗമ ഉച്യതേ’’

അ എന്നത് ആദ്യ വരിയിലെ ആദ്യവാക്കിന്റെ ആദ്യാക്ഷരമാണ്. ഗ എന്നത് രണ്ടാമത്തെ വരിയുടെ ആദ്യത്തേത്. അങ്ങനെയാണ് ആഗമ ഉണ്ടായത്. പാർവ്വതിയുടെ ചോദ്യങ്ങളും ശിവന്റെ ഉത്തരങ്ങളുമാണ് തന്ത്രത്തിന്റെ സൈദ്ധാന്തിക രൂപം.

പാർവ്വതിയുടെ ഒരു ചോദ്യം വളരെ പ്രസക്തമാണ്. വ്യക്തികളുടെ കഴിവുകളിൽ ധാരാളം വ്യത്യാസങ്ങളുണ്ട്. എല്ലാവരും ഒരേ കർത്തവ്യനിർവ്വഹണത്തിന് അനുയോജ്യരല്ല. അതിനാൽ എന്റെ ചോദ്യമിതാണ്. ആത്മീയാഭ്യസനപാത സ്വീകരിക്കാൻ ആരാണ് യോഗ്യൻ? ശിവൻ മറുപടി പറഞ്ഞു. ആത്മീയപാതയിലും മനുഷ്യരുടെ കഴിവുകൾക്ക് ധാരാളം വ്യത്യാസങ്ങളുണ്ട്. ഒരു സാധകന് പ്രത്യേകയോഗ്യതകൾ വേണം. ഒരു ഗുമസ്ഥന് മെട്രിക്കുലേഷൻ പാസ്സായിരിക്കണം എന്നതുപോലെ, ആത്മീയാന്വേഷകനും ചില കാര്യങ്ങളിൽ യോഗ്യനായിരിക്കണം. ഏറ്റവും ആദ്യത്തെ യോഗ്യത അയാൾക്കൊരു മനുഷ്യശരീരം വേണമെന്നുള്ളതാണ്. അതായത് ആത്മീയാന്വേഷകൻ തീർച്ചയായും മനുഷ്യനായിരിക്കണം. ഇതാണാദ്യയോഗ്യത. അതായത് മനുഷ്യ ജ ം ലഭിച്ചവന് മാത്രമേ ആത്മീയസാധന അനുഷ്ഠിക്കാനാവൂ.

എന്താണ് ജ്ഞാനം? ഒരാളുടെ സ്വന്തം അസ്തിത്വം എന്നതിലുപരി ഏതെങ്കിലും ഒരു ബാഹ്യവസ്തുവിനെ ആന്തരികമായി ആഗിരണം (സാത്മീകരണം) ചെയ്യുന്നതാണ് അറിയുക എന്നതിനുള്ള ശരിയായവഴി. രണ്ടുതരം മാങ്ങകൾ ഉണ്ടെന്നുകരുതുക. ഒന്ന് മൽഗോവ മറ്റേത് ഹിമസാഗർ. ഒരു വ്യക്തി

രണ്ടും സ്വാംശീകരിച്ച് അതിനെ അടിസ്ഥാനപരമായ ചില ഗുണങ്ങളും ദോഷങ്ങളും ഉണ്ടെന്ന് കണ്ടെത്തുകയും രണ്ടിന്റെയും വ്യത്യാസങ്ങൾ തിരിച്ചറിയുകയും ചെയ്യുന്നു. ജനങ്ങൾ ഈ പ്രപഞ്ചത്തിലെ ഏതെങ്കിലുമൊരു വസ്തു സാത്മീകരിച്ച് അവരുടെ സ്വന്തമാക്കി മാറ്റി എന്നു കരുതുക. ഇതിനെ പരമമായ അറിവ്, കേവലജ്ഞാനം അഥവാ തിരിച്ചറിവ് എന്നുപറയുന്നു. ഇത് ബാഹ്യലോകത്ത് ഒരിക്കലും നടക്കുകയില്ല. അത് തികച്ചും ആന്തരികമാണ്. ബാഹ്യപ്രപഞ്ചത്തെ തികച്ചും ആന്തരികമാക്കി ആഗിരണം ചെയ്യുന്ന സ്വയം തിരിച്ചറിവാണ് യഥാർത്ഥ ആതമീയ ജ്ഞാനം. കാരണം ആത്മജ്ഞാനമെന്നത് ബ്രഹ്മത്തെ തിരിച്ചറിയുക എന്നതാണ്. പരമപുരുഷൻ എവിടെയാണ് വസിക്കുന്നത്? അദ്ദേഹം ഒരു വ്യക്തിയുടെ ഞാൻ എന്ന ഭാവത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഞാൻ എന്ന ഭാവത്തിലെ ഞാൻ എന്നതിനെ കണ്ടെത്തലാണ് പരബ്രഹ്മത്തെ കണ്ടെത്തുക എന്നതും. അതുകൊണ്ടാണ് പറയുന്നത് ആത്മജ്ഞാനം നേടിയവൻ മോക്ഷത്തിലെത്തുന്നുവെന്ന്.

എന്താണ് മോക്ഷം? ആളുകൾ മോക്ഷം എന്ന പദവും മുക്തി (മോചനം) എന്നപദവും സാധാരണമായി ഉപയോഗിക്കുന്നു. ചിലർ മോക്ഷം എന്നും മറ്റു

ചിലർ നിർവ്വാണം എന്നും മഹാപരിനിർവ്വാണം എന്നും പറയുന്നു. എന്നാൽ എന്താണ് ഇതിന്റെയർത്ഥം? ഭാഷാപരമായും സാമൂഹ്യമായും സാമ്പത്തികമായുമുള്ള പലതരം കെട്ടുപാടുകൾ ഓരോ തലത്തിലുമുള്ള മനുഷ്യസമൂഹത്തിനുണ്ട്. ഇത്തരം കെട്ടുപാടുകളിൽ നിന്നെല്ലാമുള്ള വിമോചന മാണ് മുക്തി. ഒരാൾ സ്ഥിരമായി സ്വതന്ത്രനായിത്തീരു ന്നുവെങ്കിൽ അതിന വിമുക്തി എന്ന് പറയുന്നു. മോക്ഷം അഥവാ മോചനം. തിരിച്ചടിയുണ്ടാക്കുന്ന ചലനശക്തി നശിക്കാതെ ഒരാൾക്ക് മോചനം ലഭി ച്ചാൽ മറ്റു ലോകങ്ങൾ സന്ദർശിച്ച് അയാൾ തിരിച്ചുവ രേണ്ടതായിരിക്കുന്നു. എന്നാൽ ആർജ്ജിച്ച സംസ്ക്കാ രങ്ങൾ നഷ്ടപ്പെടുമ്പോൾ പുതിയ സംസ്ക്കാരങ്ങൾ ഉൾക്കൊള്ളേണ്ടി വരുന്നു. നീണ്ടജീവിതത്തിൽ ഒരാൾക്ക് ധാർമ്മികമായ കാര്യങ്ങളും അധാർമ്മിക മായ കാര്യങ്ങളും ചെയ്യേണ്ടി വരുന്നു. ധാർമ്മികമായ കാര്യങ്ങൾ നേടുന്നവൻ അലൗകികതലത്തിലുള്ളന യുടെ ഫലം ആസ്വദിക്കുന്നു. ഇതിനെയാണ് സ്വർഗ്ഗം എന്നുപറയുന്നത്. സ്വർഗ്ഗം എന്ന ഒരു പ്രത്യേക ലോകം വേറെയില്ല. ഒരാളുടെ ധർമ്മം നാശോ ുഖമാ വുമ്പോൾ നേടിയ സംസ്കാരങ്ങൾ പ്രതിക്രിയയിലാ വുമ്പോൾ (അവസാനിക്കുമ്പോൾ) അയാൾ ഭൂമിയിൽ ജനിക്കുന്നു. പ്രതിക്രിയയാൽ തകരാത്ത സംസ്ക്കാര

ങ്ങളുടെ സേവനത്തിനായി വീണ്ടും വരുന്നു. താനുൾക്കൊണ്ട സംസ്കാരത്തിനനുസരിച്ച് നായ യായോ മനുഷ്യനായിതന്നേയോ വീണ്ടും ജനിക്കുന്നു. സ്വർഗ്ഗം എന്നത് മനുഷ്യൻ ജീവിച്ച രണ്ടു ജീവിതങ്ങ ളുടെ ഇടക്കുള്ള ഘട്ടമാണ്. ഒരാൾക്കും സ്ഥിരമായി സ്വർഗ്ഗം ലഭിക്കുകയില്ല. കാരണം ആർക്കും അനന്ത മായധാർമ്മിക ജീവിതം ലഭിക്കുകയില്ല. അത് തികച്ചും ഭാവനയോ, കള്ളകഥയോ ആണ്. 1200 വർഷങ്ങൾക്ക പ്പുറത്തെ ഒരു ബംഗാളികവിതയിൽ ഇങ്ങനെ പറഞ്ഞി ട്ടുണ്ട്.

‘‘ജേ സഉ പാരെ തിരഗ ഭമൻതി

തേ അജരാചര കിമതി അഹൻതി’’

ഒരു വ്യക്തി സ്വർഗ്ഗത്തിലെത്താൻ ധാർമ്മികമായ കൃത്യങ്ങൾ ചെയ്യുന്നുവെന്നിരിക്കട്ടെ. അയാൾക്കൊരി ക്കലും അമരനായിത്തീരാൻ കഴിയുകയില്ല. ഒരിക്കലും മോചനം ലഭിക്കുകയില്ല. ഒരാൾ സദ്പ്രവർത്തനങ്ങ ളിൽ വ്യാപൃതനായാൽ ഉദാരചിത്തനായാൽ അയാൾ ധാർമ്മികനാവുകയും മരണാനന്തര ജീവിതത്തിൽ അത് ആസ്വദിക്കുകയും ചെയ്യുന്നു. അതിനു ശേഷം പ്രയോജനപ്പെടാത്ത അഥവാ അടിസ്ഥാനപരമായ സംസ്ക്കാരങ്ങൾ പ്രത്യർപ്പണം ചെയ്യാൻ വീണ്ടും മനു ഷ്യജീവിയായോ മൃഗമായോ ജനിക്കുന്നു. ഇതിലെല്ലാ

റ്റിലും കൂടി നാമെന്താണ് നേടിയത്? സ്വർഗ്ഗീയസുഖം നേടുവാനുള്ള അത്യാഗ്രഹം ഇല്ലായിരുന്നുവെങ്കിൽ പരമപുരുഷനോടൊപ്പം ഉയരുക എന്നതൊഴികെയുള്ള ഒരു പരിഗണനയും ഇല്ലായിരുന്നുവെങ്കിൽ മനുഷ്യർക്ക് തീർച്ചയായയുംമോചനം ലഭിക്കും. അതായത് അയാൾ പരമപുരുഷന്റെ അനുഗ്രഹത്താൽ പരമ പുരുഷനായി മാറും.

ബ്രഹ്മവിദ് ബ്രഹ്മൈവ ഭവതി

ആരാണോ ബ്രഹ്മത്തെ തിരിച്ചറിയുന്നത് അയാൾ ബ്രഹ്മമായി മാറും. ഈ ആത്മജ്ഞാനം, ഒരാളുടെ സ്വത്വത്തിൽ ബ്രഹ്മത്തെ നേടിയെടുക്കുന്നത്, ഈ രണ്ടുസത്തകളുടെ കൂടിച്ചേരൽ, ആണ് മോക്ഷത്തിലേക്കുള്ള യഥാർത്ഥ പാത. ഇപ്പോൾ ഒരു ചോദ്യം വരുന്നു. ആരാണ് മോക്ഷത്തിന അർഹനായയവൻ?

സുകൃതൈഃ മാനവോ ഭൂത്വാ പുരാതനസംസ്കൃതത്തിൽ സുകൃതേ: എന്നാലർത്ഥം ഒരാൾ സ്വയം ചെയ്തത്. ഇവിടെ സുകൃതേ: മാനവോഭൂത്വാ എന്നാൽ ഒരാളുടെ ഉത്തമമായ കർമ്മങ്ങൾവഴിയുള്ള പുണ്യത്താൽ ഒരു മനുഷ്യരൂപം നേടുക എന്നതാണ്. മനുഷ്യർ ബുദ്ധി ശക്തിയാൽ പ്രബലമാക്കപ്പെട്ട ജീവികളാണ്. ആരാണോ ജ വാസനകളാൽ മാത്രം നയിക്കപ്പെടുന്നത് അവരെ പശു അഥവാ മൃഗങ്ങൾ എന്നു

പറയുന്നു. ആയതിനാൽ സ്വന്തമായി ചില ജ വാസന കൾ ഉള്ളവനും, അടിസ്ഥാനപരമായി മനസ്സുകൊണ്ട് അഥവാ ബുദ്ധികൊണ്ട് നയിക്കപ്പെടുന്നവനുമായ ഒരാ ളെയാണ് മനുഷ്യൻ എന്നു പറയുന്നത്. അതുകൊണ്ട് മനുഷ്യരെ വിവേകമുള്ള മൃഗം എന്നു പറയുന്നതിനെ ഞാൻ ശക്തമായി എതിർക്കുന്നു. എങ്ങനെയാണ് മനു ഷ്യജീവികൾ വിവേകമുള്ള മൃഗമാവുന്നത്? അവർ ശരിക്കും മൃഗങ്ങളല്ല. ഒരാൾക്ക് മനുഷ്യ ശരീരം ലഭി ച്ചാൽ എന്തു ചെയ്യും? അയാൾ തന്റെ ജ നാസിദ്ധിച്ച കഴിവുകളെ ശരിയായ ദിശയിൽ നയിക്കും. ഇത് ഒരു മനുഷ്യ ശരീരം ലഭിച്ചാൽ മാത്രമേ സാധിക്കൂ.

മത്സ്യം, പുതിയ കാബേജ്, ക്വാളിഫ്ളവർ എന്നിവ യുള്ള ഒരു മാർക്കറ്റിലേക്ക് നിങ്ങളും ഒരാടും പോയി എന്ന് കരുതുക. ആട് എന്തു ചെയ്യും? അത് തീർച്ച യായും ക്ലോളിഫ്ളവറും കാബേജും കടിച്ചെടുക്കാൻ കഴുത്ത് നീട്ടും. മാൽപോവ (ഒരു തരം മധുരപലഹാ രം) ഉണ്ടാക്കുന്ന ആരെയെങ്കിലും തൊട്ടടുത്തകടയിൽ കണ്ടു എന്നു കരുതുക. നിങ്ങൾക്കത് കാണണമെന്ന ആഗ്രഹവും ജനിക്കുന്നു. എന്തെങ്കിലും കഴിക്കാനുള്ള ആഗ്രഹം ഒരാളുടെ ജ വാസനയാണ്. എന്നിരു ന്നാലും നിങ്ങൾ പെട്ടെന്ന് കടയിൽ പോവുകയില്ല. കീശയിലുള്ള പണം എത്രയുണ്ടെന്ന് ആദ്യം പരിശോ

ധിക്കും. അത് വാങ്ങത്തക്കവിധം പണം കയ്യിലില്ലെങ്കിൽ കടയിൽ കയറുകയില്ല. എന്നാൽ ആട് അങ്ങനെ ചെയ്യുന്നുണ്ടോ? അത് കീശപരിശോധിക്കുന്നില്ല. കഴുത്ത് നീട്ടി പച്ചക്കറികൾ കടിക്കുന്നു. ഒരു മനുഷ്യൻ ലോകത്തെവിടേയും ഇപ്രകാരം ചെയ്യുമ്പോൾ ലോകത്തെവിടെയുള്ള ആടുകൾ അങ്ങനെ ചെയ്യുന്നില്ല. ഒരാൾ അപ്രകാരം ചെയ്യാതിരുന്നാൽ അയാളെകള്ളനോ കവർച്ചക്കാരനെന്നോ മുദ്രകുത്തും.

മനുഷ്യൻ ജ വാസനകളെ ബുദ്ധിശക്തി കൊണ്ട് നിയന്ത്രിക്കണം. ശരിയായ രീതിയിൽ ഇതാണ് അയാളെ മനുഷ്യൻ എന്ന പേരിന യോഗ്യനാക്കുന്നത്. അതുകൊണ്ടാണ് ശിവൻ പറഞ്ഞത് സുകൃതൈഃ മാനവോഭൂത്വാ എന്ന് ഒരാൾക്ക് മനുഷ്യജ ം ലഭിക്കുന്നത് അയാളുടെ ഉത്തമമായ കർമ്മങ്ങൾ വഴിയാണ്.

ആരാണോ ജ വാസനകളെ നിയന്ത്രിച്ച് നല്ല കർമ്മങ്ങൾ ചെയ്യുന്നത് അയാളുടെ ബുദ്ധി ശക്തി ഒരളവോളം വികസിക്കുന്നു. അത്തരക്കാർ കീശയിൽ പണമുണ്ടോ എന്ന് തിട്ടപ്പെടുത്തിയതിനുശേഷമേ ഭക്ഷണശാലയിലേക്ക് പ്രവേശിക്കുകയുള്ളൂ.

ജ്ഞാനീചെൻ മോക്ഷമാപ്നുയാത്

ഒരാൾ തീർച്ചയായും ആത്മജ്ഞാനം നേടിയിരിക്കണം. ആത്മജ്ഞാനം നേടുക എന്നാൽ മോക്ഷം നേടുക എന്നാണർത്ഥം. ഇതാണ് ശിവന്റെ ഉത്തരം ആത്മീയപാത സ്വീകരിക്കാനുദ്ദേശിക്കുന്നവന ഒരു യോഗ്യത തീർച്ചയായും വേണം. അത് അയാൾക്ക് ഒരു മനുഷ്യ ശരീരം വേണം എന്നുള്ളതാണ്. ഇവിടെ കൂടിയിരിക്കുന്നവർക്കെല്ലാം അതുണ്ട് എന്നതിനാൽ നിങ്ങളെല്ലാവരും ആത്മീയപാതയിൽ സഞ്ചരിക്കാൻ യോഗ്യരാണ്. ഇതാണ് ശിവന്റെ മറുപടി.

പ്രൗട്ടിൽ ഞാൻ പറഞ്ഞു: ആത്മീയ ഗുണങ്ങൾ വളർത്തിയെടുക്കുന്നവൻ, സമൂഹത്തിനും ആത്മീയ സേവനങ്ങൾ ചെയ്തിരിക്കണം എന്ന്. മനുഷ്യ സമൂഹത്തിന ആവശ്യമായ നല്ല സേവനങ്ങൾ നടത്താതെ ഹിമാലയഗുഹകളിലിരുന്ന് ധ്യാനം പരിശീലിക്കുന്നത് ഒരിക്കലും അനുവദനീയമല്ല. അവർ സാധാരണ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കണം. ആത്മീയ സേവനങ്ങൾ നടത്തണം. ഹിമാലയത്തിലിരിക്കാതെ അവർക്ക് സമൂഹുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാനും സേവിക്കാനുമുള്ള അവസരങ്ങൾ നൽകണം. അല്ലാതെ നിർബന്ധിച്ച് അവരെ റിക്ഷ വലിപ്പിക്കുവാൻ പ്രേരിപ്പിക്കുകയല്ല. പ്രപഞ്ചം മിഥ്യയാണെന്ന അവരുടെ വാദം ഒരിക്കലും അംഗീകരിക്കാനാവില്ല. കൂടാതെ സമൂഹ

ത്തിൽ നിന്നും വെറുതെ ഭക്ഷണം കഴിക്കുക, മനുഷ്യരിൽ നിന്നും മറ്റുതരത്തിലുള്ള സേവനങ്ങൾ സ്വീകരിക്കുക, പണ്ടു മുതലേ പരിശീലിച്ചപോന്ന കാര്യങ്ങൾ തുടരുക എന്നിവയൊന്നും അനുവദിക്കരുത്. ആ ദിവസങ്ങൾ എന്നെന്നേക്കുമായി പോയ്മറഞ്ഞു.

09.11.1978 കൽക്കത്ത

ഉള്ളടക്കം

# 18. വൈരാഗ്യമേവാഭയം

## (ആത്മീയതയുടെ വിശാലമായ പാതയിലേക്കുള്ള പ്രവേശനം)

സർവ്വം വസ്തു ഭയാന്വിതം ഭുവി നൃണാംവൈരാഗ്യ മേവാഭയം - എന്നു പറയുന്നുണ്ട്. ലോകത്തിലെ എല്ലാ വസ്തുക്കളിലും ഭയത്തിന്റെ ഒരു കണിക വിടാതെ കെട്ടു പിണഞ്ഞു കിടക്കുന്നു. തഴച്ചു വളർന്നു കൊണ്ടിരിക്കുന്ന കച്ചവടക്കാരനും, ധാരാളം പണം കയ്യിലുള്ളവനും എപ്പോഴും ഭയത്താൽ വേട്ടയാ

ടപ്പെട്ടിരിക്കുന്നു. ഒരുദിവസം വലിയൊരു നഷ്ടം സംഭവിക്കുമെന്നവർ ഭയക്കുന്നു. കായികാഭ്യാസികളായ സ്ത്രീയും പുരുഷനും തങ്ങൾക്ക് ലഭിച്ച ചാമ്പ്യൻഷിപ്പ് നഷ്ടപ്പെട്ടേക്കുമെന്ന് ഭയപ്പെടുന്നു. അതുകൊണ്ടവർ അതിനുമുമ്പുതന്നെ വിരമിക്കാനാഗ്രഹിക്കുന്നു. അങ്ങനെയായാൽ അവർക്ക് ഞങ്ങൾ തന്നെയാണ് ഏറ്റവും നല്ല കളിക്കാരനെന്നുപറഞ്ഞ് മറ്റുള്ളവരെ ആശ്വസിപ്പിക്കാം. ഇപ്രകാരം ഭയത്തിന്റെ ഒരു കണിക എല്ലാറ്റിനോടും ചേർന്നു കിടക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഭയവുമായി ചേരാത്ത ഒന്നും തന്നെ ഈ പ്രപഞ്ചത്തിലില്ല.

ഭയത്തിൽ നിന്നും മുക്തമായത് ഒന്നുമാത്രമേ ഈ പ്രപഞ്ചത്തിലുള്ളൂ എന്ന് വൈദിക ഗ്രന്ഥങ്ങൾ പറയുന്നു. അതാണ് വൈരാഗ്യം (ത്യാഗം, സന്യാസം). വൈരാഗ്യമെന്ന വാക്ക് ഇപ്രകാരം പിരിക്കാം. വി രൻജ് + ഘങ + ഏൻ

ഈ പ്രപഞ്ചത്തിലുള്ള ഓരോന്നും ഓരോ പ്രത്യേക നിറങ്ങളാൽ വിശേഷിപ്പിച്ചിരിക്കുന്നു. അറിഞ്ഞോ അറിയാതേയോ എല്ലാവരും ഈ നിറങ്ങളാൽ ആകൃഷ്ടരാണ്. പച്ച, തവിട്ടു നിറം എന്നിവ വളരെ ആകർഷകമാണ്. ഈരണ്ടു വർണ്ണങ്ങളാണ് കൗശികീ നൃത്തത്തിനു വേണ്ടി തെരഞ്ഞെടുത്ത

തെന്ന് നിങ്ങൾക്കറിയാം. എല്ലാറ്റിലും നിറങ്ങൾക്ക് വലുതായ സ്വാധീനമുണ്ട്. മനുഷ്യ മനസ്സ് വളരെയധികം ശക്തമാവുമ്പോൾ ഈ നിറങ്ങൾക്ക് അതിന്റെ സ്വാധീനം ചെലുത്താനാവില്ല. ഈ അവസ്ഥ യെയാണ് വൈരാഗ്യം (ത്യാഗം, സന്യാസം) എന്നൊക്കെ പറയുന്നത്.

സന്യാസം എന്നതിന എല്ലാം ത്യജിച്ച് ഏകാന്തവാ സത്തിലേക്ക് പ്രവേശിക്കുക എന്ന് അർത്ഥമാകുന്നില്ല. സന്യാസം ഒളിച്ചോടലോ എല്ലാറ്റിൽ നിന്നും രക്ഷപ്പെ ടുന്ന പ്രവണതയോ അല്ല. അടിസ്ഥാനപരമായി അതി നർത്ഥം ഇത്തരം നിറങ്ങളുടെ സ്വാധീനവലയ ത്തിൽപെടാതിരിക്കുക എന്നതാണ്. ചെളി നിറഞ്ഞ തടാകത്തിന്റെ ആഴത്തിൽ ചെളിയിൽ കുഴഞ്ഞുകിട ക്കുന്ന ഒരു മത്സ്യത്തിന്റെ ശരീരത്തിൽ ഒരിക്കലും ചെളിപിടിക്കുകയില്ല. മന:ശാസ്ത്രപരമായ ഈ നില പാടാണ് വൈരാഗ്യം. ഒരാൾ എപ്പോഴാണ് ഇത്തരം ഒരു മാനസികാവസ്ഥിലെത്തുന്നത്? നമ്മൾ വളരെയ ധികം സ്വാധീനം ചെലുത്തിയ വസ്തുക്കളും നിറങ്ങ ളുമൊന്നും തന്നെ സ്ഥിരമല്ല എന്ന് തിരിച്ചറിയുമ്പോ ഴാണ് ഈ അവസ്ഥയിലെത്തുന്നത്. ഇന്ന് കാണുന്നത് നാളെ കാഴ്ചയിൽ നിന്നും മറയും. ഇന്ന് അവയെ എന്റെ മനസ്സിനെ സ്വാധീനിക്കാൻ വിട്ടാൽ നാളെ

അത് മറയുമ്പോൾ കഠിനമായ വേദന അനുഭവപ്പെടും എന്ന് തിരിച്ചറിയുന്നു. അതുകൊണ്ട് ഒരവസ്ഥയിലും ജീവിതത്തിൽ ഇത്തരം വർണ്ണങ്ങളെ മനസ്സിനെ സ്വാധീനിക്കാൻ വിടരുത്. ഒരു വ്യക്തി എപ്പോഴും പരമസത്യവുമായി ഐക്യത്തോടെ ജീവിക്കണം. ഒരു മനുഷ്യന് ലഭിക്കാവുന്ന ഒരേയൊരു വിശ്വസ്തനായ സുഹൃത്താണ് അദ്ദേഹം. ഒരു വസ്തുവിനെ (വിഷയത്തെ) അന്വേഷിക്കുക എന്നത് മനുഷ്യമനസ്സിന്റെ പ്രകൃതമാണ്. അതില്ലാതെ മനുഷ്യ മനസ്സിന്റെ നിലനിൽപ്പ് തുടർന്നു പോകാനാവില്ല. സത്കർമ്മങ്ങൾ ചെയ്യാതിരികിക്കുന്നവനാരോ അയാൾ ചില ദുഷ്കർമ്മങ്ങൾ തീർച്ചയായും ചെയ്തിരിക്കും. ഇത് ഒരു പൊതു നിയമമാണ്. അതുകൊണ്ട് ആരാണോ പ്രാപഞ്ചികവസ്തുക്കളാൽ മനസ്സിൽ നിറം കൊടുക്കാനനുവദിക്കാത്തത് അയാൾ പ്രാപഞ്ചികമല്ലാത്ത മറ്റൊന്നുമായി കൂടിച്ചേരും. ഈ സത്തയാണ് പരമപുരുഷൻ. ഭൂതകാലത്തിലുണ്ടായിരുന്നു. വർത്തമാനകാലത്തിലുണ്ട്. ഭാവിയിൽ ഉണ്ടായിരിക്കുകയും ചെയ്യും. അദ്ദേഹം മാത്രമാണ് എന്നെന്നും നിലനിൽക്കുന്നത്. ബാഹ്യാവിഷ്കൃതമായ ഈ സത്ത (സത്) യാണ് സത്യം. അതുകൊണ്ടാണിങ്ങനെ പറഞ്ഞത്.

സത്യേനാസ്തി ഭയം കസ്യചിത് - സത്യമായ തിൽ ഭയം എന്നൊന്നില്ല. ആരാണോ സത്യത്തെ സ്വീകരിക്കുന്നത് അതായത് അഭയസ്ഥാനമായി പരമ പുരുഷനെകാണുന്നത് അയാൾ തീർച്ചയായും ഭയ ത്തിൽ നിന്നും സ്വതന്ത്രനാവുന്നു.

''യതോ വാചോ നിവർതന്തേ

അപ്രാപ്യ മനസാ സഹ

ആനന്ദം ബ്രഹ്മണോ വിദ്വാൻ

ന വിഭേതി കുതശ്ചന''

ആരാണോ പരമാനന്ദത്തിന്റെ മൂർത്തിമദ്ഭാവമായ ബ്രഹ്മത്തെ അറിയുന്നത്, പിന്നീട് അവനൊരിക്കലും, ഒന്നിനേയും ഭയപ്പെടേണ്ടതില്ല. യഥാർത്ഥത്തിൽ ഈ ലോകത്ത് എന്തിനെയെങ്കിലും ഭയപ്പെടത്തക്കയാ തൊരു കാരണങ്ങളുമില്ല. പരമപുരുഷൻ ഏറ്റവും ധൈര്യമുള്ളവനേക്കാൾ ധൈര്യശാലിയാണ്. ബുദ്ധിമാ ാരിൽ വെച്ച് ബുദ്ധിമാനാണ്. ആരാണോ പരമപുരു ഷനിൽ അഭയം തേടുന്നത് അയാൾ ചില സദ്ഗുണ ങ്ങൾ തീർച്ചയായും ആർജ്ജിച്ചിരിക്കണം. ധൈര്യം, അന്തർബലം, പരാക്രമം തുടങ്ങിയവ. ഈ ഗുണങ്ങ ളെല്ലാം നേടിയാൽ പിന്നെ ഭയത്തിനെവിടെസ്ഥാനം? സത്യമേവ ജയതേ നാനൃതം - സത്യം മാത്രമാണ്

വിജയിക്കുന്നത് അല്ലാതെ അസത്യമല്ല. എപ്പോഴാണോ സത്യവും അസത്യവും തമ്മിൽ ഒരു സംഘട്ടനമുണ്ടാവുന്നത് അവിടെ സത്യത്തിന്റെ വിജയം ഉറപ്പാണ്.

ഇന്നത്തെഅസത്യങ്ങൾ നാളെ നിലനിൽക്കില്ല. യഃ ആഗച്ഛതി സഃ ഗച്ഛതി - (എന്തെല്ലാം വരുന്നുവോ അതെല്ലാം പോവുന്നു. ). എന്നാൽ സത്യം അങ്ങനെയല്ല. അത് ഇന്നലെ ഉണ്ടായിരുന്നു. ഇന്ന് നിലനിൽക്കുന്നു. നാളെ ഉണ്ടാവുകയും ചെയ്യും. അങ്ങനെ സത്യം മാത്രമാണ് യഥാർത്ഥത്തിൽ ജൈത്രയാത്ര നടത്തുന്നത്. അസത്യം ചലനാത്മകവസ്തുതയാണെങ്കിലും അതിന താൽക്കാലിക ജയം നേടാൻ മാത്രമേ കഴിയൂ. അതിന്റെ യാത്രയിൽ സ്ഥിരമായ വിജയമില്ല. സംസ്കൃതത്തിൽ സ്ഥിരമായതാണ് വിജയം. താൽക്കാലികമായത് ജയം. സത്യമേവ ജയതേ നാനൃതം. സത്യം മാത്രമാണ് ജയിക്കുന്നത്. അസത്യമല്ല - അസത്യം ജയിക്കുകയില്ല. കാരണം അത് ആപേക്ഷികമാണ്. എപ്പോഴും മാറിക്കൊണ്ടിരിക്കും.

സത്യേന പന്ഥാ വിതതോ ദേവയാനഃ

ആത്മീയ ലോകത്തേക്കുള്ള പാത സത്യത്താൽ അലങ്കരിച്ചിരിക്കും. അതി സൂക്ഷ്മമായി ഒഴുകുന്ന മാനസിക തരംഗങ്ങൾ പ്രപഞ്ചത്തെ പ്രകമ്പനം

കൊള്ളിക്കുന്നു. അങ്ങനെ അത് ദേവനായി മാറുന്നു. ബാഹ്യലോകവും പലതരം ശക്തികളാൽ പ്രകമ്പനം കൊള്ളുന്നുണ്ട്. സംസ്കൃതത്തിൽ ശക്തിയെ ഇന്ദ്ര എന്നു പറയുന്നു. എന്നാൽ മാനസികവും ആത്മീയവുമായ ലോകത്തെ ത്രസിപ്പിക്കുന്ന അതി സൂക്ഷ്മ തരംഗങ്ങളെ ദേവ എന്നു പറയുന്നു.

''ദ്യോതതേ ക്രീഡതേ യസ്മാത്

ഉദ്യതേ ദ്യോതതേ ദിവി

തസ്മാദ്ദേവ ഇതി പ്രോക്തഃ

സ്തൂയതേ സർവദേവതൈഃ''

ദൈവത്വത്തിലേക്കുള്ള ഈ പാതയാണ് ദേവയാന. അതായത് മനുഷ്യന്റെ സ്ഥൂലത്വത്തിൽ നിന്നും സൂക്ഷ്മത്വത്തിലേക്കുള്ള ഉയർച്ചയെയാണ് ദേവയാന എന്നു പറയുന്നത്. (യാനം എന്നാൽ വഴി- പാത). ആരാണോ തുടക്കത്തിൽ തന്നെ സത്യത്തെ മാത്രം പിന്തുടരുമെന്ന് പ്രതിജ്ഞയെടുക്കുന്നത്, അയാൾ ദിവ്യത്വം നേടാനുള്ള പാതയിലേക്ക് കാലെടുത്തുവെക്കുന്നു. ആരാണോ ആത്മാർത്ഥമായി സത്യത്തെ പിൻതുടർന്ന് സത്കർമ്മങ്ങൾ ചെയ്യുന്നത് അയാൾ ഈ വഴിയിലൂടെ മുന്നേറാൻ എളുപ്പമാണെന്ന് തിരിച്ചറിയുന്നു. പൊതുവെ വിശാലമായ ആത്മീയതയുടെ

ഈ പാതസത്യത്താൽ കൂടുതൽ വിശാലമാവുന്നു. പരമമായ സത്യത്തിന്റെ ഉന്നതമായ അവസ്ഥയിലെത്തിയ ഋഷിമാർ പിൻതുടർന്ന വിജയത്തിന്റെ പാതയാണിത് (ആപ്തകാമ)

ആരാണ് ആപ്തകാമ ാർ? ഏതെങ്കിലുമൊരു ആവാസഘടനയിലൂടെയാണ് നാം ഈ ലോകത്ത് പലതും നേടുന്നത്. ഉദാഹരണമായി ഭൂമിയിൽ നിന്നും നമുക്ക് പഴങ്ങളും ധാന്യങ്ങളും ലഭിക്കുന്നു. ജലത്തിൽ നിന്നും വൈദ്യുതി ലഭിക്കുന്നു. അങ്ങനെ വിവിധ സാധ്യതകളിൽ നിന്നും പലതും ലഭിക്കുന്നു. ഇത്തരം ഏതെങ്കിലും മാധ്യമങ്ങളിലൂടെ ലഭിക്കുന്നതാണ് പ്രാപ്തി . പരമപുരുഷനിൽ നിന്നും നേരിട്ടു ലഭിക്കുന്നതാണ് ആപ്തി . പുസ്തകങ്ങൾ വായിച്ചു ലഭിക്കുന്ന അറിവാണ് പ്രാപ്തവാക്യം . നേരിട്ട് മനസ്സിൽ തോന്നുന്ന അറിവാണ് ആപ്തവാക്യം . പ്രാപ്തിയെ അധികകാലം നിലനിർത്താനാവില്ല. കാരണം അവ പ്രകൃതിയാൽ മാറ്റപ്പെടുന്നതാണ്. ഇന്ന് ലഭിക്കുന്നത് കുറച്ചുകാലം നിലനിൽക്കും. പിന്നീടത് വഴുതിപ്പോകും. ഇന്ന് ധാരാളം പണം വാരിക്കൂട്ടിയവൻ നാളെ പാപ്പരാവും. ഇതെല്ലാം പ്രാപ്തിയുടെ കാരണങ്ങളാണ്.

ഒരു വ്യക്തി മറ്റുള്ളവരുടെ പ്രഭാഷണങ്ങളിൽ നിന്നും പുസ്തകങ്ങൾ വായിച്ചും ധാരാളം കാര്യങ്ങൾ പഠിക്കുന്നു. എന്നാൽ എത്രമാത്രം കണ്ട് പഠിക്കുന്നുവോ അത്രയും തന്നെ അത് മറക്കുകയും ചെയ്യുന്നുണ്ടെന്നത് ഒരു സാധാരണ സംഭവമാണ്. അതായത് വായിക്കലും മറക്കലും കൈകോർത്ത് നിൽക്കുന്നു. ജനങ്ങൾ സാധാരണ പറയാറുണ്ട് രസതന്ത്രം ഒരു രഹസ്യമാണെന്ന്. മറക്കാനും എളുപ്പമാണ്. ഇരുപതോളം ബിരുദാനന്തര ബിരുദം നേടിയ ഒരാളോട് ഇന്നത്തെ പത്താംതരം പരീക്ഷ എഴുതാൻ പറഞ്ഞാൽ അയാൾ തോറ്റുപോകും. കാരണം പണ്ടുപഠിച്ച കാര്യങ്ങളെല്ലാം മറന്നുപോയി. അതുകൊണ്ട് ഈ ആപേക്ഷികലോകത്ത് ഒരാൾ എന്തെല്ലാം പഠിച്ചുവോ അതെല്ലാം പ്രാപ്തിയാണ്. അധികം നിലനിൽക്കാൻ അതിനാവില്ല.

ഈ വസ്തുത വിശദ മാക്കാൻ ഒരു നല്ല കഥയുണ്ട്. ഒരിക്കൽ അക്ബർ ചക്രവർത്തിപറഞ്ഞു: ബീർബെൽ നിനക്ക് സന്തോഷിക്കുന്നവനെ ദു:ഖിപ്പിക്കാനും ദു:ഖമുള്ളവനെ സന്തോഷിപ്പിക്കാനും പറ്റുന്ന വല്ലതും പറയാനാവുമോ? ബീർബെൽ പേർഷ്യൻ ഭാഷയിൽ ഇങ്ങനെ പറഞ്ഞു: അയ്സാദിൻ നഹിരഹേഗാ (ഇതുപോലുള്ള ദിവസങ്ങൾ ഒരി

ക്കലും എല്ലാ കാലവും നിലനിൽക്കില്ല). ഇത് ഈ പ്രപഞ്ചത്തിലുള്ളവർക്കൊക്കെ ബാധകമാണ്.

എന്നാൽ ആപ്ത എന്നത് ഇതുപോലെയല്ല. അത് എല്ലാകാലവും നിലനിൽക്കുന്നു. അതിനാൽ  ആപ്ത കാമി  എന്നത് ആപ്ത എന്നതിലൂടെ തന്റെ ആഗ്രഹ ങ്ങളെല്ലാം പൂർത്തികരിച്ചവനാണ്. അതായത് അയാ ളുടെ മനസ്സ് നിറയെ പ്രപഞ്ചത്തിന്റെ അനുഗ്രഹങ്ങളാ ണ്. ഒരു ആപ്തകാമി, പേര്, പ്രശസ്തി തുടങ്ങിയത് നിന്ദ്യമായ പ്രാപഞ്ചിക വസ്തുക്കളാലൊന്നും ഒരി ക്കലും വഴി തെറ്റുകയില്ല. സത്യത്തിന്റെ വിശാല പാതസ്വീകരിച്ച ഋഷിവര്യ ാരെല്ലാം പരമമായ സത്യ ത്തിൽ എത്തിച്ചേർന്നവരാണ്. ഏതാണ് സത്യത്തിന്റെ അഭയകേന്ദ്രം? പരബ്രഹ്മം അതായത് പരമപുരുഷൻ.

പുരോഗതി പ്രാപിക്കാനുള്ള ഒരേയൊരു വഴി പരമ മായ സത്യത്തിൽ അഭയംതേടുക മാത്രമാണ്. മറ്റുവഴി കളൊന്നും തന്നെയില്ല. കെട്ടുറപ്പില്ലാത്ത അസത്യ ത്തിന്റെ അടിത്തറയിൽ ഒന്നും കെട്ടിയുയർത്താൻ കഴി യുകയില്ല. ഒരുവ്യക്തി അസത്യത്തിൽ തന്റെ ആശ്രയ സ്ഥാനം സ്വീകരിച്ചാൽ അവൻ എത്ര പഠിച്ചാലും, എത്ര സമ്പന്നനായാലും യാതൊരു ഫലവുമില്ല. എന്നാൽ ആരാണോ സത്യത്തിന്റെ ആപ്തകാമ ാ രുടെ വഴിയിൽ സഞ്ചരിക്കുന്നത് അവൻപരമമായ

സത്യത്തിന്റെ അഭയകേന്ദ്രത്തിന് അവകാശിയാവുന്നു. തീർച്ചയായും അവൻ പരമോന്നതമായ അവസ്ഥയെ പ്രാപിക്കുന്നു. പരമപുരുഷനുമായി കൂടിച്ചേർന്ന് ഒന്നായിത്തീരുന്നു.

കൽക്കത്ത – 10.11.1978

ഉള്ളടക്കം

## 19. ദശകം ധർമ്മലക്ഷണം

(ഒരു ധാർമ്മികന്റെ പത്ത് സ്വഭാവ വിശേഷങ്ങൾ)

ഒരു വസ്തുവിന്റെ പ്രകൃതം തീരുമാനിക്കുന്നത് അതിന്റെ പ്രത്യേകമായ ചില സ്വഭാവങ്ങളെ ആസ്പദമാക്കിയാണ്. ധാർമ്മികനായി ജീവിക്കുന്ന ഒരു വ്യക്തിയുടെ സ്വഭാവവിശേഷങ്ങളെ പറ്റി വേദങ്ങളിൽ ഇങ്ങനെ പറയുന്നു.

‘‘ധൃതിഃ ക്ഷമാ ദമോസ്തേയം

ശൗചം ഇന്ദ്രിയനിഗ്രഹഃ

ധീർവിദ്യാ സത്യം അക്രോധോ

ദശകം ധർമ്മലക്ഷണം’’

ധൃതി-ധൃതി എന്ന വാക്കിന് നിരവധി അർത്ഥങ്ങളുണ്ട്. ഏറ്റവും പ്രധാനമായത് സഹനശക്തി എന്നതാണ്. ജ്ഞാനിയായ ഒരു മനുഷ്യൻ (വിവേകിയായ) ഒരു സാഹചര്യത്തിലും ഇളകി മറിയരുത്. അയാൾ എപ്പോഴും ശാന്തനും ഭാവിയിൽ എന്തും ചെയ്യാൻ സന്നദ്ധനുമായിരിക്കണം.

സദസി വാക്പടുതാ യുധീ വിക്രമം

വിപദിധൈര്യം പുരുഷസ്യ ലക്ഷണം

ഒരാൾ എന്തെല്ലാം ഗുണങ്ങളാണ് സ്വായത്തമാക്കേണ്ടത്? ഒരു സഭയിൽ മറ്റുള്ളവരുടെ വിശ്വാസം നേടുക എന്നതാണ് ഏറ്റവും ഉന്നതമായ ഗുണം. യുദ്ധരംഗത്തെ ഏറ്റവും ഉന്നതമായ ഗുണം യുധി വിക്രമം അതായത് യുദ്ധരംഗത്തെ പതക്രമം (വീര്യം) തന്നെ. ആപത്തിൽ ഉണ്ടായിരിക്കേണ്ട ഗുണം ക്ഷമയാണ്. അതിനാൽ ഒരു ധാർമ്മികന്റെ ഗുണഗണങ്ങൾ (സദ്ഗുണസമ്പന്നന്റെ) എന്തെല്ലാമാണ്? ആദ്യമായി അയാൾക്ക് ക്ഷമയുണ്ടായിരിക്കണം. ക്ഷമയില്ലെങ്കിൽ ഒരാളുടെ ബുദ്ധിതെറ്റായ ദിശയിലേക്ക് തിരിയും. അത് തെറ്റിദ്ധാരണക്ക് കാരണമാവും. എന്തു ചെയ്യണം എന്തുചെയ്യാതിരിക്കണം എന്ന് തീരുമാനിക്കുവാനുള്ള ശേഷി നഷ്ടപ്പെട്ട് അയാൾ എളുപ്പത്തിൽ പരാജയപ്പെടുന്നു.

ക്ഷമ അഥവാ മാപ്പ്:- ക്ഷമയുടെ ആദ്യാക്ഷരമാണ് ക്ഷ . ഇത് സംസ്കൃതത്തിൽ അവസാനത്തേതും അൻപതാമത്തേതുമായ അക്ഷരമാണ്. ക്ഷ എന്നത് ക ഷ എന്നീ രണ്ടക്ഷരങ്ങൾ ചേർന്നുണ്ടായതാണ്. ഋഗ്വേദത്തിൽ ക്ഷ എന്നും യജുർവ്വേദത്തിൽ ഘ എന്നും ഉച്ചരിക്കുന്നു. സംസ്കൃതത്തിൽ രണ്ടുച്ചാരണവും അംഗീകരിച്ചിട്ടുണ്ട്. എന്താണ് ക്ഷമ? ആരോടും പ്രതികാരമപരമായി ചിന്തിക്കാതിരിക്കുക എന്നതാണ് ഇതിന്റെ അർത്ഥം. ആരെങ്കിലും നമ്മോട് ഒരു ദ്രോഹം ചെയ്തുവെന്നിരിക്കട്ടെ. നിങ്ങൾ അയാളോട് പ്രതികാരം ചെയ്യുമോ അഥവാ പകപോക്കുമോ? സാധാരണമനുഷ്യർ തന്നോട് തെറ്റായകാര്യങ്ങൾ ചെയ്തവരോട് തീർച്ചയായും പ്രതികാരം ചെയ്യും. അയാളങ്ങനെ ചെയ്താൽ അത് തെറ്റാണെന്ന് പറയാനുമാവില്ല. എന്നാൽ ധാർമ്മികനായ ഒരു വ്യക്തിക്ക്, മറ്റുള്ളവരേക്കാൾ ഉയർന്ന മാനസികാവസ്ഥയുള്ള വ്യക്തിക്ക് ഇങ്ങനെ ചെയ്യാൻ കഴിയുകയില്ല. അയാൾ മറ്റൊരു രീതിയിലാണ് പെരുമാറുക. അയാൾ എങ്ങനെയാണ് പെരുമാറുക? അയാൾ തന്റെ തെറ്റ് തിരുത്തി എന്ന് ബോധ്യപ്പെട്ടാൽ മാപ്പ് നൽകുന്നു. ആയിരക്കണക്കിന് ആനന്ദമാർഗ്ഗികളോട് പൈശാചികമായ അതിക്രമങ്ങൾ കാണിക്കുന്നുവെങ്കിൽ, ഒരാൾക്ക് വ്യക്തിപരമായി അവരോട് ക്ഷമിക്കാനുള്ള അവകാശമില്ല.

കാരണം അവർ ആയിരക്കണക്കിന നിരപരാധികളെ യാണ് ഉപദ്രവിച്ചത്. എന്നാൽ ഇത്തരം പൈശാചി കത്വം ഒരാളോട് മാത്രമാണ് ചെയതതെങ്കിൽ അയാ ളുടെ സ്വഭാവം മാറി എന്ന് ഉറപ്പുവരുത്തിയാൽ അയാക്ക് മാപ്പു നൽകുക എന്നത് ഒരു ധാർമ്മികന്റെ കടമായയണ്. പക്ഷെ അയാളുടെ പ്രകൃതം ഒട്ടും മാറി യിട്ടില്ലെങ്കിൽ നമ്മുടെ മാപ്പു കൊടുക്കൽ അയാളിൽ സൃഷ്ടിക്കുക കൂസലില്ലായ്മയാണ്. അയാൾ വീണ്ടും ഒരു നികൃഷ്ടനായി മാറും. അത്തരം സന്ദർഭങ്ങളിൽ ക്ഷമ ഒരു ദൗർബ്ബല്യമായികണക്കാക്കും. ഇതാണ് ക്ഷമയുടെ ധാർമ്മികമായ വ്യാഖ്യാനം. നാം എന്തെ ങ്കിലും ചെയ്യുന്നതിനു മുമ്പ് ചിന്തിക്കേണ്ടത് തെറ്റുചെ യ്തവന അന്ധമായി മാപ്പ് നൽകണോ അതോ അവന ശിക്ഷ നൽകണോ എന്നതാണ്. സമൂഹതാൽപര്യ ത്തിന കടകവിരുദ്ധമായി ഒരാൾ എന്തെങ്കിലും ചെയ്താൽ അയാളോട് ക്ഷമിക്കണോ, വേണ്ടയോ എന്നകാര്യം സമൂഹം തന്നെ തീരുമാനിക്കണം. അപ്പോഴും അയാൾ ആ തെറ്റ് തിരുത്തിയിട്ടുണ്ടോ എന്നകാര്യം മനസ്സിൽ ചിന്തിക്കണം.

ദമ: ഇതിന്റെ ശരിയായ അർത്ഥം ആത്മനിയന്ത്രണ മാണ്. സംസ്കൃതത്തിൽ ശം ദം എന്ന് രണ്ടു പര്യായങ്ങളുണ്ട്. മൂലക്രിയ ശം+ ക്ത = ശാന്ത ശം +

അനത് = ദമൻ ധമനം എന്നാൽ സ്വയം നിയന്ത്രണം. ശമനം എന്നാൽ മറ്റുള്ളവരെ നിയന്ത്രിക്കൽ. ഒരു വ്യക്തി സമൂഹത്തിലെ ക്ഷുദ്രജീവികൾക്കെതിരെ പോരാടുന്നുവെങ്കിൽ, അനീതിക്കെതിരെ പോരാടി എല്ലാം നിയന്ത്രിക്കുന്നുവെങ്കിൽ അത് ശമനം ആണ്. മരണം മനുഷ്യ ജീവികളെ നിയന്ത്രിച്ച് പ്രപഞ്ചത്തിന്റെ തുലനം നിലനിർത്തുന്നുവെങ്കിൽ മരണത്തെ ശമനം എന്നുപറയുന്നു. പുരാണത്തിലെ മരണ ദേവനെ നമ്മൾ ശമനൻ എന്നു പറയുന്നു. ആരാണോ ആത്മ നിയന്ത്രണം പാലിച്ച് അനീതിക്കെതിരെ പോരാടാൻ മനസ്സിനെ സജ്ജമാക്കുന്നത്, അഥവാ മറ്റുള്ളവരെ ഉപ ദ്രവിക്കാനുള്ള ദുഷ്ചിന്തകളെ മാനസിക ശക്തി ഉപ യോഗിച്ച് നയന്ത്രിക്കുന്നത് അയാൾ ദമനം പരിശീലി ക്കുകയാണെന്നു പറയാം. ഒരു ധാർമ്മികന്റെ ഗുണം ദമനമാണ്.

അസ്തേയം: അസ്തേയ എന്നത് നമ്മുടെ സ്വഭാവ നിയമമാണ്. അതിന്റെ അർത്ഥം മോഷ്ടിക്കാതിരി ക്കുക എന്നതാണ്. രണ്ടുതരം കളവുകളുണ്ട്. ഒന്ന് ആഭ്യന്തരം രണ്ട് ബാഹ്യം. ഒരു വ്യക്തിക്ക് നിയമാനു സൃതം അർഹതപ്പെട്ടത് എടുത്ത് അയാളെ നശിപ്പി ക്കുക; ഒരാളുടെ അറിവോ സമ്മതമോ കൂടാതെ അയാളുടെ മുതൽ എടുത്തുകൊണ്ടുപോവുക

ഇതാണ് ബാഹ്യമായ മോഷണം. മനസ്സുകൊണ്ട് അപഹരിക്കുകയാണ് ആന്തരികമോഷണം. അത് ഒരാളെ കള്ളനാക്കുകയില്ലെന്നുവരികിലും ബാഹ്യമായ മോഷണംപോലെ അത് ആരേയും ഉപദ്രവിക്കുകയില്ല. നാണക്കേട്, ഭയം, അവസരം കിട്ടാതിരിക്കൽ എന്നിവയാലാണ് ഒരാൾ മനസ്സുകൊണ്ടിങ്ങനെ ചെയ്യുന്നത്. അതിനാൽ ആസ്തേയം എന്നത് ഏതു തരത്തിലുള്ള കളവിനേയും വേണ്ടെന്ന് വെക്കുകയാണ്.

ശൗചം: ഇത് വൃത്തിയാണ്. അഴുക്കിൽ നിന്നും അകന്നു നിൽക്കുകയാണ്. കുളിക്കുക, വൃത്തിയുള്ള വസ്ത്രം ധരിക്കുക എന്നിവ ഒരാളെ പരിപാവനമാക്കുകയില്ല. കാരണം അതെല്ലാം പവിത്രതയുടെ ഒരു ഭാഗമാണ്. ശരിയായ ശൗചം എന്നത്:

''ശൗചന്തുദ്വിവിധം പ്രോക്തം

ബാഹ്യമാഭ്യന്തരസ്തഥാ

മൃജ്ജലാഭ്യാം സ്മൃം വാഹ്യം

മനഃ സുദ്ധിസ്തഥാന്തരം''

ശൗചം എന്നതിന്റെ ആന്തരികാർത്ഥം മനസ്സ് ശുദ്ധമായും ശരീരം വൃത്തിയായും സൂക്ഷിക്കുക എന്നതാണ്. മനസ്സെങ്ങനെ ശുദ്ധിയുള്ളതാക്കാം?

ബാഹ്യമായും ആന്തരികമായും ഇതിന വഴികളുണ്ട്. എന്താണ് ബാഹ്യമായ വഴി? പെട്ടെന്നുള്ള ചുറ്റുപാടുകളെപറ്റി മനുഷ്യന സ്വായത്തമാക്കിയ ചിന്തകൾ ഉണ്ടായിരിക്കും. അവരുടെ ജീവിതത്തിൽ സത്കർമ്മങ്ങൾ ചെയ്താൽ അവർ വിശ്രമിക്കുമ്പോൾ നല്ല ചിന്തകൾ മനസ്സിൽ ഉയർന്നുവരും. മറിച്ച് ആരാണോ എപ്പോഴും മറ്റുള്ളവരെ ഉപദ്രവിക്കുന്നത് അവർ ഒഴിവുസമയത്ത് കൂടുതൽ ഉപദ്രിവിക്കുന്നതിനെപ്പറ്റി ചിന്തിക്കും. അഥവാ കുറ്റകൃത്യങ്ങൾ ചെയ്യാൻ തുടങ്ങും. അതിനാൽ മനസ്സ് പരിശുദ്ധമാക്കാനുള്ള ആദ്യത്തേതും വളരെ പ്രധാനപ്പെട്ടതുമായവഴി സദാചാരപരമായ കർമ്മങ്ങളിൽ മുഴുകിയിരിക്കുകയാണ്.

കുരുപുണ്യമഹോരാത്രം - അതായത് രാത്രിയും പകലും സത്കർമ്മങ്ങൾ മാത്രം ചെയ്യുക.

ഇനിഎന്താണ് ആന്തരികമായ പാത? ഒരാളുടെ ലക്ഷ്യത്തെ പറ്റിയുള്ള ശ്രദ്ധയാണ് ആന്തരികവഴി. ഒരാളുടെ അഭീഷ്ടം (സംസ്കൃതത്തിൽ ശ്രത്) ആണ്. സംസ്കൃതക്രിയാരൂപമായ ധ യുടെ അർത്ഥം മനസ്സിനെ ശ്രുതി നുനേരെ നയിക്കുക എന്നതാണ്. അതിനാൽ ശ്രത് +ധ = ശ്രദ്ധ

ആയതിനാൽ ബാഹ്യമായി ഒരാൾക്ക് നിസ്വാർത്ഥമായ സാമൂഹ്യസേവനവും ആന്തരികമായ ശ്രദ്ധയും

ഉണ്ടാവണം. ഈ രണ്ടു രീതിയിൽ മനസ്സ് പരിശുദ്ധമായിരിക്കാൻ നിർബന്ധിതമാവുന്നു.

ഇന്ദ്രിയനിഗ്രഹം - അഞ്ച് കർമ്മേന്ദ്രിയങ്ങൾ, അഞ്ച് ജ്ഞാനേന്ദ്രീയങ്ങൾ, അന്തർവാഹിനിയും സന്ദേശവാഹിയുമായ നാഡീവ്യൂഹങ്ങൾ ഇവയെവിജയപ്രദമായി നിയന്ത്രിക്കാനുള്ള കഴിവ് നേടിയാൽ അതിനെ ഇന്ദ്രിയ നിഗ്രഹം എന്നുപറയുന്നു.

‘‘ചക്ഖുനാ സംവരോ സാധു,

സാധുശോതേന സംവരോ,

ഘാനേന സംവരോ സാധു

സാധു ജിഹ്വായ സംവരോ

കായേന സംവരോ സാധു

സാധു വാചായ സംവരോ

മനസാ സംവരോ സാധു

സാധുസബ്ബത്ഥ സംവരോ

സബ്ബത്ഥ സംവരോ ഭിക്ഖു

സവ്വ ദുക്ഖ പമുച്ചതി’’

മനുഷ്യർ പഞ്ചേന്ദ്രിയങ്ങൾ ജീവിതത്തിന്റെ എല്ലാ പാതയിലും ഉപയോഗിക്കുന്നു. പലതരം നാഢീവ്യൂഹങ്ങളെക്കൊണ്ട് അവർ എങ്ങനെ നയിക്കപ്പെടുന്നുവോ അതിനനനുസൃതമായി ആശയങ്ങൾ സ്വാംശീകരിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഈ ഞരമ്പുകൾ ബാഹ്യലോകത്തു നിന്ന് മനസ്സിലേക്കും മനസ്സിൽ നിന്ന് ബാഹ്യലോകത്തേക്കും സന്ദേശങ്ങൾ എത്തിക്കുന്നു. നടന്നുകൊണ്ട് നല്ല ഭക്ഷണം കഴിക്കുമ്പോൾ അതിന്റെ രുചി ആസ്വദിക്കാൻ വളരെ പ്രയാസമാണെന്നകാര്യം നിങ്ങൾ പരീക്ഷിച്ചു കാണും. ഇതുകൊണ്ടാണ് ശാന്തമായിരുന്ന് ആഹാരം കഴിക്കൂ എന്ന് ആളുകൾ പറയുന്നത്. ചിലപ്പോൾ നിങ്ങളുടെ സമീപത്തിരിക്കുന്ന വ്യക്തിയുടെ സംസാരം നിങ്ങൾക്ക് കേൾക്കാൻ കഴിയുന്നില്ല. കാരണം മനസ്സ് മറ്റെവിടേയോ ഉടക്കിക്കിടക്കുകയാണ്. കണ്ണ്, ചെവി, മൂക്ക് തുടങ്ങിയ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നതിനെ, അഥവാ ഒരിന്ദ്രിയത്തെ പൂർണ്ണമായി നിയന്ത്രിച്ച് മറ്റുള്ളവയെ സജീവമാക്കുന്നതിനെ ഇന്ദ്രിയനിഗ്രഹം എന്നുപറയുന്നു. ഇന്ദ്രിയനിഗ്രഹം പരിശീലിക്കുമ്പോൾ ഒരാൾ എന്താണ് നേടുന്നത്? ഇന്ദ്രിയങ്ങളുടെ പ്രവർത്തനത്തെ കുറച്ചുനേരം നിർത്തിവെച്ച് വിഭജിക്കാത്ത ശ്രദ്ധയോടെ മനസ്സിനെ പൂർണ്ണമായി അയാളുടെ ലക്ഷ്യത്തിലേക്ക് തിരിച്ചു വിടാൻ കഴിയുന്നു.

ഇതുകൊണ്ടാണ് ഇന്ദ്രിയനിഗ്രഹം ധർമ്മത്തിന്റെ ശരിയായ വീക്ഷണമാകുന്നത്.

ധീ: ധീ എന്നാൽ വിവേകം (ജ്ഞാനം) ആയിരക്കണക്കിന പുസ്തകങ്ങൾ വായിച്ച ഒരു വ്യക്തിക്ക് വായിച്ചതെല്ലാം ഓർമ്മിക്കാൻ കഴിയുകയില്ല. വായിച്ച പലകാര്യങ്ങളും മറക്കുക എന്നത് മനുഷ്യന്റെ സഹജമായ സ്വഭാവമാണ്. മനുഷ്യന്റെ ഓർമ്മ വളരെ ഇടുങ്ങിയതാണ്. തലച്ചോറിലെ ഞരമ്പുകളിലെ സെല്ലുകൾക്ക് എല്ലാ കാര്യങ്ങളും വളരെകാലം ഓർമ്മിച്ച് ശേഖരിക്കാൻ കഴിയുകയില്ല. എന്നാൽ വേറൊരു തരത്തിലുള്ള ഓർമ്മശക്തിയുണ്ട്. തലച്ചോറിലെ ഞാഡീ ഞരമ്പുകളെ ആശ്രയിക്കാത്ത അത്യധികമായ ഓർമ്മശക്തി. അത് ശരീരത്തിൽ നിന്നും സ്വതന്ത്രമാണ്. ഈ ഓർമ്മശക്തി ഒരു ജ ത്തിൽ നിന്നും അടുത്തതിലേക്ക് മാറ്റപ്പെടുന്നു. ഈ ഓർമ്മയെ വളർത്തികൊണ്ടുവരാനാണ് ഒരാൾ സാധനചെയ്യേണ്ടത്. ഇതിന മാനുഷികമായ ബുദ്ധി ശക്തി അത്യാവശ്യമാണ്.

ഒരു വ്യക്തിയുടെ ജീവിതലക്ഷ്യം അയാളുടെ കണ്ണുകൾക്ക് മുമ്പിൽ എപ്പോഴും ഉറപ്പിക്കണം. അതൊരിക്കലും കാഴ്ചയിൽ നിന്നും നഷ്ടമാവരുത്. ഒരാൾ എപ്പോഴാണോ ദിവസത്തിൽ ഇരുപത്തിനാലുമണി

ക്കൂറും അയാളുടെ ലക്ഷ്യത്തെ പറ്റി ഓർക്കുന്നത് അയാൾ യഥാർത്ഥ ഓർമ്മയെ വികസിപ്പിക്കുന്നു. ധർമ്മ ശാസ്ത്രങ്ങളിൽ ഇത്തരത്തിലുള്ള ഓർമ്മകളെ ധ്രുവസ്മൃതി എന്നുപറയുന്നു. ഇവിടെ ധ്രുവ എന്നാൽ ഉറപ്പിച്ചത്. (വ്യതിചലിക്കാത്തത്) ഒരുസ്ഥല ത്തുതന്നെ ഇളക്കാതെ നിൽക്കുന്ന നക്ഷത്രത്തെ ധ്രുവനക്ഷത്രം എന്നുപറയുന്നു. ശാന്തമായ സ്ഥലത്ത് ഇരിക്കുന്ന ഒരാൾ ഇപ്രകാരം ചിന്തിക്കും. അൽപ്പ നേരത്തേക്ക് എന്റെ ഇഷ്ടങ്ങളെ വീണ്ടും ഓർക്കാൻ അനുവദിക്കുക. ഇങ്ങനെ ഓർമ്മകളെ ഓരോന്നായി ശേഖരിക്കുമ്പോൾ അയാൾ ആകെ വിഷമത്തിലാവു ന്നു. ഇഷ്ടങ്ങൾക്കുപകരം ഒരു കപ്പ് ചായയുടെ ചിന്ത മനസ്സിലേക്ക് കടന്നുവരുന്നു. ഈ ഉദാഹരണത്തിൽ ഒരുകാര്യം വ്യക്തമായി. ഉറച്ച ഓർമ്മകൾ ഇനിയും സ്ഥാപിക്കപ്പെട്ടിട്ടില്ല. ധീ എന്നാൽ ധ്രുവസ്മൃതി അഥവാ ഉറച്ച സ്മരണ.

വിദ്യ: വിദ്യ എന്നാൽ ആത്മജ്ഞാനം എന്നാ ണർത്ഥം. അതായത് പരമാർത്ഥത്തിനു നേരെ മനു ഷ്യരെ നയിക്കുന്ന അറിവ്. ലൗകിക വസ്തുക്കളി ലേക്ക് മനുഷ്യരെ നയിക്കുന്ന അറിവാണ് അവിദ്യ. ജനങ്ങൾ വിദ്യയേയോ അവിദ്യയേയോ നേടാൻ കഠി നമായി പ്രയത്നിക്കണം. ഒരു ധാർമ്മികന വിദ്യവളരെ

ആവശ്യമാണ്. അവിദ്യയെ പൂർണ്ണമായും അവഗണി ക്കാനാവില്ല. അത് ചില്ലറക്കാര്യങ്ങൾക്കൊക്കെ സഹാ യകമാണ്.

സത്യം: സത്യത്തിന്റെ നിർവ്വചനം എന്താണെന്ന് നിങ്ങൾ ക്കറിയാം. പരഹിതാർഥം വാങ്മനസോ യഥാർത്ഥത്വം സത്യം  അതായത് മനുഷ്യക്ഷേമത്തി നുവേണ്ടിയുള്ള ചിന്തകളുടേയും വാക്കുകളുടേയും ശക്തിയായ പ്രയോഗമാണ് സത്യം. മറ്റുള്ളവരെ ഉപദ്ര വിക്കുക എന്നകാഴ്ച്ചപ്പാടോടെ ഒരാൾ ചിന്തിക്കു കയോ പറയുകയോ ചെയ്യുന്നത് വസ്തുതയോ വസ്തുതാപരമായ പ്രസ്താവനയോ ആവാം. എന്നാ ലത് സത്യമല്ല.

അക്രോധ: ക്രോധം എന്നാൽ ദേഷ്യം തന്നെ. ദേഷ്യത്തിൽ (ക്രോധത്തിൽ) നിന്നുള്ള മോചനമാണ് അക്രാധം. ഒരു ധാർമ്മികനായ വ്യക്തിയും ഒരു ബുദ്ധിമാനായ വ്യക്തിയും തീർച്ചയായും  കോപ ത്തിൽ നിന്നും മുക്തനാകണം. ഒരിക്കൽ ഏറ്റവും വലിയ ഭക്തനായ നരോത്തംദാസ് ഠാക്കൂർ ഇങ്ങനെപ റഞ്ഞു:

കൃഷ്ണ നാമ് ഹരി നാമ് ബരഇ മധുർ

ജെഇ ജൻ കൃഷ്ണ ഭജെ സെ ബര ചതുർ

നിങ്ങൾ കോപത്തിൽ നിന്നും മോചിതനായെന്നു കരുതുക. അപ്പോഴും നിങ്ങളുടെ ശത്രു നിങ്ങളോട് കുപിതനായിരിക്കും. അപ്പോൾ കൈകാലുകൾ വിറ ക്കുകയും തീർപ്പ് കൽപ്പിക്കാനുള്ള ബുദ്ധിശക്തി സമാ ന്തരമായി തീരുകയും ചെയ്യും. വിവേകപൂർവ്വം നിങ്ങ ളെന്തെങ്കിലും പറയുമ്പോൾ അവനോ അവളോ പരാ ജയപ്പെടും യുക്തിയുക്തമായ വാദഗതികൾ മനസ്സ് അസ്വസ്ഥമായതിനാൽ പരാജയപ്പെടുന്നു. അവനോ അവളോ ചിട്ടപ്പെടുത്തിയ വാദങ്ങൾ തോറ്റുപോവും. അത് ശാരീരികമായ ഒരടിപിടിയിൽ വന്നാലും അവനോ അവളോ തോറ്റുപോകും. കൈകാലുകൾ വിറക്കുന്ന ഒരാളെ ചെറിയ ഒരു തള്ളൽ കൊണ്ട് നിലം പതിപ്പിക്കാം. അതുകൊണ്ട് നിങ്ങൾ സമർത്ഥ നാണെങ്കിൽ കോപം ത്യജിക്കണം. അതിലുപരി നിങ്ങൾ ശത്രുവിനെ കുപിതനാക്കുന്നതുകൊണ്ട് യുദ്ധത്തിൽ ജയിക്കാൻ കഴിയുന്നു. പരിചയ സമ്പന്ന രായ ഭാഷകൾ എതിർ പാർട്ടിയെ കുപിതരാക്കിയാണ് വിജയിക്കുന്നത്. അങ്ങനെ അവരിൽ നിന്നും വിലപി ടിച്ച പല വിവരങ്ങളും ചോർത്തിയെടക്കും. അതി നാൽ ധാർമ്മികനാവാൻ ഒരു വ്യക്തിക്കുവേണ്ട മാനദ ണ്ഡങ്ങളിലൊന്നാണ് അയാൾ ക്രോധം പരിത്യജി ക്കണം എന്നതാണ്.

ഈ പറഞ്ഞ സവിശേഷ ഗുണങ്ങൾ വ്യക്തമായും സ്പഷ്ടമായും ഒരു ധാർമ്മികനിൽ കാണണം.

കൽക്കത്ത: 10–11–1978

ഉള്ളടക്കം

# 20.സ നോ ബുദ്ധ്യാ ശുഭയാ സംയുനക്തു

(പരമമായ സ്നേഹത്തോടൊപ്പം യോജിച്ചു നിൽക്കുക)

ഇന്ത്യാ ചരിത്രത്തിലെ ഒരുയർന്ന വ്യക്തിത്വമാണ് മദാലസ: രണ്ടു പ്രധാനപ്പെട്ട സന്ദേശങ്ങൾ അവൾ സ്വന്തം മകന് കൈമാറി. ആദ്യത്തേത് എല്ലാവിധ കൂട്ടു കെട്ടുകളേയും ജീവിതത്തിൽ നിന്നും അകറ്റി നിർത്തുക എന്നതാണ്. അപ്രകാരം ചെയ്യാൻ പ്രയാസ മാണെങ്കിൽ ധർമ്മനിഷ്ഠയുള്ളവരുമായി മാത്രം കൂട്ടു കൂടുക. രണ്ടാമത്തെ സന്ദേശം ജീവിതത്തിന്റെ എല്ലാ വിധത്തിലുമുള്ള ആഗ്രഹങ്ങൾ ഉപേക്ഷിക്കുക എന്ന താണ്. ഇത് നിനക്ക് ചെയ്യാൻ സാധിക്കുകയില്ലെങ്കിൽ നീ ഒരാഗ്രഹത്തെ മാത്രം പരിപോഷിപ്പിക്കണം. അത് മോക്ഷത്തിനുവേണ്ടിയുള്ള ആഗ്രഹമാണ്. ഭാരതീയർ

ഈ മോക്ഷത്തിനു വേണ്ടിയുള്ള ആഗ്രഹത്തെ വളരെ യധികം പ്രോത്സാഹിപ്പിച്ചിരുന്നു. അതുപോലെ തന്നെ വേദ ഗ്രന്ഥങ്ങളും. പരമപുരുഷനോട് ഒന്നും ആവശ്യ പ്പെടാതിരിക്കുക എന്നതാണ് ഏറ്റവും നല്ല കാര്യം. മനസ്സിൽ ഒരാഗ്രഹവും പരിപോഷിപ്പിക്കപ്പെടുന്നില്ലെ ങ്കിൽ അയാൾ തീർച്ചയായും പരമപുരുഷനോടടുക്കും. ഇത് അസാധ്യമാണെങ്കിൽ അയാൾ പരമപുരുഷനോ ടിങ്ങനെ പ്രാതഥിക്കണം. അല്ലയോ പ്രഭോ എന്റെ ബുദ്ധിയെ മനുഷ്യസ്നേഹത്തിന്റെ പാതയിലേക്ക് നയിക്കുക. എന്റെ ബുദ്ധി ശക്തിയെ പരമമായ മനുഷ്യ സ്നേഹത്തോടൊപ്പം ചേർത്ത് നിർത്തുക. ഗായത്രീ മന്ത്രത്തിൽ അഥവാ സാവിത്രിഋക് എന്നറിയ പ്പെടുന്ന ഋഗ്വേദമന്ത്രത്തിൽ ഇതേകാര്യം പറഞ്ഞിട്ടു ണ്ട്.

‘‘ഓം ഭൂർഭുവഃ സ്വഃ

ഓം തത്സവിതുർവരേണ്യം

ഭർഗോ ദേവസ്യ ധീമഹി

ധിയോ യോ നഃ പ്രചോദയാത് ഓം’’

ഞാൻ പരമപുരുഷന്റെ പരമമായ പ്രഭാപൂരത്തെ ധ്യാനിക്കുന്നു. അതിനാൽ അദ്ദേഹം എന്റെ ബുദ്ധിയെ ശരിയായ പാതയിൽ നയിക്കും. അതായത് ധർമ്മ ത്തിന്റെ പാത.

പരമപുരുഷൻ എല്ലാം നിയന്ത്രിക്കുന്നു. അദ്ദേഹം ആഗ്രഹിച്ചാൽ വളരെ എളുപ്പത്തിൽ ഒരു വ്യക്തിയെ ന യുടെപാതയിലേക്ക് നയിക്കാനാവും. തീർച്ചയായും വളരെ പ്രതീക്ഷയോടെ ഒരാൾ അദ്ദേഹത്തോട് അതി നായി പ്രാർത്ഥിക്കും. വരേണ്യം എന്നാൽ പൂജനീയം. ആരാണോ ആരാധിക്കപ്പെടുന്നത് അയാൾ. ഭർഗ്ഗ എന്നാൽ പ്രഭാപൂരം (ജ്യോതി). ധീമഹി - ഞങ്ങൾ ധ്യാനിക്കുന്നു. ധിയോ എന്നാൽ ഞങ്ങളുടെ ബുദ്ധിശക്തി. പ്രചോദയാത്. എന്നെനയിച്ചാലും. അതിനാൽ ഈ ശ്ലോകത്തിന്റെ ആകപ്പാടെയുള്ള അർത്ഥം ഈ പ്രപഞ്ചത്തിന്റെ ഏഴ് അടുക്കുകളു ടേയും സ്രഷ്ടാവിന്റെ ജ്യോതിയെ ഞങ്ങൾ ധ്യാനി ക്കുന്നു എന്നതാണ്. കാരണം അദ്ദേഹമാണ് പരമമായ നിയന്ത്രിതാവ്. ഈ കൊച്ചു മനസ്സിനെ അദ്ദേഹം സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ - അദ്ദേഹത്തിന ആഗ്രഹമു ണ്ടെങ്കിൽ - തീർച്ചയായും എന്റെ ബുദ്ധിയെ ന യുടെ പാതയിലേക്കുനയിക്കാൻ അദ്ദേഹത്തിനുകഴിയും. അദ്ദേഹം നമ്മുടെ ബുദ്ധിശക്തിയെ ശരിയായ ദിശയി

ലേക്ക് നയിക്കുമെന്ന പ്രതീക്ഷയോടെയാണ് നാം ധ്യാനിക്കുന്നത്. ചില വേദഗ്രന്ഥങ്ങൾ തന്നെ പറയുന്നുണ്ട്. നാം പരമപുരുഷനോടൊന്നും ചോദിക്കരുത് എന്ന്. ഒന്നും ചോദിക്കാതിരിക്കുന്നത് ഒരാൾക്ക് ഒഴിവാക്കാനാവില്ലെങ്കിൽ ഒന്നുമാത്രം ചോദിക്കുക. അല്ലയോ പ്രഭോ എന്റെ ബുദ്ധിയെ ശരിയായ വഴിയെ നയിച്ചാലും.

മനുഷ്യസമൂഹത്തെ പിടിച്ചുലക്കുന്ന എല്ലാവിധ കലഹങ്ങളും സംശയങ്ങളും ആക്രമങ്ങളും പരാജയത്തിന്റെ ഫലമാണ്. തെറ്റായിനയിക്കപ്പെടുന്ന ബുദ്ധിമാ ാർ, അതായത് പരമപുരുഷനോടുള്ള സ്നേഹം നിർത്തിവെച്ച ബുദ്ധിമാ ാർ ഒരിക്കലും ധർത്തിന്റെ പാതയിൽ മുന്നേറുകയില്ല. ഇതിന്റെ ഫലമായി നിഷേധരൂപത്തിലുള്ള പ്രകടനങ്ങൾ ഉണ്ടാവുന്നു. മനുഷ്യമനസ്സിൽ ഒരു മാറ്റം ഇല്ലാത്തിടത്തോളംകാലം ഒരു പ്രശ്നത്തിനും ശാസശ്വതമായ പരിഹാരം കണ്ടെത്തുകയില്ല. സാഹചര്യങ്ങൾക്കനുസൃതമായ സമ്മർദ്ദങ്ങൾ അടിച്ചേൽപ്പിച്ച് അധാർമ്മികരേയും ചൂഷകരേയും സാമൂഹ്യവിരുദ്ധ ശക്തികളേയും അച്ചടക്കമുള്ളവരാക്കാം. എന്നാലിത് ശാശ്വതമായ പരിഹാരമല്ല. ഇതു സംബന്ധമായ പരിശ്രമങ്ങൾ ഒത്തൊരുമിച്ച് തുടരുന്നതോടൊപ്പം ഫലപ്രദമായ ചിന്തകളും വളർത്തിയെടു

ക്കണം. അങ്ങനെയായാൽ ജനങ്ങൾ അവരുടെ വ്യക്തിത്വത്തെ യോജിപ്പിച്ച് മനുഷ്യസ്നേഹമെന്ന ചൈതന്യത്തോടൊപ്പം ധാർമ്മികപാതയിൽ സഞ്ചരിക്കാനത് പ്രേരകമാവും. ഒരേയൊരു സമീപനം മാത്രംപോരാ രണ്ടും ആവശ്യമാണ്. ഒന്ന് താൽക്കാലികമാണെങ്കിൽ മറ്റേത് സ്ഥിരമാണ്. ആരാണോ പരമപുരുഷനോട് ഉദാരമതിയായ ഒരു ബുദ്ധിമാനെ സംഭാവന നൽകാൻ കെഞ്ചി ചോദിക്കുന്നത് അയാൾക്ക് തീർച്ചയായും പുരോഗതിയുണ്ടാവും. അവരുടെ ഉയർച്ച സുനിശ്ചിതമാണ്. ഈ രീതിയിൽ വർത്തമാനകാലത്തും ഭാവിയിലും ആരാണോ പ്രാർത്ഥിക്കാതിരിക്കുന്നത് അവരുടേയും ബുദ്ധിശക്തിയെ പ്രചോദിപ്പിച്ച് പരമപുരുഷനോടൊപ്പം, പരമസ്നേഹത്തോടൊപ്പം സംയോജിപ്പിക്കണം. ഇതാണ് നമ്മുടെ സാമൂഹ്യധർമ്മം. ഇതിൽ നമ്മൾ പരാജയപ്പെട്ടാൽ അതിനർത്ഥം നമ്മുടെ സാമൂഹ്യധർമ്മം വികൃതമാക്കപ്പെട്ടു എന്നതാണ്. അതിനാൽ ധർമ്മ പ്രചരണം ഒരു സാമൂഹ്യ പ്രവർത്തനമാണ്. ഇത് ഒരു വ്യക്തിയുടെ മാത്രം ഉത്തരവാദിത്വമല്ല. സത്യസന്ധരായ വ്യക്തികളുടെ കൂട്ടായ ഉത്തരവാദിത്വമാണ്. വേദത്തിലെ ഒരു ശ്ലോകത്തിൽ ഇപ്രകാരം പറയുന്നു.

''യ ഏകോവർണോ ബഹുധാശക്തിയോഗാദ്

വർണാന് അനേകാൻ നിഹിതാർഥോ ദധാതി.

വിചൈതി ചാന്തേ വിശ്വമാദൗ സ ദേവഃ

സ നോ ബുദ്ധ്യാ ശുഭയാ സംയുനക്തു''

ഒന്നും ഇല്ലാതിരുന്നകാലത്ത് ഈ വർണപ്രപഞ്ചം നിർമ്മിക്കാതിരുന്നകാലത്ത് പരമപുരുഷൻ – നിറഭേദ മില്ലാത്ത സത്ത് – ഇവിടെയുണ്ടായിരുന്നു. ഇന്നും അദ്ദേഹം നിലനിൽക്കുന്നു. ഭാവിയിലും അത് നില നിൽക്കും. അദ്ദേഹത്തിന്റെ നിരവധി ശക്തികളിൽ ഒന്ന് ഈ വർണപ്രപഞ്ചം സൃഷ്ടിച്ചു എന്നതാണ്. സൃഷ്ടിയുടെ തുടക്കത്തിൽ അദ്ദേഹം ഏക സത്തയാ യിരുന്നു. സൃഷ്ടിയുടെ അവസാനകാലത്തും അദ്ദേഹം ഏകനായി നിലകൊള്ളും.

നാം പരമപുരുഷനോടെന്താണ് ചോദിക്കുക? ഒരു വ്യക്തിയുടേയും സമൂഹത്തിന്റേയും ആവശ്യങ്ങൾ എന്താണെന്ന് അദ്ദേഹത്തിന നന്നായി അറിയാം. അദ്ദേഹം ഓരോ വ്യക്തിയുമായി സംസർഗ്ഗം പുലർത്തുന്നത് ഓരോ യോഗത്തിലൂടെയാണ്. (കൂടി ച്ചേരാനുള്ള യോഗം). പ്രപഞ്ചം ഒന്നാകെ ഇടപെ ടുന്നത് പ്രോതയോഗത്തിലൂടെയാണ്. (വിപരീതദിശ യിലുള്ള കൂടിച്ചേരൽ). എല്ലാവരുടേയും മധ്യത്തിലി

രുന്ന് അദ്ദേഹം എല്ലാവർക്കും നിർദ്ദേശം നൽകുന്നു. മറ്റാരേക്കാളുമുപരി അവരുടെ ആവശ്യങ്ങൾ എന്താണെന്ന് അദ്ദേഹത്തിനറിയാം. അതിനാൽ നിങ്ങളുടെ ആവശ്യങ്ങൾ നിങ്ങളേക്കാൾ നന്നായി അറിയുന്ന ഒരാളോട് നിങ്ങൾ എന്താവശ്യപ്പെടാനാണ്? എന്റെ അഭിപ്രായത്തിൽ ഒന്നുമില്ല. കാരണം നിങ്ങൾ നിങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനേക്കാളധികം അദ്ദേഹം നിങ്ങളെക്കുറിച്ച് ചിന്തിക്കുന്നു. നിങ്ങൾ സ്വയം മനസ്സിലാക്കുന്നതിലുപരി അദ്ദേഹം നിങ്ങളെ മനസ്സിലാക്കുന്നു. എന്നിരുന്നാലും നിങ്ങൾക്ക് എന്തെങ്കിലും പറയാനാഗ്രഹമുണ്ടെങ്കിൽ നിങ്ങൾ പറയേണ്ടത്. സ നോ ബുദ്ധ്യാ ശുഭയാ സംയുനക്തു – നമ്മുടെ ബുദ്ധിശക്തിയെ പരമമായ സ്നേഹത്തിൽ സംയോജിപ്പിക്കാൻ അദ്ദേഹത്തെ അനുവദിക്കുക. കാരണം നാം അദ്ദേഹത്തെ മറക്കുന്ന നിമിഷം അദ്ദേഹത്തിൽ നിന്നും അകലുന്നു. ഫലത്തിൽ അവർ മനുഷ്യരൂപം പ്രാപിച്ച മൃഗങ്ങളാവുന്നു. നാം അദ്ദേഹത്തെ ഓർക്കുന്ന നിമിഷം മുതൽ നമ്മളോരോരുത്തരും ഉത്തമപുരുഷനും സ്ത്രീയുമായിത്തീരുന്നു.

അതിനാൽ നാമൊരിക്കലും അദ്ദേഹത്തെ മറക്കുകയില്ല എന്നുപ്രാർത്ഥിക്കാം. എപ്പോഴും പരമമായ സ്നേഹത്തിൽ ലയിച്ചിരിക്കുമെന്ന് പ്രാർത്ഥിക്കാം.

ചാഞ്ചാട്ടമില്ലാത്ത ഭക്തിയെ ഉയർത്തിപ്പിടിക്കാൻ അദ്ദേഹത്തോടപേക്ഷിക്കാം. സ്മൃതി എന്നാൽ സ്മരണ അഥവാ വീണ്ടും ഓർമ്മിക്കൽ. ധ്രുവസ്മൃതി എന്നാൽ അദ്ദേഹത്തെ ഇടവിടാതെ സ്മരിക്കുക എന്നതാണ്. ഒരാൾ തുടർച്ചയായി ഓർക്കേണ്ടത് പരമപുരുഷനെയാണ്. ഇതിന്റെ ഫലം ഒരു വ്യക്തിയിൽ ഉപയോഗപ്രദമായ ചിന്തകൾ തുടർച്ചയായി ഉണ്ടാക്കുമെന്നതാണ്. അവയെല്ലാം പരമസ്നേഹവുമായി യോജിക്കുന്നതായിരിക്കും. ഇത്, ഇതു മാത്രമാണ് മനുഷ്യന്റെ പരമപ്രധാനമായ ധർമ്മം.

കൽക്കത്ത– 11.11.1978

ഉള്ളടക്കം

## 21. ഒട്ടും ഭയപ്പെടരുത്

‘‘യതോ വാചോ നിവർത്തന്തേ

അപ്രാപ്യ മനസാ സഹ

ആനന്ദം ബ്രഹ്മണോ വിദ്വാൻ

ന വിഭേതി കുതശ്ചന’’

പരമാനന്ദത്തിന്റെ സാക്ഷാത്കാരമാണ് ബ്രഹ്മമെന്ന് തിരിച്ചറിഞ്ഞ ഒരാൾ, (അദ്ദേഹത്തെ വാക്കുകളിലൂടേയോ മനസ്സുകൊണ്ടോ സ്വന്തമാക്കാനാവില്ലെന്ന് ഓർക്കുക.) ഈ പ്രപഞ്ചത്തിൽ മറ്റൊന്നിനേയും ഭയപ്പെടുന്നില്ല. മനുഷ്യരുടെ ഏറ്റവും ഉയർന്ന ശത്രുക്കളിൽ ഒന്നാണ് ഭയം. ഭയംകൊണ്ട് മനുഷ്യന്റെ കഴിവുകൾ നിഷ്പ്രഭമാവുന്നു. വ്യക്തിത്വവികാസം മന്ദഗതിയിലാവുന്നു. അപ്പോൾ ഭയത്തെ അതിജീവിക്കാൻ കഴിയാതാവുന്നു. ഒരാൾ പരമപുരുഷനെ തന്റെ അഭയസ്ഥാനമാക്കണം. ഇത് നല്ലവഴിയാണെന്ന് ഞാൻ പറയില്ല. ഇതാണ് ഒരേയൊരു വഴി.

ഇനി ഇതാണ് ചോദ്യം. എന്തുകൊണ്ടാണ് മനുഷ്യർ എന്തിനെയെങ്കിലും ഭയപ്പെടുന്നത്? അവരേക്കാൾ വലിയ ഏതെങ്കിലും ലൗകികശക്തിയെ വർത്തമാനകാലത്തും ഭാവികാലത്തും അഭിമുഖീകരിക്കേണ്ടി വരുമ്പോൾ സഹജമായി ഭയത്തിന് കീഴ്പ്പെടുന്നു. എന്നാൽ പരമപുരുഷന്റെ ശക്തി പ്രതിയോഗികളേക്കാൽ അപാരമാണെന്ന് തിരിച്ചറിയുമ്പോൾ അശക്തരാണെങ്കിലും അവരൊന്നിനേയും ഭയപ്പെടുകയില്ല. പരമപുരുഷന് അദ്ദേഹത്തിന്റെ സൃഷ്ടികളോടെല്ലാം സ്വന്തമായ ബന്ധമുണ്ട്. അദ്ദേഹം സൃഷ്ടികർത്താവാണ്. മറ്റെല്ലാം അദ്ദേഹത്തിന്റെ സന്തതിപരമ്പരകളാണ്.

ഇവിടെ അച്ഛനും മക്കളും തമ്മിലുള്ള അടുപ്പമാണ്. അതിനാൽ അദ്ദേഹത്തെ ആശ്രയിക്കുക എന്നത് മനുഷ്യസഹജമായ സ്വഭാവമാണ്. അതുപോലെ സാധ്യമായ എല്ലാ രീതിയിലും അവരെ സംരക്ഷി ക്കാൻ അദ്ദേഹം കടപ്പെട്ടവനുമാണ്. മനുഷ്യ ജീവി കളും സൃഷ്ടികർത്താവായ പരമപുരുഷനും തമ്മി ലുള്ള വ്യക്തിപരമായ ഈ ബന്ധത്തെ ഓതയോഗം എന്നുപറയുന്നു. ഓതയോഗത്തിലൂടെ പരമപുരുഷൻ വ്യക്തി മനസ്സുകളുമായി നിരന്തരം ബന്ധപ്പെടുന്നു. അതിനാൽ ആരും തനിച്ചല്ല. ആരും നിസ്സഹായരുമല്ല. സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും സൃഷ്ടിച്ച പരമപുരുഷൻ, സുസ്ഫഷ്ടമായതും വീണ്ടും സ്പഷ്ടമാക്കാതിരിക്കുന്നുതും, ചിന്താ സാമ്രാജ്യത്തിനുള്ളിലുള്ളതും, ചിന്താപരിധിക്കുമപ്പുറ മുള്ളവനുമായ പരമപുരുഷൻ എല്ലാറ്റിനേയും നിയ ന്ത്രിക്കുന്നവനും എല്ലാവരുടേയും പിതാവുമാണ്. ഓത യോഗത്തിലൂടെ അദ്ദേഹം ഓരോ മനുഷ്യനുമായി ബന്ധപ്പെടുന്നു. അതിനാൽ ഒന്നിനേയും ആരേയും ഒരിക്കലും ഭയപ്പെടേണ്ടതില്ല.

പരമപുരുഷൻ അദ്ദേഹത്തിന്റെ പ്രാതയോഗത്തി ലൂടെ അഥവാ വ്യാപകശക്തിയുള്ള കൂടിച്ചേരലിലൂടെ എല്ലാ സൃഷ്ടികളുമായും സമ്മേളിച്ചുകിടക്കുന്നു. ഈ

വ്യാപക ശക്തിയോടെയുള്ള സമ്മേളനത്താൽ അദ്ദേഹം ഒരു ഭാഗത്ത് വ്യക്തിയുടെ താൽപര്യവും മറുഭാഗത്ത് സമൂഹതാൽപര്യവും സമതുലനം ചെയ്ത് കാത്തു സൂക്ഷിക്കുന്നു. – അതായത് കൂട്ടായ സ്വാതന്ത്ര്യത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനുമിടയിൽ സമൂഹ താൽപര്യത്തിന വിരുദ്ധമായി നിൽക്കുന്നവരേയും, അഥവാ അതിന വിരുദ്ധമായി മാത്രം സഞ്ചരിക്കുന്നവരേയും ക്രമീകരിക്കുന്നു. ഈ പ്രപഞ്ച സൃഷ്ടിയിൽ ആരും പിശാചിനെ അനുഗമിക്കേണ്ടതില്ലെന്ന് അദ്ദേഹം ഉറപ്പു വരുത്തുന്നു. അത്തരം ദുർദ്ദേവതകൾ അതിശക്തമായിമാറുമ്പോൾ അദ്ദേഹം സ്വയം അവരിൽ നിന്നും പ്രപഞ്ചത്തെ രക്ഷിക്കാൻ അവതരിക്കുന്നു. ഗീതയിൽ ഇക്കാര്യം അസന്നിഗ്ധമായി പറഞ്ഞിട്ടുണ്ട്.

''യദാ യദാ ഹി ധർമ്മസ്യ

ഗ്ലാനിർഭവതി ഭാരത

അഭ്യുത്ഥാനം അധർമ്മസ്യ

തദാത്മാനം സൃജാമ്യഹം''

ഈ പ്രപഞ്ചത്തിൽ ഏതേതുകാലത്താണ് ധർമ്മത്തിന ഹാനിയും അധർമ്മത്തിന അഭിവൃദ്ധിയും ഉണ്ടാകുന്നത് അപ്പോൾ പ്രാണികളെ നിഗ്രഹിക്കുന്നതിനും അനുഗ്രഹിക്കുന്നതിനും ഞാൻ സ്വയം അവതരിക്കുന്നു. ദുഷ്ട ാർ സർവ്വശക്തിയും ഉപയോഗിച്ച് അദ്ദേഹത്തെ തടയാൻ ശ്രമിക്കുമെങ്കിലും പരമപുരുഷൻ സർവ്വ ശക്തനായിട്ടാണ്. (ഭഗ) അവതരിക്കുക.

ഐശ്വര്യഞ്ച സമഗ്രഞ്ച വീര്യഞ്ച യശസഃ ശ്രിയഃ

ജ്ഞാന-വൈരാഗ്യഞ്ച ഷണ്ണാം ഭഗ ഇതി സ്മൃതം

ഭഗ എന്നാൽ എല്ലാതരത്തിലുമുള്ള ശക്തിയുമാണ്. അനിമ, ലഘിമ, ഗരിമ, അന്തര്യാമിത്വം തുടങ്ങിയവ. (ഏറ്റവും സൂക്ഷ്മമാകുക, ഏറ്റവും വലുതാകുക, ഏറ്റവും ഭാരമുള്ളതാകുക, ത്രികാലജ്ഞാനം തുടങ്ങിയവ.) അത്തരം ഒരു വ്യക്തിത്വത്തിന്റെ ആഗമനത്താൽ പ്രപഞ്ചം ധ്രുവീകരിക്കപ്പെടുന്നു. ഒരു വിഭാഗം അത്തരം അവതാരങ്ങൾക്ക് സർവ്വവിധ പിന്തുണയും നൽകി പ്രശസ്തനായ പിൻതുടർച്ചക്കാരനായി മാറ്റുമ്പോൾ, മറ്റൊരുവിഭാഗം അതിശക്തമായി എതിർക്കുകയും സൽപ്പേരിന കളങ്കമുണ്ടാക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ ഒരു ഗുണമാണ് വശീകരണശക്തി അഥവാ ശ്രീ. ഈ വശ്യശക്തിയാൽ ജനങ്ങൾ

അറിഞ്ഞും അറിയാതെയും കൂട്ടം കൂട്ടമായി അദ്ദേഹത്തെ അനുഗമിക്കുന്നു. ശ്രീ എന്ന വാക്ക് രണ്ടു വ്യഞ്ജനങ്ങൾ ചേർന്നുണ്ടായതാണ്. ഷ + റ. ശബ്ദശാസ്ത്ര സംബന്ധമായി ഷ എന്നത് പ്രകാരാന്തരീകരണതത്വത്തേയും (മാറ്റം വരുത്തൽ) റ എന്നത് ശക്തിയേയും സൂചിപ്പിക്കുന്നു. അതിനാൽ ശ്ര എന്നതിനർത്ഥം ശക്തി സംഭരിച്ചവനും, അത് സമയത്തിന് ഉപയോഗിക്കാൻ കഴിവുള്ളവനും എന്നതാണ്. സ്ത്രീലിംഗരൂപമായ ഈൗ് ചേർന്ന്. മറ്റൊരുഗുണം അറിവും ത്യാഗവുമാണ്. ഇവിടെ അറിവ് എന്നാൽ യഥാർത്ഥജ്ഞാനമാണ്. അതായത് ആത്മജ്ഞാനം. ഇത് ലോക ക്ഷേമത്തിന് അത്യാവശ്യമായതാണ്. അദ്ദേഹം എല്ലാം അറിയുന്നവനും ത്രികാലജ്ഞാനിയുമാണ്.

തത്ര നിരതിശയം സർവജ്ഞത്വബീജം – അടുത്ത ഗുണം വൈരാഗ്യമാണ് (ത്യാഗം) വിരൻജ്+ ഞഗൻ. വൈരാഗ്യം എന്നത് ഒരു വർണ്ണത്തിനും മനസ്സിനെ സ്വാധീനിക്കാൻ അനുവദിക്കാതിരിക്കുന്ന അവസ്ഥയാണ്. ഒരാൾ ഒന്നിനാലും ചോദ്യം ചെയ്യാൻ പറ്റാത്ത അവസ്ഥയെ അപരാമൃസ്ട എന്നുപറയുന്നു. പരമപുരുഷൻ അത്തരം ഒരു സത്തയാണ്. ഇത്തരം

ഗുണങ്ങളെല്ലാമുള്ള സത്തയെ ഭഗവാൻ എന്നു പറയുന്നു.

എപ്പോഴാണോ അധാർമ്മികൾ ഈ പ്രപഞ്ചത്തിൽ അസഹ്യമായ രീതിയിൽ പൈശാചിക കൃത്യങ്ങൾ നടത്തുന്നത്, സാധാരണ ജനങ്ങൾക്ക് അത്തരം പൈശാചിക ശക്തികളെ ഒറ്റക്കോ കൂട്ടായോ നേരിടാനുള്ള ശക്തി നഷ്ടമാവുന്ത് അപ്പോൾ പരമപുരുഷന് മറ്റൊന്നും കരണീയമാവുന്നില്ല. അപ്പോൾ അദ്ദേഹം ഭൂമിയിൽ അവതരിച്ച് ദുരിതമനുഭവിക്കുന്നവരെ സഹായിച്ച് അവരുടെ ക്ഷേമത്തിനു വേണ്ടി ധർമ്മത്തെ ഉയർത്താനാവശ്യമായതെല്ലാം ചെയ്തുകൊടുക്കുന്നു. തദാത്മാനാം സൃജാമ്യഹം അപ്പോൾ എനിക്ക് ഈ ഭൂമിയിൽ അവതരിക്കണം.

അതുകൊണ്ട് മനുഷ്യരാരും ഒരുവിധത്തിലും ഭയപ്പെടേണ്ടതില്ല. (ഒരു സാഹചര്യത്തിലും). ഇനി പരമപുരുഷൻ പ്രത്യേക സാഹചര്യത്തിൽ ഭൂമിയിൽ അവതരിച്ചില്ലെങ്കിലും അദ്ദേഹം എവിടെയും സ്ഥിതി ചെയ്യുന്നുണ്ട്. അദ്ദേഹം ഒറ്റക്കും കൂട്ടായുമുള്ള എല്ലാ സൃഷ്ടികളേയും സഹായിക്കുന്നു. ചില പ്രത്യേക സാഹചര്യത്തിൽ പരമപുരുഷന ഭൂമിയിൽ വരേണ്ട സന്ദർഭമുണ്ടാവുമ്പോൾ (ഉദ: ശിവൻ, കൃഷ്ണൻ) മനുഷ്യർക്കെല്ലാം അവരുടെ തൊട്ടു മധ്യത്തിൽ അടുത്തു

തന്നെ പരമപുരുഷനെ ലഭിക്കുന്നു. ഇതാണ് പൊതു വായനത്വം. അതിനാൽ മനുഷ്യർ ഒരു കാലത്തും ഒന്നിനേയും ഭയപ്പെടേണ്ട കാരണമില്ല. പരമപുരുഷൻ എങ്ങനെയിരിക്കും?

''തമീശ്വരാണാം പരമം മഹേശ്വരം

ത്വം ദേവതാനാം പരമഞ്ച ദൈവതം

പതിം പതീനാം പരമം പരസ്താദ്

വിദാമ് ദേവം ഭുവനേശമിഡ്യം''

ഈശ്വരൻ എന്നാൽ എല്ലാ നിയന്ത്രിക്കുന്നവൻ. നിയന്ത്രിതാവ്. ഈ ലോകത്ത് ഓരോ വസ്തുവി നേയും നിയന്ത്രിക്കുന്ന ഒരാൾ ആവശ്യമാണ്. ഇവിടെ ഇപ്രകാരം പറയുന്നു:

തമീശ്വരാനാംപരമം മഹേശ്വരം -ജീവിത്തിന്റെ വ്യത്യസ്ഥമായ ദിശകളിൽ പലതരം നിയന്ത്രക ാർ പലതരങ്ങളിലുമുണ്ട്. ഈ നിയന്ത്രക ാരുടെ പരമ മായ നിയന്ത്രാവ്.

ത്വം ദേവതാനാം പരമഞ്ച ദൈവതം -പരമനിയ ന്ത്രകനായ പരമപുരുഷനിൽ അഭയംപ്രാപിച്ചവന് മറ്റൊരു നിയന്ത്രകനേയും ഭയപ്പെടേണ്ടതില്ല. ഭയപ്പെടു ന്നതിന് ന്യായീകരിക്കത്തക്ക ഒരുകാരണവും ഇല്ല.

പരമപുരുഷനിൽ നിന്നും നിർഗ്ഗളിക്കുന്ന അസംഖ്യം പ്രകമ്പനങ്ങളും, പ്രപഞ്ചത്തെ ക്രമീകൃത മായും അനന്തമായും ചലിപ്പിക്കുന്ന പ്രകമ്പനങ്ങളും ദേവ ാർ എന്ന പേരിൽ അറിയപ്പെടുന്നു. ആ പ്രകമ്പി തമായ പ്രത്യക്ഷപ്പെടലുകളെല്ലാം തന്നെ ഒരേയൊരു സത്തയുടെ കാണപ്പെടുന്ന ഭാവങ്ങളാണ്. അനിർവ്വച നീയമായ ആ സത്ത മഹേശ്വരൻ തന്നെ. അദ്ദേഹത്തെ മഹാദേവൻ എന്നും പറയുന്നു. കാരണം എല്ലാ ദേവ ാരുടേയും കാരണഭൂതനാണയാൾ.

പതിം പതീനാം –പതി എന്നാൽ ഉടമ. ഈ പ്രപ ഞ്ചത്തിൽ വലുതും ചെറുതുമായ ഉടമകളുണ്ട്. പേർഷ്യൻ ഭാഷയിൽ ദർ എന്ന പ്രത്യയം ഉടമസ്ഥ തയെ സൂചിപ്പിക്കുന്നു. ഉദാഹരണമായി ഒരു കടയുടമ സ്ഥൻ ദൂകാൻദാർ . ജീവന്റെ ഉടമ ജാൻദാർ . സംസ്കൃതഭാഷയിലും പതി എന്നപദം ദർ എന്ന അർത്ഥത്തിൽ ഉടമസ്ഥതയെ സൂചിപ്പിക്കുന്നു. ഉദാഹര ണമായി ദേശപതി, കുലപതി, ദളപതി തുടങ്ങിയവ. ബംഗാളി ഓമനപ്പേരായ ദലൂഇ എന്ന പദം ദള പതി എന്ന പദത്തിൽ നിന്നും വന്നതാണെന്ന് എല്ലാ വർക്കും അറിയാം. എല്ലാം വലുതും ചെറുതുമായ ഉട മസ്ഥ ാരുടെയെല്ലാം ഉയർന്ന ഉടമസ്ഥൻ പരമപുരു ഷൻ തന്നെ. അതുകൊണ്ട് അദ്ദേഹത്തിൽ അഭയം

തേടിയ ഒരു വ്യക്തി എന്തിനാണ് ആരെയെങ്കിലും ഭയപ്പെടുന്നത്?

പരമം പരസ്താദ് -ഓരോ പ്രവൃത്തിയുടേയും പുറകിൽ സ്ഥിരമായ രണ്ടു വസ്തുതകളുണ്ട്. സാക്ഷീഭൂതമായ പ്രതിരൂപവും സാക്ഷ്യപ്പെടുത്തുന്ന പ്രതിരൂപവും, സാക്ഷ്യപ്പെടുത്തുന്നതിനെ ദ്വിദീയ വിഭക്തിയിൽ അപര എന്ന് പറയുന്നു. ആരാണോ സാക്ഷിയാകുന്നത്. പ്രഥമവിഭക്തി സ്ഥിതിയിൽ അത് പര എന്നു പറയുന്നു. ഈ ഭൗതിക പ്രപഞ്ചവുമായി മനുഷ്യർ ബന്ധപ്പെട്ടുകിടക്കുന്നത് നാഢീകോശങ്ങളിലൂടെയാണ്. നാഢീകോശങ്ങൾ പര ആണെങ്കിൽ പുറംലോകം അപരയാണ്. എന്നാൽ നാഢീകോശങ്ങൾ അപരയുമാണ്. മാനസ്സ് അപരയാകുമ്പോൾ ആത്മാവ് പരയാകുന്നു. വ്യക്തിയുടെ ആത്മാവ് അപരയാകുമ്പോൾ പരമപുരുഷൻ പര, എല്ലാ പരയുടേയും ഉന്നതനായ പരയാണ് പരമപുരുഷൻ. അതിനാൽ പരമപുരുഷനിൽ അഭയം തേടിയവൻ എന്തിനാണ് മറ്റാരേയെങ്കിലും ഭയപ്പെടുന്നത്?

മനുഷ്യൻ ഒരേയൊരു സത്തയെ മാത്രം അറിയാനാഗ്രഹിച്ചാൽ അവർ ഒന്നുമാത്രം അറിയും. ഒന്നിനെ അറിയൂ എല്ലാറ്റിനേയും അറിയൂ. നിങ്ങൾ എല്ലാം അറിയാനാഗ്രഹിക്കുന്നുവെങ്കിൽ ഒന്നിനെ അറിയൂ. ആയി

രക്കണക്കിന് പുസ്തകങ്ങൾ വായിച്ചു പഠിക്കുന്നതിലൂടെ മനുഷ്യർ ഒരിക്കലും സ്വയം ഔന്നത്യം പ്രാപക്കുന്നില്ല. ആത്മജ്ഞാനത്തിലൂടെ മാത്രമേ ഒരാൾ ഔന്നത്യം പ്രാപിക്കൂ. അതാണിങ്ങനെ പറയുന്നത്.

വിദാമ് ദേവം ഭുവനേശമിഡ്യം. -ഒരാൾ പ്രഭുക്കളുടെയെല്ലാം പ്രഭുവിനെ അറിയാൻ ശ്രമിക്കണം. ഈ പ്രപഞ്ചകാരണത്തിന്റെ പ്രഥമവും പരമവുമായസത്തയെ അറിയണം. അതല്ലാതെ മറ്റൊരു സത്തയുമില്ല. അതറിഞ്ഞാൽ മറ്റെല്ലാമറിയും അദ്ദേഹമാണ് ഏറ്റവും അധികം ആരാധ്യനായസത്ത. ജനങ്ങൾ അദ്ദേഹത്തെ ആരാധിച്ചാൽ വിജയം ഉറപ്പാണ്. മറ്റൊരുവഴിയും ഇല്ല. നാന്യഃ പന്ഥാഃ വിദ്യതേ അയനായ.

കൽക്കത്ത: 11.11.1978

ഉള്ളടക്കം

## 22. ചരൈവേതി, ചരൈവേതി....

(മുന്നോട്ടു കുതിക്കുക, മുന്നോട്ടു കുതിക്കുക....)

ചലനാത്മകതയാണ് അഥവാ അതിവേഗതയാണ് ജീവിതം. എവിടെയാണോ വേഗതയില്ലാത്തത് എവിടെയാണോ സവിശേഷമായ ചലനശക്തി നഷ്ടപ്പെടു

ന്നത്, അവിടെ ജിവിതമില്ല. നിലനിൽപ്പുമില്ല. പരമപുരുഷൻ തന്റെ മനസ്സിന്റെ ചലനശക്തിയാൽ പ്രപഞ്ചസൃഷ്ടിയും, അതിന്റെ നിലനിൽപ്പും, (സ്ഥിതി) സംഹാരവും നിർവ്വഹിച്ചു വരുന്നു. അദ്ദേഹം നിശ്ചലതത്വമല്ല. എവിടേയും ഉറച്ചു നിൽക്കുന്നുമില്ല. ഓരോ മനുഷ്യന്റേയും ആന്തരികമായ ദ്രവ്യനിർമ്മിത കോശങ്ങളിൽ കൂടി ഈ ചലനം നടന്നു കൊണ്ടിരിക്കുന്നു. പ്രപഞ്ചത്തിലുള്ളതൊന്നും നിഷ്ക്രിയമല്ല. (നിശ്ചലമല്ല). ഭൂമി സൂര്യനെ പ്രദക്ഷിണം ചെയ്യുന്നു. അത് ചലിക്കപ്പെടണം. തീർച്ചയായും ചലിക്കണം. കാരണം ചലനമാണ് എല്ലാറ്റിന്റെയും അടിസ്ഥാനപരമായ സ്വഭാവം. പരമപുരുഷനെ സംബന്ധിച്ചേടത്തോളം ഇങ്ങനെ പറയാം. രസോ വൈസ : അതായത് പരമമായ സത്ത ചലിച്ചുകൊണ്ടിരിക്കുന്നു. ജഗദ്വിഷയമായ ഈ ചലനത്തിൽ എല്ലാം നടക്കുന്നു. അത് നിലനിർത്തുന്നു. ഇത് തുടർന്നുകൊണ്ടുപോകുന്നു. ആനന്ദമാർഗ്ഗതത്വസംഹിതയിൽ ഇങ്ങനെ പറയുന്നു. മനുഷ്യന്റെ നിലനിൽപ്പ് എന്നത് ആശയപരമായ ഒരൊഴുക്കാണ്. അതായത് മനുഷ്യന്റെ നിലനിൽപ്പിൽ പൂർണ്ണമായ ചലന ശക്തിയുണ്ട്. ആരാണോ നിശ്ചലമായിരിക്കുന്നത്, ആരാണോ നിഷ്ക്രിയരായിരിക്കുന്നത് അവർ ചലനാത്മകതയുടെ ആവേശത്തിന എതിരാവുന്നു. എന്നാൽ സത്യം ഇതാണ്. ചലനാത്മക

തയെ അതിജീവിക്കാൻ ആർക്കും സാധിക്കുകയില്ല. ആർക്കും സ്വന്തം നിലനിൽപ്പ് തുടർന്നുകൊണ്ടുപോവാനാവില്ല. ചലനശക്തിക്ക് വിരുദ്ധമായി സഞ്ചരിച്ചാൽ അതിനർത്ഥം മരിക്കുക എന്നതാണ്. ഒരാൾ എപ്പോഴും മുന്നോട്ടുകുതിക്കണം. രവീന്ദ്രനാഥ ടാഗോർ ഒരു കവിതയിൽ പറഞ്ഞിട്ടുണ്ട്.

‘‘പഥിക് ആമി പഥേഋ ബാസാ

ആമാർ ജെമൊൻ ജാഒയാ തെമ്നി ആസാ‘‘

(ഞാനൊരു സഞ്ചാരിയാണ്. ഈ പാതയാണെന്റെ വിശ്രമസ്ഥലം. എന്റെ വരവും പോക്കുമെല്ലാം ഇതുവഴിതന്നെ.)

ദ്രുതചലനത്തിന്റെ ആവേശം ഉൾക്കൊള്ളാത്തവരെ ചരിത്രത്തിന്റെ ചവറ്റുകൊട്ടയിൽ വലിച്ചെറിഞ്ഞത് കഴിഞ്ഞ കാലഘട്ടത്തിൽ നാം തിരിച്ചറിഞ്ഞു. ആരാണോ ചലനത്തിനെതിരെ നിശ്ചലനായിരിക്കുന്നത്, മുന്നോട്ടുകുതിക്കാനുള്ള കഴിവ് ആർക്കാണോ നഷ്ടമാകുന്നത്, ആരാണോ ചലനാത്മകതക്ക് പ്രതിബന്ധമാകുന്നത് അവർക്കും ഭാവിയിൽ ഇതുതന്നെ സംഭവിക്കും. ജ ഠ കൊണ്ട് ചിലർക്ക് മുന്നോട്ടു കുതിക്കാനാവില്ല. സസ്യങ്ങളും മൃഗങ്ങളും തന്നെ ഉദാഹരണങ്ങൾ. അവരെ ആരും വിമർശിക്കു

ന്നില്ല. എന്നാൽ അത്തരം കഴിവുണ്ടായിട്ടും അത് പ്രയോഗിക്കാൻ ശ്രമിക്കാത്തവർ ശിക്ഷിക്കപ്പെടണം. കാരണം അവർ സ്വയം ചലനരഹിതരും അറിഞ്ഞോ അറിയാതേയോ മറ്റുള്ളവരുടെ ചലനത്തിന വിഘാത മായി നിൽക്കുന്നവരുമാണ്.

സാമൂഹ്യവും സാമ്പത്തികവും ആയ അത്യാവശ്യ ങ്ങളിലും, ചില പ്രത്യേക അവസരങ്ങളിലും ചലനവേ ഗത വർദ്ധിക്കുന്നു. സാമൂഹ്യമായ ചലന വേഗത എപ്പോഴും ഏക രൂപമായി നിലനിൽക്കുകയില്ല. ഈ ലോകത്തിലൊരിക്കലും രണ്ടു വസ്തുക്കൾ ഏക രൂപ മാവുന്നില്ല. ഒരൽപ്പം കുറഞ്ഞോ കൂടിയോ വരും. വേഗത കുറയുമ്പോൾ സമൂഹം അഴുക്കുകളിലേക്ക് വലിച്ചെറിയപ്പെടുന്നു. ജീവിതം ജഢാവസ്ഥയെ പ്രാപി ക്കുന്നു. ആരാണോ യാതൊരു പ്രവൃത്തിയും ചെയ്യാതെ ഉറക്കം തൂങ്ങി സമയംകളയുന്നത്, ദിവ സവും തിന്നും വിശ്രമിച്ചും കഴിയുന്നത് അയാൾക്ക് ജീവിതം മുഷിപ്പനായി തോന്നുന്നു. വിരസതയെ പറ്റി അവർപരാതിപ്പെടുന്നു. എല്ലാ ദിവസവും ഈ വിര സത ആവർത്തിക്കുമ്പോൾ അലസത കൂടിവരുന്നു. ദിവസങ്ങളോളം ഒരേ ഭക്ഷണം കഴിക്കുന്നത് മുഷിപ്പ നായിതോന്നുന്നു. ജനങ്ങൾ മാറ്റം ആഗ്രഹിക്കുന്നു. ചില പ്രത്യേക സാഹചര്യങ്ങളിൽ ചലനാത്മകത കുറ

യുന്നതു കാരണം സമൂഹത്തിലെ ചപ്പുചവറുകൾ കുന്നു കൂടുന്നു. ചലനവേഗതയിൽ ഈ നിശ്ചല തയ്ക്ക് ശേഷം ഒരു ത്വരിതഗതി ഉണ്ടാവുന്നു. സാധാരണ വേഗത ഇത്തരം സാഹചര്യങ്ങളിൽ മതിയാവുകയില്ല. നിഷ്ക്രിയാവസ്ഥയിൽ കുമിഞ്ഞുകൂടിയ ചപ്പുചവറുകൾ മാറ്റപ്പെടുകയില്ല എന്നതാണ് കാരണം. ഇന്നത്തെ മനുഷ്യരാശി അത്തരം ഒരു സാഹചര്യത്തിലാണ്. ഇതിനെ അതിജീവിക്കാൻ സാമൂഹ്യചലനത്തിന്റെ വേഗതത്വരിതമാക്കേണ്ടിരിക്കുന്നു. വളരെ വലിയ ഒരു മാലിന്യകൂമ്പാത്തിൽ മുങ്ങിത്താഴുന്ന മനുഷ്യരാശിയെ രക്ഷിക്കാൻ മറ്റു വഴിയൊന്നുമില്ല. അത് സംഭവിക്കാൻ ഒരിക്കലും അനുവദിക്കരുത്. വേദകാലത്തുള്ള ഋഷിമാർ പറഞ്ഞുചരൈവതി ചരൈവേതി എന്ന്.

ആ കാലത്ത് രോഹിത് എന്നു പേരുള്ള ഒരു മഹാപണ്ഡിതൻ ഉണ്ടായിരുന്നു. അദ്ദേഹം അറിവിന്റെ സാഗരമായിരുന്നു. എന്നാൽ അദ്ദേഹം കായികമായ ജോലിചെയ്യാൻ മടിയനായിരുന്നു. അതുകൊണ്ട് ഒരു ജോലിയും ചെയ്തിരുന്നില്ല. ദിവസങ്ങളോളം ഇരുന്ന് വേദസൂക്തങ്ങൾ പഠിക്കുമായിരുന്നു. അദ്ദേഹം എടുത്തുപറയത്തക്ക ഏതെങ്കിലും നല്ല കാര്യങ്ങൾ ലോകത്തിന നൽകിയില്ല. തനിക്കോ സമൂഹത്തിനോ ഉപകാ

രപ്രദമായി ഒന്നും തന്നെ ചെയ്തില്ല. ഒരു ദിവസം അച്ഛൻ അവനെ ഒരു പാഠം പഠിപ്പിക്കാൻ തീരുമാനിച്ച് ഇങ്ങനെ പറഞ്ഞു. മകനേ ചുട്ടുപൊള്ളുന്ന വേനൽ ചൂടിനെ ധീരമായി നേരിട്ട്, കഠിനമായി ജോലിചെയ്യുന്നവന്റെ, വിയർപ്പ് മൂടിയ മുഖത്തിന ദിവ്യമായ ഒരു ഭംഗി പ്രതിഫലിക്കും. ദേവേന്ദ്രൻ പോലും അത്തരക്കാരെ കൂട്ടുകാരനായി സ്വാഗതമരുളും. കാരണം അയാളുടെ മുഖത്ത് ചലനശക്തിയുടെ സ്വഭാവവിശേഷങ്ങൾ വ്യക്തമായി പ്രതിഫലിക്കും. (ഇവിടെ ഇന്ദ്ര എന്നാൽ ശക്തി). അത്തരം വ്യക്തികൾ എല്ലാവരാലും ബഹുമാനിക്കപ്പെടും. ആരാധിക്കപ്പെടും. ഇക്കാര്യം നീ തീർച്ചയായും ഓർക്കണം. നീ ഇതുകൂടി ഓർത്തിരിക്കണം. മനുഷ്യരാശിയുടെ നിലനിൽപ്പിനാധാരമായ ഏറ്റവും വലിയ മുദ്രാവാക്യമാണ് ചരൈവേതി - ചരൈവേതി- മുന്നോട്ടുകുതിക്കുക, മുന്നോട്ടു കുതിക്കുക എന്നത്. ഇത് നിർത്തരുത്. അലസചിന്തയിൽ മുഴുകിയിരിക്കുന്ന ഒരു വ്യക്തിയുടെ ഭാഗ്യവും താഴോട്ടു വരുന്നു. പുരാതന സംസ്കൃതത്തിൽ ഭഗ എന്നാൽ ഭാഗ്യം. ഭാഗ്യവാനായ ഒരു വ്യക്തിയെ ഭഗ ധര എന്നു വിളിക്കുന്നു. പുരാതന പ്രകൃതത്തിൽ (3500 വർഷം മുമ്പ്) ഇത് ബഹധര എന്നാണ്. അതിൽ നിന്നുമാറി എന്ത് ബഹദർ ആധുനിക പഞ്ചാബിയിലും ബഹാദുര എന്ന് ഉറുദുവിലും,

ബാഹാദർ , എന്ന് ബംഗാളിയിലും വിളിച്ചു പോന്നു. അതിനാൽ ആരാണോ വീണുകിടക്കുന്നത് അതോടൊപ്പം ഭാഗ്യം താഴെ കിടക്കുന്നു. ചലനാത്മകതയുടെ ഗുണം നഷ്ടപ്പെട്ട അവർക്ക് ഒരു തരം സേവനവും വലിയതോതിൽ, ലോകത്തിന നൽകാനാവില്ല. ഏറ്റവും ഉന്നതമായ സ്വഭാവവിശേഷമായ പ്രാണധർമ്മം (ഊർജ്ജസ്വലത, പ്രാണശക്തി) അവരിൽകാണാൻ കഴിയുകയില്ല.

എന്നിരുന്നാലും ജനങ്ങൾ എപ്പോഴാണോ ഉണർന്നെഴുന്നേറ്റിരിക്കുന്നത് അപ്പോൾ അവർക്ക് സ്വയം ചില സേവനങ്ങൾ ചെയ്യുന്നതുപോലെ ഈ ലോകത്തിനും നല്ലകാര്യങ്ങൾ ചെയ്യാനാവും. അവർചിലതെല്ലാം ചെയ്യുമെന്നതിന ചുരുങ്ങിയ സാധ്യതകളെല്ലാമുണ്ട്. ഏതെങ്കിലും പ്രവർത്തികൾ ചെയ്യണമെന്ന് അവർ വിചാരിക്കുകയും കാലതാമസം കൂടാതെ അത് ആരംഭിക്കുകകയും ചെയ്യുമ്പോൾ അവരുടെ ഭാഗധേയവും മുന്നോട്ടു കുതിക്കുന്നു. അത്തരക്കാരെ പിൻതിരിപ്പിക്കാൻ ഒരു ശക്തിക്കും സാധ്യമല്ല. കാരണം അവർക്ക് പരമപുരുഷന്റെ പരമപ്രധാനമായ സ്വഭാവവിശേഷങ്ങൾ ആർജ്ജിക്കാൻകഴിഞ്ഞു എന്നുള്ളതാണ്. അതായത് ചലനക്ഷ

മത– അവർ തീർച്ചയായും പരമപുരുഷന്റെ അനുഗ്ര ഹവും പിന്തുണയും ആസ്വദിക്കും.

പരമപുരുഷൻ എപ്പോഴും നിങ്ങളോടൊപ്പമു ണ്ടെന്ന് ഞാനെന്റെ പല സന്ദേശങ്ങളിലും പറഞ്ഞുക ഴിഞ്ഞു. നിങ്ങൾ ആ അന്തർലീനമായ ഊർജ്ജസ്വലത സമാഹരിച്ചു കഴിഞ്ഞാൽ ഏതുകാര്യത്തിലും നിങ്ങൾ വിജയിയായിരിക്കും. ഞാനിതുപറയുന്നത് വളരെയ ധികം സന്തുഷ്ടനായിട്ടാണ്. നിങ്ങളുടെ ഊർജ്ജസ്വ ലത സമാഹരിച്ചുകഴിഞ്ഞാൽ ഏതു കാര്യത്തിലും നിങ്ങൾ വിജയിയായിരിക്കും. ഞാനിതു പറയുന്നത് വളരെയധികം സന്തുഷ്ടനായിട്ടാണ്. നിങ്ങളുടെ ഊർജ്ജസ്വലത നാൾക്കുനാൾ വർദ്ധിച്ചിരിക്കുമെന്ന തിൽ ഞാനതിലുമധികം സന്തോഷിക്കുന്നു.

ഞാൻ പറഞ്ഞതുപോലെ, മനുഷ്യൻ ചലനം ആരംഭിക്കുന്നതോടൊപ്പം അവരുടെ വിധിയും ഭാഗ്യവും ചലിക്കാൻ തുടങ്ങുന്നു. ഈയവസരത്തിൽ നിങ്ങൾ ഒരുകാര്യം ഓർക്കണം. മുന്നോട്ടുള്ള കുതിപ്പ് സ്വന്തം ക്ഷേമത്തിന മാത്രമാവരുത്. അത് സർവ്വ മനു ഷ്യരാശിയേയും ഏറ്റവും ഉന്നതവും പരമവുമായ സാക്ഷാത്കാരത്തിലേക്ക് ഉയർത്തുന്നതിനു കൂടിയാവ ണം. ഇന്ന് ആരും തനിച്ചല്ല. ചെറിയ രാജ്യങ്ങൾക്കു പോലും തനിച്ച് നിൽക്കാൻ കഴിയുകയില്ല. നാമെല്ലാം

ഒരുമയോടെ ചലിക്കണം ഭാവിയിൽ ഇതൊരു പാഠമായി മാറണം.

“കലൗ ശയാനോ ഭവതി സന്ദിഹാനസ്തു ദ്വാപരഃ

ഉത്തിഷ്ഠൻ ത്രേതാ ഭവതി ക്രതം സമ്പദ്യതേ ചരൺ

ചരൈവേതി ചരൈവേതി...........”

പുരാണ കഥാപരമായ ചിലയുഗങ്ങൾ ഉണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ? യുഗ എന്നപദം യുൻജ് അഥവാ യുജ് എന്ന രണ്ടു സംസ്കൃത ക്രിയാ രൂപങ്ങളിൽ നിന്നും ഉണ്ടായതാണ്. ഇവിടെ അത് യുജ് എന്ന ധാതുവിൽ നിന്നും വന്നതാണ്. അതിനർത്ഥം അവസ്ഥാന്തരപരമായ സമയം എന്നതാണ്. ചരിത്രത്തെ അപഗ്രഥിച്ചാൽ നമുക്കറിയാം ഒരു കാലഘട്ടം അവസാനിച്ചാൽ മറ്റൊന്ന് തുടങ്ങുമെന്ന്. വിപ്രകാലഘട്ടത്തെതുടർന്ന് ക്ഷത്രിയകാലഘട്ടം. ക്ഷത്രിയകാലഘട്ടശേഷം വീണ്ടും വിപ്രകാലം. പിന്നീട് വൈശ്യകാലം. അങ്ങനെപോകുന്നു. ഈ കാലഘട്ടങ്ങൾക്കിടക്കുള്ള ഇടവേളയാണ് യുഗം എന്ന പേരിൽ അറിയുന്നത്. ഗോൾഡൻ ഏയ്ജ്, സിൽവർ ഏയ്ജ്,

ബ്രോൺസ് ഏയ്ജ് അയേൺ ഏയ്ജ് തുടങ്ങിയവ യൊന്നും യഥാർത്ഥമല്ല.

രോഹിത്തിന്റെ അച്ഛൻ പറഞ്ഞു: നോക്കൂ മക നെ, മനുഷ്യൻ അധികഠിനമായ അജ്ഞതയുടെ അന്ധകാരത്തിൽ മയങ്ങികിടക്കുമ്പോൾ അയാൾ നിഷ്ക്രിയനാവുന്നു. അലസമായി ചിന്തിക്കുന്നു. എനി ക്കത് ചെയ്യാൻ കഴിയുമോ? ഇല്ല... ഇല്ല... അത് സാധ്യ മല്ല. അവർക്കൊരു ജോലിയും ചെയ്യാനാവില്ല. ഞാനാ പ്രവൃത്തിചെയ്യുമെന്ന് ചിന്തിച്ചാൽ തീർച്ചയായും ജോലി ചെയ്തിരിക്കും. മറ്റുള്ളവർക്ക് ചെയ്യാൻ കഴിയു മെങ്കിൽ എനിക്കും അത് കഴിയും. ഞാൻ ആരേ ക്കാളും മോശമല്ല. ഞാനും ആനന്ദകരമായ മനുഷ്യകു ടുംബത്തിൽ ജനിച്ചതാണ്. ഞാനും പരമപുരുഷന്റെ അനുഗ്രഹിക്കപ്പെട്ട സന്തതിയാണ്. ഒരിക്കൽ മനുഷ്യ ജ ം കിട്ടിയാൽ പിന്നെ അത് തുടർന്നുകൊണ്ടുപോക ണം. അവർ ആനന്ദ പ്രദമായ കർമ്മങ്ങൾചെയ്താൽ ആത്യന്തികമായി, പരമമായ സ്നേഹത്തിന്റെ ആദർശ ശാലിയായ പിന്തുടർച്ചക്കാരനായി (അനുയായി) മാറും. അവരുടെ ജീവിതത്തിൽ ആനന്ദകരമായ വിജ യങ്ങൾ ഉണ്ടാവും.

വിവേകശാലിയായ വ്യക്തി എപ്പോഴും ഈ രീതി യിൽ ചിന്തിക്കണം. ഒരു വ്യക്തി നിഷ്രിയനായി നില

കൊള്ളുന്ന അവസ്ഥയെ സംസകൃതത്തിൽ കലി കാല എന്നു പറയുന്നു. കാലികാല എന്നാൽ ഒരു കാലഘട്ടം. കാലൗ ശയനോ ഭവതി പ്രസ്തുത വ്യക്തി ഉറങ്ങുകയാണ്.

സന്ദിഹാനസ്തു ദ്വാപരഃ -മനുഷ്യർ ഉണരുമ്പോൾ, സമയം വളെര വേഗത്തിൽ ഓടുകയാണെന്നും ഇനിയും ധാരാളം ജോലികൾ ചെയ്യാനുണ്ടെന്നും അതിനാൽ ഒട്ടും ഉറങ്ങരുതെന്നും തിരിച്ചറിയുന്നു. ജോലി ചെയ്തു തീർക്കാൻ ആർക്കും അവസാനമില്ലാത്തത്രയും സമയം അനുവദിച്ചിട്ടില്ല. അങ്ങനെ വരുമ്പോൾ അവർ ഉണർന്ന് ജോലിചെയ്യാനുള്ള ഒരുക്കങ്ങൾ ചെയ്യുന്നു. എപ്പോഴാണോ ഉണരാനുള്ള ആശയം ലഭിക്കുന്നത്, അഥവാ മുന്നോട്ടുപോകാനുള്ള അവബോധം സംജാതമാകുന്നത് അപ്പോൾ അതിനെ ദ്വാപരയുഗം (രണ്ടാംഘട്ടം) എന്നുപറയുന്നു. ചലനത്തിനുള്ള ആവേശം ഈ ഘട്ടത്തിൽ ആരംഭിക്കുന്നു.

ഉത്തിഷ്ഠൻ ത്രേതാ ഭവതി -പുറമെ നിദ്രാലസ്യവുമായി ഒരാൾ ഉണരുമ്പോൾ അത് ത്രേതായുഗത്തിന്റെ ആരംഭമായി. ത്രേതായുഗം എന്ന മറ്റൊരു കാല ഗണന ഇല്ല. ഉത്തിഷ്ഠാൻ എന്നാൽ ആരാണോ ഉണരുന്നത്. അതായത് ഒരാൾ ഞാൻ എന്റെ ജോലി

ഈ നിമിഷം തന്നെ തുടങ്ങും എന്ന് മാനസികമായി ചിന്തിക്കുന്നു. എല്ലാ അർത്ഥത്തിലും ഞാൻ തയ്യാറാണ്. ഞാൻ ജോലി ചെയ്ത് മുന്നോട്ടുകുതിക്കാനാഗ്രഹിക്കുന്നു. രക്തവും മാംസവും അടങ്ങിയ ഈ ശരീരത്തിന്റെ ശക്തിയും സമയവും ഞാൻ ഇനിമുതൽ വെറുതെകളയില്ല.

ക്രതം സംപദ്യതേ ചരൺ –എപ്പോഴാണോ ആദ്യത്തെ കാൽ മുന്നോട്ടു വെക്കുന്നത് ആനിമിഷം അയാൾ സത്യയുഗത്തിൽ പ്രവേശിക്കുന്നു. അതിനാൽ അല്ലയോ രോഹിത് ചരൈവേതി, ചരൈ വേതി മുന്നോട്ടു തന്നെ കുതിക്കുക. ചലനം ശ്രദ്ധിക്കുക. അത് മനുഷ്യന്റെ നിലനിൽപ്പിന ഒഴിച്ചുകൂടാനാവത്തതാണ്. ഞാൻ നിമിഷങ്ങൾക്ക് മുമ്പ് പറഞ്ഞത് ആവർത്തിക്കുന്നു. നിങ്ങൾക്ക് മുമ്പ് പറഞ്ഞത് ആവർത്തിക്കുന്നു. നിങ്ങൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ചലനശക്തിയുടെ അവസ്ഥ കരഗതമായിട്ടുണ്ട്. തീർച്ചയായും നിങ്ങൾ ഈ നിമിഷം തന്നെ ജീവിതത്തെ സത്യയുഗത്തിലേക്ക് നയിക്കാൻ ഉദ്യമിക്കണം. അപ്രകാരം നിങ്ങൾ ജീവിതത്തിന്റെ ചലന വേഗത തീർച്ചയായും ത്വരിതപ്പെടുത്തണം.

കൽക്കത്ത. 12.11.1978

അവസാനം

--------------- x -------------

# അറിയിപ്പ

**ഹഠയോഗത്താൽ ശാരീരിക വികാസം സാധ്യമാകുന്നു. രാജയോഗത്തതാൽ ശാരീരികവും, മാനസികവും, ആത്മീയവുമായ വികാസം സാധ്യമാകുന്നു, എന്നാൽ ഒരാളിൽ ഭക്തിഭാവം ഉണർത്തുവാൻ അതന് കഴിയില്ല.**

**രാജാധിരാജയോഗ ത്താൽ ശാരീരിക, മാനസിക, ആത്മീയ വികാസം സാധ്യമാവുകയും, ഭക്തിഭാവം ഉണരുകയും ചെയ്യുന്നു. രാജാധിരാജയോഗ പരിശീലനംകോണ്ട് സാധകന് വിമുക്തി കരഗതമാകുന്നു.**

**ആനന്ദമാർഗ ആചാര്യർ പ്രതിഫലം പറ്റാതെ രാജാധിരാജയോഗം പഠിപ്പികുന്നു, ആർക്കും അത് പഠിക്കാവുന്നതും, വസതിയിൽവച്ച് പരിശീലിക്കാവുന്നതുമാണ്.**

# Contacts

## 1. Kozhikode:

**a. Sethumadhavan - 93875 22399**

**b. Raju K K - 98471 42574**

## 2. Thrissur:

**a. Babu Thayyil - 9495169061**

**b. Jyotish - 9446345715**

**3. Ernakulam:**

**a. Padmanabhan- 9847633331**

**b. Ramkumar - 9388604260**

## Address Central:

**Ananda Marga Pracaraka Samgha**

**VIP Nagar, Tiljala, Kolkata -100**

**Phone : 033 - 23451274**

## Address Local:

**1. Ananda Marga Ashram,**

**(Near Railway level crossing)**

**Nedupuzha, Thrissur, Kerala**

**Contact : 9388353604**

**2. Ananda Marga Ashram**

**Kottakurumba Temple Road**

**Ramanattukara; Kozhikode; Kerala**

**Contact: 7558028519; 9847734729**

**3.Ananda Marga Ashram (Lady managed)**

**Edakkadu, West Hill, Athanikkal,**

**Kozhikode, Kerala**

**Contact : 7004906626, 7559859532**

**4. Ananda Marga Ashram (Lady managed)**

**Shanti Vihar, Manuelson's Housing Colony**

**Pottore, Thrissur, Kerala**

**Contact : 8075607728, 9074064529**

**5. Ananda Marga School (Lady managed)**

**South Chitoor(PO) ; Kochi -27.**

**Near Krishna Temple.**

**Rail station: Ernakulam Town.**

**Contact: 9037388657, 7012059203**

**6. Ananada Marga Primary School**

**Muttathara, Manacaud P.O.**

**Thiruvanandthapuram**

**Near Vaduvoth Temple.**

**Contact: 7306806742, 9539034448**

**7. Ananda Marga Ashram**

**Chattambirswami Road**

**Poojappura, Thiruvananthapuram**

**Contact: 9620648627**

ഉള്ളടക്കം